VOL NO: 06 I ISSUE 50
www.nerpatham.com
mail@nerpatham.com
2022 DECEMBER 10 I ₹10

# നേർപഥം

വാരിക

## അപരവത്കരണത്തിന്റെ വഴിയടയാളങ്ങൾ

മറ്റിതര ജീവികളിൽനിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് സാമൂഹികബോധം. നിരാശ്രയത്വം എന്നത് ദൈനംദിന ജീവിതത്തിൽ പോലും അവന് ചിന്തിക്കാൻ സാധിക്കില്ല. സംഘടിതജീവിതത്തിൽ വ്യക്തിയുടെ ഗുണദോഷങ്ങൾ മറ്റുള്ളവരെ കൂടി ബാധിക്കുമെന്നത് നിസ്തർക്കമാണ്. എങ്ങനെ തന്റെ ചുറ്റിലുമുള്ളവർക്ക് മാതൃകയാവുന്ന രീതിയിൽ സംഘടനാജീവിതം നയിക്കാം?



# സംഘടന സംഘാടനം സംഘാടകൻ

|| ദഅ്‌വത്തും കൂട്ടായ്മയും
|| 'കർണാടകയുടേത് ബാലാവകാശ വിദ്യാഭ്യാസ നിഷേധം
|| ക്വുർആനിന്റെ ചരിത്രപരതയും സുഹൈറിന്റെ മണൽക്കല്ലിലെ ലിഖിതവും




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm

0307
നേർപഥം
വാരിക
2022 ഡിസംബർ 10
1444 ജുമാദുൽ ഊല 15
പുസ്തകം 06 / ലക്കം 50




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി
10



സംഘടന
സംഘാടനം
സംഘാടകൻ
നബീൽ പയ്യോളി

05
മുഖമൊഴി
അപരവത്കരണത്തിന്റെ
വഴിയടയാളങ്ങൾ

06
ആരോഗ്യപഥം
കൗമാര കുറ്റവാസനയുടെ
കാരണഘടകങ്ങൾ
ഡോ. മുനവ്വർ

08
ലേഖനം
ക്വുർആനിന്റെ ചരിത്രപരതയും
സുഹൈറിന്റെ
മണൽക്കല്ലിലെ ലിഖിതവും
അജ്മൽ ഫൗസാൻ

18
ലേഖനം
ദഅ്‌വത്തും കൂട്ടായ്മയും
ശമീർ മദീനി

25
ചരിത്രപഥം
ഒരു മാറ്റത്തിന്റെ കഥ
മുഹമ്മദ് അജ്മൽ അൽഹികമി
മുണ്ടക്കയം

26
ലേഖനം
കർണാടകയുടേത്
ബാലാവകാശ വിദ്യാഭ്യാസ നിഷേധം
സുഫ്‌യാൻ അബ്ദുസ്സലാം

32
ക്വുർആൻ ദർശനം
അസ്സുഖ്‌റുഫ്
അബ്ദുർറഹ്‌മാനുബ്‌നു
നാസിറുസ്സഅ്ദി

34
ബാലപഥം
മുൻവിധിയരുത്
ഉസ്മാൻ പാലക്കാഴി

# ചാനലുകളുടെ 'അന്തിച്ചോറ്!'

ഏതെങ്കിലും പത്രത്തിന്റെ ചരമകോളത്തിൽ ഇന്നേവരെ നാമാരും വിനോദവാർത്തകൾ കണ്ടിട്ടില്ല. സ്പോർട്സ് പേജിൽ എഡിറ്റോറിയലും കണ്ടിട്ടില്ല. ഇത് എന്തുകൊണ്ട്? കളിയെയും കാര്യത്തെയും വേർതിരിക്കുന്ന ഈ ബോധത്തെ നമുക്ക് 'കോമൺ സെൻസ്' എന്നു വിളിക്കാം. 'വകതിരിവ്' എന്ന് മാതൃഭാഷ. നമ്മുടെ നാട്ടിലെ ചില ചാനലുകളിൽ 'രാത്രി ഭക്ഷണം' വിളമ്പുന്ന ചില 'ഷെഫു'കൾക്കും അതിഥികളായെത്തുന്ന ചില കസ്റ്റമേഴ്സിനും മേൽപറഞ്ഞ കാര്യം അഥവാ 'വകതിരിവ്' കുറഞ്ഞു വരുന്നതായി തോന്നിയിട്ടുണ്ട്. ചിലപ്പോൾ എന്റെ തോന്നൽ മാത്രമാവാം.

ഇരുപത്തിനാല് മണിക്കൂറും (ബാറ്ററി കൈമാറി) വായ തുറന്നിരിക്കാൻ വിധിക്കപ്പെട്ടവരാണല്ലോ ചാനലുകളിലുള്ളവർ. അവർക്ക് എന്തെങ്കിലും വിഷയം വേണം. അതിന് മറ്റുള്ളവരുടെ വായിലേക്കുതന്നെ ശ്രദ്ധിക്കണം. വിവാദമാക്കാൻ സാധ്യതയുള്ള എന്തെങ്കിലും ആരെങ്കിലും പറഞ്ഞാൽ ഉടൻ അതിനെ ചവിട്ടിക്കുഴച്ചും നീട്ടിപ്പരത്തിയും 'അന്തിച്ചോറ്' വിളമ്പുന്ന മേശയിലേക്ക് എത്തിക്കണം. മുസ്‌ലിം സംഘടന നേതാക്കൾ, പ്രഭാഷകർ എന്നിവരുടെ വാക്കുകളിലെ പതിരുകൾക്കാണ് ഇവർ വല്ലാതെ പ്രാധാന്യം കൊടുത്തു കാണുന്നത്.

ഇത് ഇപ്പോൾ പറയാൻ ഒരു കാരണമുണ്ട്. ചിലർക്ക് 'കളിഭ്രാന്ത്' പിടിച്ച സമയമാണിത്. മതവിശ്വാസികളോട് ഏതു കാര്യത്തിലും പരിധികൾ പാലിക്കണമെന്ന് മത നേതാക്കൾ പറയാറുണ്ട്. 'കളിഭ്രാന്ത്' വല്ലാതെ മൂത്തത് കണ്ടപ്പോൾ കളിയുടെ വിഷയത്തിലും മതപരിധികൾ പാലിക്കണമെന്ന് സമുദായത്തെ ഉപദേശിച്ചു. ചില ചാനൽ 'പാചകക്കാർ' അതിനെയങ്ങ് ഏറ്റെടുത്തു. വിവാദമാക്കി കത്തിച്ചു നിർത്താൻ വല്ലാതെ പാടുപെട്ടു. മതവിശ്വാസികളെ മതത്തിനെതിരെയും നേതൃത്വത്തിനെതിരെയും തിരിച്ചുവിടുക എന്ന ലിബറൽ അജണ്ട, ഉപ്പുപോലെ എല്ലാ വിഭവത്തിലും ചില ചാനൽ അവതാരകർ സമം ചേർത്താണ് എല്ലാ അന്തിക്കും വിഭവം ഒരുക്കാറുള്ളത്.

കളിയും വിനോദവും മതത്തിനെതിരല്ല. ആരാധനയിൽ പോലും അതിരുവിടരുതെന്നതാണ് മതം അനുശാസിക്കുന്നത്. അപ്പോൾ കളിയിൽ അതിരുവിടുന്നതിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇക്കാര്യം ജനങ്ങളെ ഉദ്ബോധിപ്പിക്കുന്ന മതനേതാക്കൾ വിനോദങ്ങളിൽ അതിരുവിടരുതെന്ന് പറയുന്നതിൽ എന്താണ് തെറ്റ്? അത് പറയേണ്ടതാണ്. ഇനിയും പറയണം. പറയുന്ന ശൈലി യുക്തിപരമാവണം എന്നതല്ലാതെ മത നേതാക്കൾ ഇത്തരം വിഷയത്തിൽ മിണ്ടരുത്, സമൂഹം എന്തും ചെയ്യട്ടെ എന്ന തിട്ടൂരമിറക്കാൻ ആർക്കാണ് അവകാശമുള്ളത്?

ഫുട്ബോളിന്റെ വിഷയത്തിൽ നമ്മുടെ നാട്ടിൽ ചിലർ അതിരുവിടുന്നുണ്ട് എന്നത് ആർക്കാണ് നിഷേധിക്കാനാവുക? കളിയാവേശം മൂത്ത ഫാൻസുകാർ നമ്മുടെ നാട്ടിൽ പോലീസിനെ ആക്രമിച്ചത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഏത് ആർട്ടിക്കിളിലാണ് വരവുവെക്കേണ്ടത് എന്ന് ഇത്തരക്കാർ വ്യക്തമാക്കണം. ബെൽജിയം മൊറോക്കയോട് തോറ്റപ്പോൾ എന്താണ് ബെൽജിയത്തിൽ നടന്നത്? അത് ഈ ചാനലുകാർ തന്നെ കാണിച്ചുതന്നല്ലോ. അതിനെയും ഫുട്ബോൾ സ്പിരിറ്റായി കാണണമെന്നാണോ?

പതിനായിരങ്ങൾ മുടക്കി പരസ്പരം മത്സരിച്ച് മാനംമുട്ടെ ഫ്ളക്സ് കട്ടൗട്ടുകൾ ഉയർത്തിയാലേ കളിക്ക് ഹരം കൂടൂ എന്ന ചിന്തക്ക് മതപരമായി നോക്കുമ്പോൾ ചില അക്ഷരത്തെറ്റുകൾ ഉണ്ട്. ഇക്കാര്യം മാന്യമായി സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതാണ്. അതിനെ വലിയ അപരാധമായി കണ്ട് മണിക്കൂറുകൾ നീണ്ട ചർച്ച നടത്തുന്നത് വിഷയദാരിദ്ര്യം ബാധിച്ചതിനാൽ തന്നെയാണ്. മത വിഷയമായാൽ റീച്ച് കൂടും എന്ന സൃഗാല ബുദ്ധിയും ഇതിനുപിന്നിലുണ്ട്. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്ന് കൗതുകം' എന്നേ പറയാനുള്ളൂ.

**-അബ്ദുൽ മാലിക് സലഫി**

# അപരവത്കരണത്തിന്റെ വഴിയടയാളങ്ങൾ

“മണിപ്പാൽ യൂണിവേഴ്സിറ്റിയിൽനിന്നുള്ള വൈറലായ ആ വീഡിയോ കാണുകയായിരുന്നു. അധ്യാപകൻ ഒരു മുസ്‌ലിം വിദ്യാർഥിയെ തീവ്രവാദി എന്ന് വിളിക്കുന്നു. മുംബൈ തീവ്രവാദ ആക്രമണത്തിൽ പ്രതിയായി തൂക്കിലേറ്റപ്പെട്ട കസബിന്റെ പേരാണ് അയാൾ ആ വിദ്യാർഥിയെ വിളിക്കുന്നത്.

പലപ്പോഴും ഇത്തരം വിളികൾ കേൾക്കുന്നവരുണ്ടാകും. പാക്കിസ്ഥാനി, ഇമ്രാൻകുഞ്ഞ്, കസബിന്റെ മക്കൾ, അങ്ങനെ പലതും. പ്രതികരിക്കുന്നവരും പ്രതികരിക്കാത്തവരുമുണ്ടാകും. കേട്ട് കേട്ട് തഴകിയതിനാൽ തലതാഴ്ത്തി ഇരിക്കുന്നവരും ഉണ്ടാകും. പക്ഷേ, ആ വിദ്യാർഥി പ്രതികരിച്ചു. പ്രതികരിച്ചു എന്നത് മാത്രമല്ല, അവൻ അധ്യാപകനോട് ചോദിച്ച ചില ചോദ്യങ്ങൾക്ക് വല്ലാത്ത ക്ലാരിറ്റിയുണ്ടായിരുന്നു. അഗ്നിജ്വാലകൾ കണക്കെ അത് അയാളുടെ മുഖത്തേക്ക് ആളിപ്പടരുന്നതുപോലെ തോന്നി.

വിദ്യാർഥി പ്രതികരിച്ചപ്പോൾ ‘സോറി, ഞാൻ തമാശക്ക് പറഞ്ഞതാണ്’ എന്ന് അധ്യാപകൻ. ‘നോ... ഇത് തമാശയല്ല. തീവ്രവാദി എന്ന് വിളിക്കുന്നത് ഒരു തമാശയല്ല.’ പിന്നീട് അവൻ പറഞ്ഞ വാചകം വളരെ കൃത്യമാണ്: ‘being a Muslim in this country and facing all of this every day is not funny’.

അധ്യാപകൻ ക്ഷമ ചോദിക്കുന്നു. You are just like my son എന്ന് അയാൾ പറയുന്നു. അപ്പോൾ അവൻ തിരിച്ചു ചോദിക്കുന്നു: നിങ്ങളുടെ മകനോട് നിങ്ങൾ ഇത് പോലെ സംസാരിക്കുമോ? Will you call him by the name of a terrorist?’

ആ ചോദ്യത്തിൽ അയാൾ വിളറി വെളുത്തിട്ടുണ്ടാകണം. വീണ്ടും സോറി പറയുന്നു. അപ്പോൾ അവൻ പറഞ്ഞ ആ വാചകമാണ് ആ സംഭാഷണ ശകലങ്ങളിലെ ഏറ്റവും വലിയ ഹൈലൈറ്റ്: ‘Sorry does not change how you think or how you portray yourself here’

ആ പരാമർശത്തിന്റെ ശക്തി തിരിച്ചറിയാൻ മാത്രം അയാളുടെ തലക്കകത്ത് എന്തെങ്കിലും ഉണ്ട് എന്ന് വിശ്വസിക്കാൻ വയ്യ. അത്തരമൊരു പ്രതീക്ഷയുമില്ല. എന്നാൽ ഈ രാജ്യത്ത് ബോധപൂർവം വളർത്തിക്കൊണ്ട് വരുന്ന അപരവത്കരണത്തിന്റെയും വിദ്വേഷത്തിന്റെയും പ്രതീകത്തോട് ഉജ്വലമായി പ്രതികരിച്ച ആ വിദ്യാർഥിയിൽ പ്രതീക്ഷയുണ്ട്; ഈ തലമുറയിലും.”

മണിപ്പാൽ യൂണിവേഴ്സിറ്റിയിൽനിന്നുള്ള വൈറലായ ആ വീഡിയോ വായനക്കാരിൽ അധികപേരും കണ്ടിട്ടുണ്ടാകും. അത് കണ്ട ആരോ എഴുതി സോഷ്യൽ മീഡിയ വഴി പുറത്തുവിട്ട കുറിപ്പാണ് മുകളിൽ കൊടുത്തത്.

ഇത് ഭയപ്പെടുത്തുന്ന ഒരു യാഥാർഥ്യമാണ്. വിഭജനാനന്തര ഇന്ത്യയുടെ ആരംഭത്തിൽ കണ്ടുതുടങ്ങിയ ഈ മുസ്‌ലിം അപരവത്കരണ ശ്രമം ഇന്ന് പടർന്നു പന്തലിച്ചിട്ടുണ്ട്. മുസ്‌ലിമിന്റെ പേരും മതവും സംസ്കാരവും രാജ്യത്തെയും പൊതുസമൂഹത്തെയും സംബന്ധിച്ച് സംശയാസ്പദവും ഭീതിയുണർത്തുന്നതുമായ കാര്യങ്ങളാണ് എന്നു ചിന്തിക്കുവാൻ ഇന്ത്യയിലെ പൊതുസമൂഹത്തെ പാകപ്പെടുത്തിയെടുക്കുവാനുള്ള കഠിന ശ്രമത്തിലാണ് തീവ്ര ഹിന്ദുത്വവാദികൾ. സമൂഹത്തിൽ ‘ഇസ്‌ലാം ഭീതി’ വിതച്ച് വർത്തമാനകാല സാധ്യതകളെ രാഷ്ട്രീയമായി ഉപയോഗിക്കാനുള്ള നിരന്തരാന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ വക്താക്കൾ. ഇന്നല്ലെങ്കിൽ നാളെ പരിപൂർണമായ ഒരു അബോധ സമൂഹത്തിന്റെ രൂപീകരണം ഇക്കാര്യത്തിൽ സംഭവിക്കാനിടയുണ്ടെന്ന് അവർ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. സ്വന്തം പേരുപോലും മറച്ചുവയ്ക്കേണ്ട ഗതികേടിലേക്ക് മുസ്‌ലിംകൾ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു എന്നത് മതനിരപേക്ഷ ഇന്ത്യയിലാണെന്നത് ഓർക്കുക!

**കുടുംബബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ട കുടുംബങ്ങളിലാണ് കൗമാര കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് എന്നാണ് കൗമാര കുറ്റവാസന സംബന്ധിച്ച പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഒരു കുട്ടിയുടെ വ്യക്തിത്വവികാസം രക്ഷാകർത്താക്കളുടെ പെരുമാറ്റത്തെയും സ്വഭാവത്തെയും ആശ്രയിച്ചാണിരിക്കുന്നത്. രക്ഷാകർത്താക്കൾ സ്ഥിരമായി കള്ളം പറയുകയും മറ്റുള്ളവരെ പറ്റിക്കുകയും ആത്മവഞ്ചന നടത്തുകയും മറ്റു വ്യവഹാര അപസാമാന്യതകൾ പ്രകടിപ്പിക്കുകയും ചെയ്താൽ അത്തരം കുടുംബങ്ങളിൽ സാമൂഹികനീതിയും ധാർമികതയും അനുസരിച്ചു ജീവിക്കുന്ന വ്യക്തികളെ വാർത്തെടുക്കുക സാധ്യമല്ല.**



# കൗമാര കുറ്റവാസനയുടെ കാരണഘടകങ്ങൾ

ഡോ. മുനവ്വർ

ഒളിച്ചോട്ടം, മോഷണം, കൗമാര കുറ്റവാസന എന്നിവയുടെ കാരണങ്ങളെ വിശാലമായ അടിസ്ഥാനത്തിൽ നാലായി തരംതിരിക്കവുന്നതാണ്:

1. കുടുംബ ഘടകങ്ങൾ.
2. സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ.
3. വ്യക്തിത്വ ഘടകങ്ങൾ.
4. സാമ്പത്തിക ഘടകങ്ങൾ.

**1. കുടുംബ ഘടകങ്ങൾ:**

കുടുംബബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ട കുടുംബങ്ങളിലാണ് കൗമാര കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് എന്നാണ് കൗമാര കുറ്റവാസന സംബന്ധിച്ച പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഒരു കുട്ടിയുടെ വ്യക്തിത്വവികാസം രക്ഷാകർത്താക്കളുടെ പെരുമാറ്റത്തെയും സ്വഭാവത്തെയും ആശ്രയിച്ചാണിരിക്കുന്നത്. രക്ഷാകർത്താക്കൾ സ്ഥിരമായി കള്ളം പറയുകയും മറ്റുള്ളവരെ പറ്റിക്കുകയും ആത്മവഞ്ചന നടത്തുകയും മറ്റു വ്യവഹാര അപസാമാന്യതകൾ പ്രകടിപ്പിക്കുകയും ചെയ്താൽ അത്തരം കുടുംബങ്ങളിൽ സാമൂഹികനീതിയും ധാർമികതയും അനുസരിച്ചു ജീവിക്കുന്ന വ്യക്തികളെ വാർത്തെടുക്കുക സാധ്യമല്ല.

**2. സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ:**

കുടുംബം കഴിഞ്ഞാൽ കുട്ടികളുടെയും കൗമാരക്കാരുടെയും ജീവിതത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന സ്ഥാപനം വിദ്യാലയമാണ്. ഒരു കുട്ടിയുടെ വ്യക്തിത്വം വാർത്തെടുക്കുന്നതിൽ സ്കൂളിലെ ചുറ്റുപാടുകൾക്ക് നിർണായക പങ്കാണ് വഹിക്കുവാനുള്ളത്. മറ്റുള്ളവരുമായിട്ടുള്ള വ്യവഹാരഫലമായിട്ടാണ് കുട്ടികൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നത്. കൗമാരക്കാരുടെ വ്യക്തിത്വത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് കൂട്ടുകാരുടെ സ്വഭാവമാണ്. 'ഒരാൾ അവന്റെ കൂട്ടുകാരന്റെ ആദർശത്തിലായിരിക്കും; അതിനാൽ ആരുമായി കൂട്ടുകൂടുന്നു എന്നു നോക്കട്ടെ' എന്ന പ്രവാചകവചനം ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ മിക്കപ്പോഴുംപ്രത്യേക കൂട്ടുകെട്ടിൽ (gangs) അകപ്പെട്ടിട്ടുള്ളവരാണെന്നുള്ള വസ്തു പ്രത്യേകം ഓർക്കേണ്ടതാണ്.

കൗമാര കുറ്റകൃത്യങ്ങൾ പെരുകുന്നതിനുള്ള ഒരു പ്രധാന കാരണം സിനിമയാണെന്ന പരക്കെയുള്ള ധാരണ കഴമ്പില്ലാത്തതല്ല. പ്രേമരംഗങ്ങളും സാഹസികതകളും ചിത്രീകരിക്കുമ്പോൾ കുറ്റകൃത്യങ്ങളുടെയും ആക്രമണത്തന്റെയും പുതിയ മാതൃകകൾ ആവിഷ്കരിക്കാറുണ്ട്. കൗമാരക്കാരുടെ മനസ്സിൽ ഇവ ശക്തമായ സ്വാധീനം ചെലുത്തും എന്നതിൽ സംശയമില്ല. ഇതിനുള്ള എത്രയോ ഉദാഹരണങ്ങൾ നമ്മുടെ നാട്ടിൽ നമ്മുടെ നാട്ടിൽനടന്നതായിത്തന്നെ ചൂണ്ടിക്കാണിക്കാനുണ്ട്.

**3. വ്യക്തിത്വ ഘടകങ്ങൾ**

വൈകാരിക അസ്ഥിരതയാണ് കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള ഒരു പ്രധാന കാരണം. സ്നേഹത്തിന്റെ അഭാവം, വൈകാരിക സുരക്ഷിതത്വമില്ലായ്മ, കർശനമായ അച്ചടക്കം, ഇല്ലായ്മകൾ മൂലമുണ്ടാകുന്ന അസംതൃപ്തി, അപകർഷത, അവഗണന, ഒറ്റപ്പെടൽ, അധികാരികളെ എതിർക്കാനുള്ള പ്രവണത എന്നിവയൊക്കെ ഒരു കുട്ടിയുടെ വ്യക്തിത്വത്തെ സ്വാധീനിക്കും. ഇത്തരം

സാഹചര്യത്തിൽ വളർന്നുവരുന്ന കുട്ടികളുടെ മാനസികാവസ്ഥ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരകമായിട്ടുള്ളതായിരിക്കും. മസ്തിഷ്കതകരാറുള്ളവരും മാനസിക വിമന്ദനം ബാധിച്ചവരും കുറ്റകൃത്യങ്ങൾ ധാരാളം ചെയ്യാറുള്ളതായി പഠനങ്ങൾ സൂചിപ്പക്കുന്നുണ്ട്. മസ്തിഷ്കത്തകരാറ് കേന്ദ്ര നാഡീവ്യൂഹത്തിന്റെ തടഞ്ഞുനിറുത്തൽ നിയന്ത്രണ സംവിധാനത്തെ ബലഹീനമാക്കും. ഇത് ഒരുതരം അസ്വാസ്ഥ്യത്തിനും അക്രമവ്യവഹാരത്തിനും കാരണമാകും.

**4. സാമ്പത്തിക ഘടകങ്ങൾ**

ദാരിദ്ര്യവും കുറ്റകൃത്യങ്ങളും തമ്മിൽ അഭേദ്യബന്ധമുള്ളതായി ധാരാളം ഗവേഷണപഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതായത്, പല കുറ്റകൃത്യങ്ങൾക്കും അഭിപ്രേരണ ദാരിദ്ര്യമാണ്. ദരിദ്ര കുടുംബത്തിലെ കുട്ടികൾക്ക് മാതാപിതാക്കളെ സാമ്പത്തികമായി സഹായിക്കാനായി വിദ്യാഭ്യാസം ഉപേക്ഷിച്ച് ഹോട്ടലുകളിലും ചായക്കടയിലും മറ്റും ജോലിക്ക് പോകേണ്ടതായിവരുന്നു. ഇവിടങ്ങളിൽ ഇവരെ പ്രലോഭിപ്പിച്ച് പലതരം കുറ്റകൃത്യങ്ങൾ ചെയ്യിപ്പിക്കാറുണ്ട്. ഹോട്ടലുകളിൽ ജോലി ചെയ്യുന്ന പെൺകുട്ടികൾ വളരെവേഗം കുറ്റകൃത്യങ്ങളിൽ വഴുതിവീഴാറുണ്ട്. തുച്ഛമായ വേതനവും വൃത്തിഹീനമായ ജീവിതാന്തരീക്ഷവും വിശ്രമമില്ലാത്ത ജോലിയുമാണ് ഇവരെ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബത്തിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ ആഗ്രഹങ്ങൾ ഒരിക്കലും പൂർത്തീകരിക്കാൻ കഴിയാതെവരുന്നതിനാൽ അവയുടെ പൂർത്തീകരണത്തിനായി അവർ തെറ്റായ മാർഗങ്ങൾ തെരഞ്ഞെടുക്കും. എന്നാൽ, ദാരിദ്ര്യമാണ് കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതെന്നു പൂർണമായും പറയുക സാധ്യമല്ല. പല സമ്പന്ന കുടുംബങ്ങളിലെയും കുട്ടികൾ കുറ്റകൃത്യങ്ങൾ ധാരാളമായി ചെയ്യാറുള്ളപ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ ധാരാളം കുട്ടികൾ നല്ലവരായി വളർന്നുവരുന്നുണ്ട്.

കുറ്റകൃത്യങ്ങൾക്ക് പ്രേരകമായി നിരവധി ഘടകങ്ങൾ ഉള്ളതായി നാം മനസ്സിലാക്കിക്കഴിഞ്ഞു. സാമൂഹിക ചുറ്റുപാടുകളുമായി പ്രതികരിക്കുമ്പോൾ സാമൂഹിക അംഗീകാരമുള്ള മാർഗങ്ങളും ചിട്ടവട്ടങ്ങളും അനുസരിക്കുകയാണെങ്കിൽ അയാൾക്ക് ആരോഗ്യകരമായ വ്യക്തിത്വമുണ്ട് എന്നു പറയാവുന്നതാണ്. മറിച്ച്, ഒരു വ്യക്തി തന്റെ വ്യവഹാരത്തിൽ സാമൂഹികവിരുദ്ധ മാർഗങ്ങൾ അവലംബിക്കുകയും സാമൂഹിക ചട്ടവട്ടങ്ങൾ ലംഘിക്കുകയും ചെയ്യുകയാണെങ്കിൽ അയാളെ ഒരു ക്രിമിനൽ അഥവാ കുറ്റവാളി എന്നു പറയാവുന്നതാണ്. അതായത് ഒരു വ്യക്തി പല കാരണങ്ങൾകൊണ്ടും കുറ്റവാളിയായി മാറാവുന്നതാണ്; സാമൂഹികം, വ്യക്തിപരം, കുടുംബപരം, മാനസികം, സാമ്പത്തികം എന്നിവയൊക്കെ ഇതിൽ ഉൾപ്പെടും. ഒരു കൗമാര കുറ്റവാളിയെ നല്ലവനാക്കിമാറ്റി പുനരധിവസിപ്പിക്കുന്നതിന് ഈവക കാരണങ്ങളൊക്കെ പരിശോധിച്ചു വ്യക്തമായ കാരണം കണ്ടെത്തി അതു പരിഹരിക്കേണ്ടതുണ്ട്.

കൗമാര കുറ്റവാളികളെ നിയന്ത്രിച്ചു പുനരധിവസിപ്പിക്കുന്നതിനു സ്വീകരിക്കാറുള്ള സമീപനങ്ങൾ താഴെ വിവരിക്കുന്നു:

**1. പരീക്ഷണ കാലഘട്ടം**


പ്രത്യേകം പരിശീലനം കിട്ടിയിട്ടുള്ള ഒരു വ്യക്തിയുടെ മേൽനോട്ടത്തിലും സംരക്ഷണയിലും കൗമാര കുറ്റവാളികളെ കുറെ കാലം പഠിപ്പിക്കുക എന്നതാണ് ഇതുകൊണ്ടു ലക്ഷ്യമാക്കുന്നത്. കൗമാര കുറ്റവാളികളെ വേണ്ടവണ്ണം സംരക്ഷിച്ചു സാമൂഹികജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ പരിശ്രമിക്കുകയാണ് സംരക്ഷണ ചുമതലയുള്ള വ്യക്തിയുടെ ഉത്തരവാദിത്തം. ഇത്തരം സംവിധാനത്തിൽ കുറ്റവാളികൾക്ക് തങ്ങളുടെ കുറ്റകൃത്യങ്ങൾ തിരുത്തി വ്യക്തിത്വം പുനരാവിഷ്കരിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

**2. ദുർഗുണ പരിഹാരസ്ഥാപനങ്ങൾ**

ദുർഗുണ പരിഹാര പാഠശാലകൾ, മറ്റു അംഗീകൃത സ്ഥാപനങ്ങൾ എന്നിവ കുറ്റവാളികളായ കൗമാരക്കാരെ നല്ലവരാക്കി മാറ്റി സാമൂഹികജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനു വേണ്ടി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളവയാണ്. ഇത്തരം സ്ഥാപനങ്ങളിൽ ഇവർക്കായി പ്രത്യേകതരം പാഠ്യപദ്ധതികളും തൊഴിൽ പരിശീലന സൗകര്യങ്ങളും ഏർപെടുത്തിയിരിക്കും. കൗമാര കുറ്റവാളികളുടെ മൊത്തത്തിലുള്ള കഴിവുകളുടെ വികാസമാണ് ഇത്തരം സ്ഥാപനങ്ങൾ ലക്ഷ്യമാക്കുന്നത്.

**സാമൂഹിക ചുറ്റുപാടുകളുമായി പ്രതികരിക്കുമ്പോൾ സാമൂഹിക അംഗീകാരമുള്ള മാർഗങ്ങളും ചിട്ടവട്ടങ്ങളും അനുസരിക്കുകയാണെങ്കിൽ അയാൾക്ക് ആരോഗ്യകരമായ വ്യക്തിത്വമുണ്ട് എന്നു പറയാവുന്നതാണ്. മറിച്ച്, ഒരു വ്യക്തി തന്റെ വ്യവഹാരത്തിൽ സാമൂഹികവിരുദ്ധ മാർഗങ്ങൾ അവലംബിക്കുകയും സാമൂഹിക ചിട്ടവട്ടങ്ങൾ ലംഘിക്കുകയും ചെയ്യുകയാണെങ്കിൽ അയാളെ ഒരു ക്രിമിനൽ അഥവാ കുറ്റവാളി എന്നു പറയാവുന്നതാണ്. അതായത് ഒരു വ്യക്തി പല കാരണങ്ങൾകൊണ്ടും കുറ്റവാളിയായി മാറാവുന്നതാണ്; സാമൂഹികം, വ്യക്തിപരം, കുടുംബപരം, മാനസികം, സാമ്പത്തികം എന്നിവയൊക്കെ ഇതിൽ ഉൾപ്പെടും. ഒരു കൗമാര കുറ്റവാളിയെ നല്ലവനാക്കിമാറ്റി പുനരധിവസിപ്പിക്കുന്നതിന് ഈവക കാരണങ്ങളൊക്കെ പരിശോധിച്ചു വ്യക്തമായ കാരണം കണ്ടെത്തി അതു പരിഹരിക്കേണ്ടതുണ്ട്.**

ലേഖനം



# ക്വുർആനിന്റെ ചരിത്രപരതയും സുഹൈറിന്റെ മണൽക്കല്ലിലെ ലിഖിതവും

**അജ്മൽ ഫൗസാൻ**

ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ

**സമർഖന്ദ്, തോപ്കാപി തുടങ്ങിയ സ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഉസ്മാനി മുസ്ഹഫുകളെന്ന് അറിയപ്പെടുന്ന പുരാതന ക്വുർആൻ കൈയെഴുത്തുപ്രതികളിലൊക്കെ അക്ഷരങ്ങൾക്ക് കുത്തുകൾ ഇട്ടിട്ടുണ്ടെന്നും കുത്തുകൾ ഇടുന്ന സമ്പ്രദായം ആരംഭിച്ചത് ഹിജ്റ ഒന്നാം നൂറ്റാണ്ടിന് ശേഷമാണെന്നും അതുകൊണ്ട് അതിനൊന്നും ആധികാരികതയില്ല എന്നുമാണ് ക്രിസ്ത്യൻ മിഷണറിമാരുടെ ആരോപണം.**

'അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ സുഹൈർ. ഉമർ(റ) മരണപ്പെട്ട വർഷമാണ് ഞാനിതെഴുതുന്നത്. അഥവാ ഹിജ്റ 24ൽ.'

വിശുദ്ധ ക്വുർആനിന്റെ വിശ്വാസ്യതയ്ക്കെതിരെ ക്രിസ്ത്യൻ മിഷണറിമാർ മല പോലെ തൊടുത്തുവിട്ട ഒരാരോപണം എലി പോലെ തിരിച്ചുപോയത് അൽ ഹിജ്റിലെ ഒരു ചുവന്ന മണൽകല്ലിൽ കോറിയിട്ട ഈ വാക്കുകൾക്ക് മുന്നിലാണ്.

ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ എഴുത്തറിയാവുന്ന, സുഹൈർ എന്ന് പേരുള്ള ഏതോ ഒരു അറബി തന്റെ സഞ്ചാരത്തിനിടയിൽ അൽ ഹിജ്റിലെ ഖാഉൽ മുഅ്തദിലിലെ ഒരു ചുവന്ന മണൽകല്ലിൽ കോറിയിട്ട വാക്കുകൾ.

അന്നേരം കൈയിൽ കിട്ടിയ ഏതോ സാധനമുപയോഗിച്ച് ഈ വരികൾ കോറിയിടുമ്പോൾ വിശുദ്ധ ക്വുർആനിനെതിരെയുള്ള ഒരു ആരോപണത്തിന്റെ മുനയൊടിക്കുകയാണ് താൻ ചെയ്യുന്നതെന്ന് സുഹൈർ ഒരിക്കലും ചിന്തിച്ചിരിക്കാനിടയില്ല.

സമർഖന്ദ്, തോപ്കാപ്പി തുടങ്ങിയ സ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഉസ്മാനി മുസ്ഹഫുകളെന്ന് അറിയപ്പെടുന്ന പുരാതന ക്വുർആൻ കൈയെഴുത്തുപ്രതികളിലൊക്കെ അക്ഷരങ്ങൾക്ക് കുത്തുകൾ ഇട്ടിട്ടുണ്ടെന്നും കുത്തുകൾ ഇടുന്ന സമ്പ്രദായം ആരംഭിച്ചത് ഹിജ്റ ഒന്നാം നൂറ്റാണ്ടിന് ശേഷമാണെന്നും അതുകൊണ്ട് അതിനൊന്നും ആധികാരികതയില്ല എന്നുമാണ് ക്രിസ്ത്യൻ മിഷണറിമാരുടെ ആരോപണം.

മാത്രമല്ല ഈ കൈയെഴുത്തുപ്രതികളൊക്കെ എഴുതപ്പെട്ടിരിക്കുന്നത് കൂഫി ലിപിയിലാണെന്നും കൂഫ പട്ടണം ഉണ്ടായതുതന്നെ രണ്ടാം ഖലീഫ ഉമറി(റ)ന്റെ കാലത്തായതിനാൽ വളരെ ചുരുങ്ങിയ സമയത്തിനകം മൂന്നാം ഖലീഫ ഉസ്മാന്റെ(റ) ഭരണകാലത്ത് ക്വുർആൻ പകർത്തിയെഴുതി വിവിധ പട്ടണങ്ങളിലേക്ക് അയക്കുന്ന സമയത്ത് കൂഫി ലിപി ഉണ്ടായിരിക്കാൻ സാധ്യതയില്ലെന്നുമാണ് മറ്റൊരാരോപണം.

അതുകൊണ്ടുതന്നെ ഉസ്മാൻ(റ)വിന്റെ ഭരണകാലത്തിനുശേഷം ഒന്നര നൂറ്റാണ്ടെങ്കിലും കഴിഞ്ഞിട്ടായിരിക്കണം ഇവ രചിക്കപ്പെട്ടിട്ടുള്ളത്. ചുരുക്കത്തിൽ പുരാതന കൈയെഴുത്ത് പ്രതികളുടെ ആധികാരിക പിന്തുണ വിശുദ്ധ ക്വുർആനിന് അവകാശപ്പെടാൻ കഴിയില്ല എന്നതാണ് അവരുടെ വാദം.

ആരോപണം ഉന്നയിക്കുന്നതിനു മുമ്പ് അറബി ഭാഷയുടെ വികാസ ചരിത്രത്തെക്കുറിച്ചോ ലിപി പരിണാമത്തെക്കുറിച്ചോ പ്രാഥമികമായ അറിവെങ്കിലും നേടാൻ ഇവർ അൽപം സമയം കണ്ടെത്തേണ്ടിയിരുന്നു.

ഹിജാസി/മാഇൽ, മശ്ഖ്, കൂഫി എന്നീ മൂന്നുതരം ലിപികളായിരുന്നു മുഹമ്മദ് നബി(സ്വ)യുടെ കാലത്ത് നിലവിലുണ്ടായിരുന്നത്. ഇവയിലെല്ലാം രചിക്കപ്പെട്ട ആദ്യകാല ക്വുർആൻ കൈയെഴുത്ത് പ്രതികളുണ്ട്. ഇന്നും പല മ്യൂസിയങ്ങളിലായി അവ ഭാഗികമായെങ്കിലും ലഭ്യമാണ്.

എന്നാൽ ഉസ്മാനീ മുസ്ഹഫുകളായി അറിയപ്പെടുന്നവയും

ഒന്നാം നൂറ്റാണ്ടിലെ മറ്റു പ്രധാന കൈയെഴുത്തു പ്രതികളുമെല്ലാം കൂഫി ലിപിയിലാണ്. അതിനാലാണ് ക്വുർആനിന്റെ ചരിത്രപരതയെ ചോദ്യം ചെയ്യാൻ വിമർശകർ കൂഫീ ലിപിയെ എടുത്തുകാട്ടുന്നത്.

വാസ്തവത്തിൽ മുഹമ്മദ് നബി(സ്വ)ക്ക് മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്ന ലിപികളിലൊന്നായിരുന്നു കൂഫി ലിപിയും എന്നതാണ് വസ്തുത. ജർമൻ ഓറിയന്റലിസ്റ്റും പുരാതന അറബി ലിപിശാസ്ത്രകാരനുമായ ബേൺഹാഡ് മോറിറ്റ്സ് തന്റെ 'എൻസൈക്ലോപീഡിയ ഓഫ് ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ ഇത് സമർഥിക്കുന്നുണ്ട്. ഹിജ്റ വർഷം 17ൽ (ക്രിസ്താബ്ദം 638) കൂഫ നിർമിക്കപ്പെടുന്നതിന് നൂറു വർഷങ്ങൾക്കു മുമ്പ് മെസപ്പൊട്ടോമിയയിൽ കൂഫി ലിപി പ്രചാരത്തിലുണ്ടായിരുന്നുവെന്നാണ് മോറിറ്റ്സ് വ്യക്തമാക്കുന്നത്

Although the script i.e., Kufic itself,.... was known in Mesopotamia at least 100 years before the foundation of Kufa, we may conjecture that it received its name from the town in which it was first put to official use. (B. Mortiz, “Arabic Writing”, Encyclopaedia Of Islam, p. 387)

അൻബാർ, ഹീറ തുടങ്ങിയ മെസപ്പൊട്ടോമിയൻ നഗരങ്ങളിൽ നേരത്തെ പ്രചാരത്തിലുണ്ടായിരുന്ന ലിപിയാണ് കൂഫ പട്ടണത്തിന്റെ രൂപീകരണത്തിനുശേഷം ചെറിയ മാറ്റങ്ങളോടെ കൂഫി ലിപിയായി അറിയപ്പെട്ടതെന്ന് അമേരിക്കൻ ചരിത്രപണ്ഡിതയും കൈയെഴുത്തുപ്രതി വിദഗ്ധയും ലിപിശാസ്ത്രജ്ഞയുമായ നാബിയ അബൊട്ടും നിരീക്ഷിക്കുന്നുണ്ട്.

കെന്റക്കിയിലെ ആസ്ബറി കോളേജിൽ ചരിത്രവിഭാഗം ഹെഡും ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇസ്‌ലാമിക് സ്റ്റഡീസ് പ്രൊഫസറുമായ അവർ 1939ൽ എഴുതിയ തന്റെ 'The Rise of the North Arabic Script and its Kuranic Development (p. 17 )' എന്ന പുസ്തകത്തിൽ അത് വിശദീകരിക്കുന്നതായി കാണാം.

The Splendor Of Islamic Calligraphyയുടെ കർത്താക്കളായ ഖാത്തിബിയും മുഹമ്മദ് സിജിൽമാസ്സിയും അഭിപ്രായപ്പെടുന്നത് വിഖ്യാത ഗ്രന്ഥമായ അൽഫിഹ്റിസ്തിന്റെ കർത്താവ് ഹി. 390ൽ (ക്രി. 999) മരണപ്പെട്ട ഇബ്നു നദീമാണ് ഹീറയിൽനിന്ന് രൂപം പ്രാപിച്ച ലിപിക്ക് 'കൂഫി' എന്ന് നാമകരണം ചെയ്തത് എന്നാണ്.

ഏതായാലും ഹിജ്റ 17ൽ നിർമിക്കപ്പെട്ട നഗരമായ കൂഫയിൽ ഉണ്ടായതല്ല ഈ ലിപി എന്നതും കൂഫയുണ്ടാകുന്നതിനും എത്രയോ മുമ്പ് ഈ ലിപി നിലനിന്നിരുന്നുവെന്നതും ഒരു ചരിത്രവസ്തുതയാണ്. മാത്രവുമല്ല, ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ ഉണ്ടായതെന്ന് ഉറപ്പിക്കാവുന്ന, ക്വുർആനല്ലാത്ത മറ്റു പല പുരാതന ലിഖിതങ്ങളും കണ്ടെടുക്കുകയുണ്ടായിട്ടുണ്ട്.

അവയിലൊന്നാണ് ഹിജ്റ വർഷം 24ൽ എഴുതിയതാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്ന സുഹൈറിന്റെ രേഖ. സുഊദി അറേബ്യയിലെ അൽഹിജ്റിന് സമീപത്തുള്ള ഖാഉൽ മുഅ്ത്തദിലിലെ പാറയിലെ ഒരു ചുവന്ന മണൽക്കല്ലിൽ കൊത്തിവയ്ക്കപ്പെട്ട രൂപത്തിലുള്ളതാണ് ഈ രേഖ.

സുഊദി അറേബ്യയിലെ റിയാദിലെ സുപ്രീം കമ്മിഷൻ ഫോർ ടൂറിസം മെമ്പറും നിലവിൽ സാംസ്കാരിക പൈതൃകസംരക്ഷണത്തിനായുള്ള കിംഗ് അബ്ദുല്ലാഹ് പ്രോജക്ടിന്റെ ജനറൽ സൂപ്പർവൈസറുമായ അലി ഗബ്ബാനും ഭാര്യയുമാണ് 1999ൽ തങ്ങളുടെ പര്യവേക്ഷണത്തിനിടയിൽ ഇത് കണ്ടെത്തുന്നത്.

കൂഫി ലിപിയിൽ എഴുതപ്പെട്ടതാണെന്നത് മാത്രമല്ല ഇതിൽ അക്ഷരങ്ങൾക്ക് കുത്തുകളുണ്ട് എന്നതാണ് ഏറ്റവും പ്രാധാന്യമുള്ള സവിശേഷത.

ഖലീഫ ഉമർ(റ) മരണപ്പെട്ട കാലത്ത് കൂഫി ലിപിയിലുള്ള കുത്തുകളുള്ള എഴുത്തിന് പ്രചാരമുണ്ടായിരുന്നുവെന്നതിന് മതിയായ തെളിവുതന്നെയാണിത്. ഉമറി(റ)ന്റെ കാലത്തുതന്നെ കൂഫീ ലിപി പ്രചാരത്തിലുണ്ടെങ്കിൽ ഉസ്മാൻ(റ)വിന്റെ കാലത്ത് പകർത്തിയെഴുതപ്പെട്ട മുസ്ഹഫുകൾ കൂഫി ലിപിയിലായതിൽ എന്ത് അസ്വാഭാവികതയാണുള്ളത്?

UNESCO യുടെ Memory of the World Register of Documentary Collectionsൽ സുഹൈറിന്റെ ഈ ചുവന്ന മണൽക്കൽ ലിഖിതവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത് മാത്രമല്ല. അക്കാലത്ത് കൂഫി ലിപി പ്രചാരത്തിലുണ്ടായിരുന്നു എന്നതിന് വേറെയും തെളിവുകൾ സുലഭമാണ്.

കൈറോ മ്യൂസിയം ഓഫ് അറബ് ആർട്ടിൽ സൂക്ഷിച്ചിട്ടുള്ള ഹിജ്റ 31ൽ രചിച്ചതായി സ്വയം സാക്ഷ്യപ്പെടുത്തുന്ന അബ്ദുർറഹ്മാൻ ബിൻ ഖൈർ അൽഹാജിരിയുടെ ക്വബ്ർ ഫലകവും സുഊദി അറേബ്യയിലെ ദർബ് സുബൈദയിലെ വാദി അൽശാമിയയിലെ കച്ചവടപാതയിൽനിന്ന് 1970ൽ ലഭിച്ച ശിലാഫലകവും വാദി സബീലിൽനിന്ന് ലഭിച്ച ഹിജ്റ 46ൽ രചിച്ചതായി സാക്ഷ്യപ്പെടുത്തുന്ന ചുമർഫലകവുമെല്ലാം കൂഫി ലിപിയിൽ എഴുതപ്പെട്ടവയാണ്. ഇതിൽ നിന്നെല്ലാം സ്വഹാബിമാരുടെ ജീവിതകാലത്ത് കൂഫി ലിപിയിലുള്ള രചനകൾക്ക് പ്രചാരമുണ്ടായിരുന്നുവെന്നത് സുതരാം വ്യക്തമാണ്.

വിശുദ്ധ ക്വുർആനിന്റെ ചരിത്രപരതയെ ചോദ്യം ചെയ്യാൻ ഇത്തരം ആരോപണങ്ങൾക്കൊന്നും കെൽപില്ലെന്ന് ചുരുക്കം.

സുഹൈർ, താങ്കൾ ആരാണെന്നോ എന്തിനാണ് അതുവഴി പോയതെന്നോ ഞങ്ങൾക്കറിയില്ല. താങ്കളെ ആ എഴുത്തെഴുതാൻ പ്രേരിപ്പിച്ചതെന്താണെന്നും ഞങ്ങൾക്കജ്ഞാതം. പക്ഷേ, ഒന്നു പറയട്ടെ സുഹൈർ, നന്ദി, താങ്കൾക്കും താങ്കളുടെ കോറിയിടലുകൾക്കും. ■



# സംഘടന, സംഘാടനം സംഘാടകൻ

നബീൽ പയ്യോളി
: 966 55 771 0981

**മറ്റിതര ജീവികളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് സാമൂഹികബോധം. നിരാശ്രയത്വം എന്നത് ദൈനംദിന ജീവിതത്തിൽ പോലും അവന് ചിന്തിക്കാൻ സാധിക്കില്ല. സംഘടിതജീവിതത്തിൽ വ്യക്തിയുടെ ഗുണദോഷങ്ങൾ മറ്റുള്ളവരെ കൂടി ബാധിക്കുമെന്നത് നിസ്തർക്കമാണ്. എങ്ങനെ തന്റെ ചുറ്റിലുമുള്ളവർക്ക് മാതൃകയാവുന്ന രീതിയിൽ സംഘടനാജീവിതം നയിക്കാം?**

മനുഷ്യൻ സാമൂഹ്യജീവിയാണ്. സംഘടിക്കുക എന്നത് അവന്റെ ജന്മവാസനയിൽ പെട്ടതാണ്. ലോകത്ത് ഒന്നിനും സ്വയം നിലനിൽക്കുക സാധ്യമല്ല. എല്ലാം ഏതെങ്കിലും വിധത്തിൽ പരസ്പരം ആശ്രയിച്ചാണ് മുന്നോട്ടു പോകുന്നത്. ഒന്നിനെയും ആശ്രയിക്കാതെ, അല്ലെങ്കിൽ പരസ്പരം സഹകരിക്കാതെ മുന്നോട്ട് പോകും എന്ന് തീരുമാനിക്കാൻ ഒരാൾക്കും സാധ്യമല്ല. അതുകൊണ്ട് തന്നെ കൂട്ടുകൂടുകയും സംഘടിക്കുകയും ചെയ്യുക എന്ന ജന്മവാസന പല തലങ്ങളിൽ മനുഷ്യസമൂഹം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മത, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങൾ അടക്കം പല മേഖലകളിലും 'സംഘ'ങ്ങളുടെ ഭാഗമായി നാമെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജോലി, വിദ്യാഭ്യാസം, ആരോഗ്യം, കുടുംബം എന്നിങ്ങനെയുള്ള സംഘങ്ങളിൽ എല്ലാവരും അനിവാര്യമായ കണ്ണികളാണ് എന്നത് യാഥാർഥ്യം. സംഘടനകൾ വേണ്ട എന്ന് പറയുന്നവർ പോലും ജീവിതയാത്രയിൽ സംഘങ്ങളുടെയും സംഘടനകളുടെയും നന്മകളും നേട്ടങ്ങളും വേണ്ടുവോളം അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വാസ്തവം.

നമ്മൾ ഏതെങ്കിലും തലത്തിൽ സംഘാടകരാണ്. ഞാൻ ഒന്നുമല്ല എന്ന് പറയുന്ന ആളുകൾ വരെ ഈ റോൾ ഭംഗിയായി നിർവഹിച്ചുപോരുന്നുണ്ട്. ഒരു സ്വാഭാവികതയ്ക്ക് അപ്പുറം അൽപം ശ്രദ്ധയോടെ ഇടപെടലുകൾ നടത്താൻ നാം തയ്യാറായാൽ കൂടെയുള്ളവർക്ക് അതിന്റെ മധുരം ആസ്വദിക്കൻ സാധിക്കും. അതിന് മനഃപൂർവം ചില നീക്കങ്ങൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകണം.

ഒരു സംഘടന മികച്ചതായിത്തീരുന്നത് അതിന്റെ നല്ല നല്ല ലക്ഷ്യത്തിലൂടെയാണ്. ലക്ഷ്യം നടപ്പിലാകണമെങ്കിൽ നല്ല സംഘാടകർ വേണം. സഹപ്രവർത്തകരും അണികളുമെല്ലാം വ്യത്യസ്തമായ കഴിവുകൾ ഉള്ളവരാണ് എന്ന വസ്തുത ഉൾകൊണ്ടുകൊണ്ട്, അവർക്കിടയിൽ പാരസ്പര്യം നിലനിർത്തിയാണ് ഒരു നല്ല സംഘാടകൻ മുന്നോട്ട് പോകേണ്ടത്. അഭിപ്രായങ്ങളുടെ കാര്യത്തിലും ആ നിലപാടാണ് നന്നാവുക. പൊതുവായ കാര്യങ്ങളിൽ പൊതുനിലപാട് രൂപപ്പെടുത്തുകയും വ്യക്തിപരമായ നിലപാടുകൾ അങ്ങനെ തന്നെ തുടരുകയും ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. വൈവിധ്യങ്ങളെ ഉൾക്കൊള്ളുകയും അത് ആസ്വദിക്കുകയും ചെയ്യുന്നവർക്കാണ് നല്ല സംഘാടകനാകാൻ സാധിക്കുക. സംഘാടകൻ എന്ന നിലയ്ക്ക് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കാം:

### ലക്ഷ്യബോധം

ലക്ഷ്യബോധത്തിൽ വരുന്ന വീഴ്ച പ്രതിസന്ധികൾ സൃഷ്ടിച്ചേക്കാം. സംഘടന എന്നത് പൊതു ലക്ഷ്യം മുൻനിർത്തിയുള്ള സംവിധാനമാണ്. (അല്ലാത്തതും ഉണ്ടെന്നത് മറക്കുന്നില്ല). അതുകൊണ്ട് തന്നെ അതിൽ നമ്മോടൊപ്പം ചേർന്നവരും ആ ലക്ഷ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയാവും സഹകരിക്കുന്നത്. അതിൽ നിന്ന് പുറകോട്ട് പോകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് സംഘാടകരുടെ ബാധ്യതയാണ്. ലക്ഷ്യബോധം നഷ്ടപ്പെട്ട ഒരു കൂട്ടായ്മക്ക് സമൂഹത്തിൽ സ്വാധീനം ചെലുത്താൻ സാധ്യമല്ല. അതിന് നമുക്ക് ചുറ്റും ധാരാളം തെളിവുകളുണ്ട്. ലക്ഷ്യബോധം കാത്തുസൂക്ഷിക്കുന്നതോടൊപ്പം അത് നമ്മുടെ സഹപ്രവർത്തകർക്ക് ബോധ്യപ്പെടുത്താൻ കഴിയണം. ഭാരവാഹികൾ മാറിവന്നാലും ഈ ലക്ഷ്യത്തിൽ നിന്ന് വഴിമാറാതെ മുന്നോട്ടു പോകാൻ അത് അനിവാര്യമാണ്.

സ്വാഭാവികമായും ഒരു സംഘടനയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ഒരു വ്യക്തി ഉൾക്കൊണ്ടതു പോലെ പുതിയ പ്രവർത്തകർ ലക്ഷ്യം ഉൾക്കൊണ്ടു എന്ന് വരില്ല. അത് നിരന്തരമായ ഉണർത്തലുകളിലൂടെ സാധ്യമാകും. ആത്മാർഥമായി, ലക്ഷ്യബോധത്തോടെ മുന്നോട്ടുപോകുമ്പോൾ



**ഒന്നിനെയും ആശ്രയിക്കാതെ, അല്ലെങ്കിൽ പരസ്പരം സഹകരിക്കാതെ മുന്നോട്ട് പോകും എന്ന് തീരുമാനിക്കാൻ ഒരാൾക്കും സാധ്യമല്ല. അതുകൊണ്ട് തന്നെ കൂട്ടുകൂടുകയും സംഘടിക്കുകയും ചെയ്യുക എന്ന ജന്മവാസന പല തലങ്ങളിൽ മനുഷ്യസമൂഹം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മത, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങൾ അടക്കം പല മേഖലകളിലും 'സംഘ'ങ്ങളുടെ ഭാഗമായി നാമെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജോലി, വിദ്യാഭ്യാസം, ആരോഗ്യം, കുടുംബം എന്നിങ്ങനെയുള്ള സംഘങ്ങളിൽ എല്ലാവരും അനിവാര്യമായ കണ്ണികളാണ് എന്നത് യാഥാർഥ്യം. ഒരു സംഘടന മികച്ചതായിത്തീരുന്നത് അതിന്റെ നല്ല നല്ല ലക്ഷ്യത്തിലൂടെയാണ്. ലക്ഷ്യം നടപ്പിലാകണമെങ്കിൽ നല്ല സംഘാടകർ വേണം. സഹപ്രവർത്തകരും അണികളുമെല്ലാം വ്യത്യസ്തമായ കഴിവുകൾ ഉള്ളവരാണ് എന്ന വസ്തുത ഉൾകൊണ്ടുകൊണ്ട്, അവർക്കിടയിൽ പാരസ്പര്യം നിലനിർത്തിയാണ് ഒരു നല്ല സംഘാടകൻ മുന്നോട്ട് പോകേണ്ടത്.**


**ലക്ഷ്യബോധത്തിൽ വരുന്ന വീഴ്ച പ്രതിസന്ധികൾ സൃഷ്ടിച്ചേക്കാം. സംഘടന എന്നത് പൊതുലക്ഷ്യം മുൻനിർത്തിയുള്ള സംവിധാനമാണ്. (അല്ലാത്തതും ഉണ്ടെന്നത് മറക്കുന്നില്ല). അതുകൊണ്ട് തന്നെ അതിൽ നമ്മോടൊപ്പം ചേർന്നവരും ആ ലക്ഷ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയാവും സഹകരിക്കുന്നത്. അതിൽ നിന്ന് പുറകോട്ട് പോകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് സംഘാടകരുടെ ബാധ്യതയാണ്. ലക്ഷ്യബോധം നഷ്ടപ്പെട്ട ഒരു കൂട്ടായ്മക്ക് സമൂഹത്തിൽ സ്വാധീനം ചെലുത്താൻ സാധ്യമല്ല. അതിന് നമുക്ക് ചുറ്റും ധാരാളം തെളിവുകളുണ്ട്. ലക്ഷ്യബോധം കാത്തുസൂക്ഷിക്കുന്നതോടൊപ്പം അത് നമ്മുടെ സഹപ്രവർത്തകർക്ക് ബോധ്യപ്പെടുത്താൻ കഴിയണം. ഭാരവാഹികൾ മാറിവന്നാലും ഈ ലക്ഷ്യത്തിൽനിന്ന് വഴിമാറാതെ മുന്നോട്ടു പോകാൻ അത് അനിവാര്യമാണ്.**

നമ്മുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാൻ ആർക്കും സാധ്യമല്ല. തുടക്കക്കാർ ഏത് ലക്ഷ്യത്തിലാണോ കൂട്ടായ്മ രൂപീകരിച്ചത് അത് നിലനിർത്തുക എന്നത് അതതുകാലത്തെ അതിന്റെ ഭാരവാഹികളുടെ ബാധ്യതയാണ്. നമുക്ക് ചുറ്റുമുള്ള ആളുകളുടെ താൽപര്യങ്ങളോ നിലപാടുകളോ ഈ ലക്ഷ്യത്തിൽനിന്ന് തെന്നിമാറാൻ കാരണമായിക്കൂടാ. ലക്ഷ്യബോധത്തിൽനിന്ന് വഴുതിമാറുമ്പോൾ ഗുണകാംക്ഷയോടെ തിരുത്താൻ മടികാണിക്കരുത്. അത് നല്ല സംഘാടകന്റെ ബാധ്യതയാണ്.

**സുതാര്യത**

വ്യക്തി എന്ന നിലയിൽ സംഘാടകൻ സംഘടനയുടെയും സ്വന്തത്തിന്റെയും സുതാര്യത ഉറപ്പ് വരുത്തണം. ഒന്നിലധികം ആളുകൾ ഭാഗവാക്കാകുമ്പോളാണല്ലോ ഒരു സംഘം രൂപപ്പെടുന്നത്. അതുകൊണ്ട് തന്നെ ആ സംഘത്തിന്റെ ഓരോ ചലനവും അതിന്റെ ഭാഗമായ മുഴുവൻ ആളുകളും അറിയേണ്ടതുണ്ട്. എങ്കിലേ മാനസികമായും ശാരീരികമായും അവർ എന്നും സംഘടനയുടെ കൂടെ ഉണ്ടാവുകയുള്ളൂ. സംഘാടകൻ എന്ന നിലയിൽ നാം ചെയ്യുന്ന വലുതും ചെറുതുമായ ഓരോ പ്രവർത്തനവും അതത് സമയങ്ങളിൽ സഹപ്രവർത്തകരുമായി കൂടിയാലോചിച്ചേ ചെയ്യാവൂ, അത് ഉറപ്പ് വരുത്തണം. 'ആത്മാർഥത കൂടിയ' ചിലയാളുകൾ കാര്യങ്ങൾ വേണ്ടപോലെ സഹപ്രവർത്തകരെ അറിയിക്കാതെയും ബോധ്യപ്പെടുത്താതെയും അവരുടെ സഹകരണത്തോടെയല്ലാതെയും കാര്യങ്ങൾ ചെയ്യാറുണ്ട്. അത് കൂട്ടായ്മക്ക് ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുക. കൂടെയുള്ളവരെ പരമാവധി ഉപയോഗപ്പെടുത്തിയും ബോധ്യപ്പെടുത്തിയും മാത്രമെ ഞാൻ ഈ സംവിധാനവുമായി ബന്ധപ്പെട്ട ഓരോ കാര്യവും ചെയ്യൂ എന്ന് തീരുമാനിച്ചാൽ ആ സംഘാടകൻ വിജയിക്കും. മറിച്ചാണെങ്കിൽ പരാജയത്തിന്റെ കൈപ്പുനീർ രുചിക്കേണ്ടി വരും.

നമ്മൾ സുതാര്യത കാത്തുസൂക്ഷിക്കുന്നതോടെ നമുക്ക് ചുറ്റുമുള്ളവർകൂടി സുതാര്യത പുലർത്താൻ നിർബന്ധിതരാവും എന്നതാണ് അതിന്റെ മറ്റൊരു ഗുണം. ആർക്കും സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാനോ സംവിധാനത്തിന് കോട്ടം തട്ടുന്ന നിലപാടുകൾ സ്വീകരിക്കാനോ ഉള്ള സാഹചര്യം അതോടെ ഇല്ലാതാകും. അദ്ദേഹം എന്തുകാര്യവും കൂടിയാലോചിച്ചും അഭിപ്രായങ്ങൾ ചോദിച്ചും പരമാവധി സഹകരിച്ചും സഹകരിപ്പിച്ചും മാത്രമെ ചെയ്യുന്നുള്ളൂ എന്ന തിരിച്ചറിവ്, 'നമുക്കും അങ്ങനെയേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ'





എന്ന് തീരുമാനിക്കാൻ പ്രേരിപ്പിക്കും. ഇത് ഏറ്റവും പ്രധാനമാണ്.

ഈ സംവിധാനത്തിന്റെയുള്ളിൽ സുതാര്യമായേ കാര്യങ്ങൾ നടക്കൂ എന്ന് സംവിധാനത്തിന് അകത്തും പുറത്തുമുള്ളവർക്ക് ബോധ്യമായാൽ കാര്യം എളുപ്പമാകും. സുതാര്യത കാത്തുസൂക്ഷിക്കുക എന്നത് മുമ്പത്തെക്കാൾ എളുപ്പമാണിന്ന്. ആശയവിനിമയ സംവിധാനങ്ങൾ അതിന് ഫലപ്രദമായി ഉപയോഗപ്പെടുത്തണം എന്നുമാത്രം. നമ്മുടെ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ചെയ്യുന്ന ഓരോ കാര്യവും അതത് സമയത്ത് തന്നെ നവമാധ്യമങ്ങൾവഴിയും മറ്റും സഹപ്രവർത്തകരെ അറിയിക്കാനും അവരുടെ അഭിപ്രായങ്ങൾ തേടാനും സഹകരണം ഉറപ്പുവരുത്താനും ശ്രദ്ധിക്കണം.

**സത്യസന്ധത**

ഒരു സംഘാടകന്റെ ഏറ്റവും പ്രധാന ഗുണം സത്യസന്ധത തന്നെയാണ്. അത് ഇല്ലെങ്കിൽ അയാൾക്ക്ഒരു കൂട്ടത്തെ നയിക്കാൻ സാധ്യമല്ല. പരസ്പര വിശ്വാസം പ്രധാനമാണ്. അത് സത്യസന്ധമായി കാര്യങ്ങൾ ചെയ്യുമ്പോഴേ നിലനിർത്താൻ സാധിക്കുകയുള്ളൂ. വിശ്വാസം നഷ്ടപ്പെട്ടാൽ പിന്നെ സംഘാടകനും അവന്റെ സംഘടനയും പരാജയപ്പെടും. വാക്കിലും പ്രവൃത്തിയിലും സത്യസന്ധരാവാൻ സാധിച്ചാൽ മാത്രമെ സംഘാടകൻ വിജയിക്കുകയുള്ളൂ.

ഒരിക്കൽ ഒരു വിദ്യാർഥി സംഘടനയുടെ സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിക്കുമ്പോൾ പരിപാടിയിൽ പങ്കെടുത്ത ആളുകളുടെ എണ്ണം പറയുമ്പോൾ നാമെല്ലാം പൊതുവെ ഉപയോഗിക്കുന്ന 'ഓളം' എന്ന വാക്ക് കടന്നുവന്നു. അധ്യക്ഷ വേദിയിൽനിന്നും നേതാവ് ഇടപെട്ടു. പരിപാടിയിൽ പങ്കെടുത്ത ആളുകളുടെ എണ്ണം കൃത്യമായി താങ്കൾക്ക് അറിയാമല്ലോ, അതങ്ങ് പറഞ്ഞാൽ പോരേ? എന്തിനാണ് കളവ് പറയുന്നത്?

> **ഒരു സംഘാടകന്റെ ഏറ്റവും പ്രധാന ഗുണം സത്യസന്ധത തന്നെയാണ്. അത് ഇല്ലെങ്കിൽ അയാൾക്ക്ഒരു കൂട്ടത്തെ നയിക്കാൻ സാധ്യമല്ല. പരസ്പര വിശ്വാസം പ്രധാനമാണ്. അത് സത്യസന്ധമായി കാര്യങ്ങൾ ചെയ്യുമ്പോഴേ നിലനിർത്താൻ സാധിക്കുകയുള്ളൂ. വിശ്വാസം നഷ്ടപ്പെട്ടാൽ പിന്നെ സംഘാടകനും അവന്റെ സംഘടനയും പരാജയപ്പെടും. വാക്കിലും പ്രവൃത്തിയിലും സത്യസന്ധരാവാൻ സാധിച്ചാൽ മാത്രമെ സംഘാടകൻ വിജയിക്കുകയുള്ളൂ.**

ഏകദേശം, ...ഓളം, ...ൽ താഴെ തുടങ്ങി കൃത്യതയില്ലായ്മയുടെയും കളവുകളുടെ പുകമറ നമ്മുടെ സംസാരത്തിലും എഴുത്തിലും സ്വാഭാവികമാണ് എന്നപോലെ കടന്നു വരാറുണ്ടോ? സംഘടനാ പ്രവർത്തനങ്ങളോട് വിമുഖത കാണിക്കുന്നവർ പലപ്പോഴും ചൂണ്ടിക്കാണിക്കുന്ന ചില പോരായ്മകളിൽ ഒന്നാണിത്. അത് നമുക്ക് എളുപ്പം തിരുത്താവുന്നതും തിരുത്തേണ്ടതുമാണ്. കളവുകൾകൊണ്ട് നമ്മെ തെറ്റിദ്ധരിപ്പിക്കാനും കബളിപ്പിക്കാനും സാധിക്കില്ലെന്ന് ചുറ്റുമുള്ളവർക്ക് ബോധ്യപ്പെട്ടാൽ അവർ അതിൽ നിന്ന് പിന്മാറുകയും അവർകൂടി സത്യസന്ധമായ നിലപാടുകളിലേക്ക് മാറുകയും ചെയ്യും. നമുക്ക് സത്യം എന്ന് ബോധ്യപ്പെട്ടത് മാത്രമെ പറയാവൂ, ആരെങ്കിലും പറയുന്നതനുസരിച്ച് അവരുടെ ലൗഡ്സ്പീക്കറായി മാറേണ്ടവരല്ല സംഘാടകർ. ഇത് പല പ്രയാസങ്ങളിലേക്കും അവരെ തള്ളിവിട്ടേക്കാം.

**കൃത്യനിഷ്ഠ**

സത്യസന്ധതയുടെ മറ്റൊരു ഭാഗമാണ് കൃത്യനിഷ്ഠ എന്നത്. പരിപാടികൾ, യോഗങ്ങൾ കൃത്യസമയത്ത് തുടങ്ങുന്നില്ല, കാര്യങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നില്ല എന്ന പരാതി വ്യാപകമായി നാം കേൾക്കാറുണ്ട്. അത് ശത്രുക്കൾ ആയുധമാക്കാറുമുണ്ട്. കാര്യങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കുക സാധ്യമാണോ? അതെ, സാധ്യമാണ് എന്നതാണ് ഉത്തരം; അല്ലാഹു ഉദ്ദേശിച്ചാൽ. അതിന് ആദ്യം നാം തന്നെ മാനസികമായി തയ്യാറാവണം. നമ്മുടെ ജീവിതത്തിലും ഇടപെടലുകളിലും കൃത്യനിഷ്ഠ പാലിക്കാൻ ആത്മാർഥമായ ശ്രമം ഉണ്ടാവണം. അതോടൊപ്പം സഹപ്രവർത്തകരെ അത് ബോധ്യപ്പെടുത്താൻ കഴിയുകയും വേണം. നാം വിളിച്ചുചേർക്കുന്ന യോഗത്തിന് നിശ്ചയിച്ച സമയത്തിന് പത്തോ ഇരുപതോ മുമ്പ് എത്തുക. 'ഞാൻ യോഗസ്ഥലത്ത് എത്തി' എന്ന് സഹപ്രവർത്ത

**എല്ലാ മാറ്റങ്ങളിലും എതിർപ്പുകൾ സ്വാഭാവികം. അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അനുഭവങ്ങളുടെ വെളിച്ചത്തിലായിരിക്കും ഓരോരുത്തരും പ്രതികരിക്കുന്നത്. 'ഞാൻ വർഷങ്ങളായി സംഘടനാ പ്രവർത്തനം നടത്തുന്ന ആളാണ്. പരിപാടികളോ യോഗങ്ങളോ കൃത്യസമയത്ത് തുടങ്ങിയതോ അവസാനിച്ചതോ എന്റെ അറിവിലില്ല.' പൊതുവെ കേൾക്കുന്ന അഭിപ്രായമാണിത്. ഇത് മാറ്റിയെടുക്കൽ അസാധ്യമായ കാര്യമല്ല. നമ്മൾ ആത്മാർഥമായി പരിശ്രമിക്കണമെന്നു മാത്രം. യോഗങ്ങൾ തുടങ്ങുന്നതിലുള്ള ആവേശം അവസാനിപ്പിക്കാൻ കാണാറില്ല. സഹപ്രവർത്തകരുടെ സാഹചര്യം മനസ്സിലാക്കത്തതാണ് അതിനു കാരണം. കൂടെയുള്ളവരുടെ കുടുംബ പശ്ചാത്തലം, ജോലി, സാമ്പത്തികസ്ഥിതി, ആരോഗ്യം, കഴിവുകൾ, പ്രദേശം, ഗതാഗത സൗകര്യങ്ങൾ തുടങ്ങി വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് ഓരോ സംഘാടകനും കൃത്യമായ ധാരണ വേണം. അതിനനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ മാത്രമെ അവർക്ക് നൽകാവൂ. അല്ലാത്തപക്ഷം അയാളെ നമുക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടേക്കാം.**

കരെ അറിയിക്കുക. എല്ലാവരും എത്തിയാൽ നമുക്ക് കൃത്യസമയത്ത് തുടങ്ങാനും അവസാനിപ്പിക്കാനും കഴിയും എന്ന പ്രതീക്ഷ പങ്കുവയ്ക്കുക. യോഗം തുടങ്ങിയാൽ കൃത്യസമയത്ത് അവസാനിപ്പിക്കുകയും ചെയ്യുക. അടുത്ത യോഗം മുതൽ ഒരുവിധം എല്ലാവരും സമയനിഷ്ഠ പാലിക്കുന്നത് കാണാം. എന്റെ സമയത്തിന് വിലകൽപിക്കുന്നു എന്ന തോന്നൽ സമയക്രമം പാലിക്കാൻ ആളുകളെ പ്രേരിപ്പിക്കും. മറ്റുള്ളവരുടെ സമയത്തിന് വിലകൽപിക്കാൻ അവർ തയ്യാറാവുകയും ചെയ്യും.

എല്ലാ മാറ്റങ്ങളിലും എതിർപ്പുകൾ സ്വാഭാവികം. അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അനുഭവങ്ങളുടെ വെളിച്ചത്തിലായിരിക്കും ഓരോരുത്തരും പ്രതികരിക്കുന്നത്. 'ഞാൻ വർഷങ്ങളായി സംഘടനാ പ്രവർത്തനം നടത്തുന്ന ആളാണ്. പരിപാടികളോ യോഗങ്ങളോ കൃത്യസമയത്ത് തുടങ്ങിയതോ അവസാനിച്ചതോ എന്റെ അറിവിലില്ല.' പൊതുവെ കേൾക്കുന്ന അഭിപ്രായമാണിത്. ഇത് മാറ്റിയെടുക്കൽ അസാധ്യമായ കാര്യമല്ല. നമ്മൾ ആത്മാർഥമായി പരിശ്രമിക്കണമെന്നു മാത്രം.

യോഗങ്ങൾ തുടങ്ങുന്നതിലുള്ള ആവേശം അവസാനിപ്പിക്കാൻ കാണാറില്ല. സഹപ്രവർത്തകരുടെ സാഹചര്യം മനസ്സിലാക്കത്തതാണ് അതിനു കാരണം. കൂടെയുള്ളവരുടെ കുടുംബ പശ്ചാത്തലം, ജോലി, സാമ്പത്തികസ്ഥിതി, ആരോഗ്യം, കഴിവുകൾ, പ്രദേശം, ഗതാഗത സൗകര്യങ്ങൾ തുടങ്ങി വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് ഓരോ സംഘാടകനും കൃത്യമായ ധാരണ വേണം. അതിനനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ മാത്രമെ അവർക്ക് നൽകാവൂ. അല്ലാത്തപക്ഷം അയാളെ നമുക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടേക്കാം. യോഗം കൃത്യസമയത്ത് നിർത്താനുള്ള വഴിയാണ് പറഞ്ഞുവന്നത്. അതിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട ഒരു കാര്യം അജണ്ടയിൽ ഒതുങ്ങിനിന്ന് ചർച്ച ചെയ്യുക എന്നതാണ്. അതിന് അജണ്ട നേരത്തെ തന്നെ ഭാരവാഹികളെ അറിയിക്കണം. ഒരാഴ്ച മുമ്പെങ്കിലും യോഗവിവരവും അജണ്ടയും അറിയിച്ച്, നന്നായി പഠിച്ചും ആലോചിച്ചും വരാൻ പറഞ്ഞാൽ, കൃത്യമായി ഫോളോ അപ്പ് ചെയ്താൽ യോഗം ഫലപ്രദമാക്കാനും സമയബന്ധിതമായി തുടങ്ങി കൃത്യസമയത്ത് അവസാനിപ്പിക്കാനും സാധിക്കും.

### ഇടപാടുകളിലെ കൃത്യത

സാമ്പത്തിക ഇടപാടുകളിൽ ജാഗ്രത പാലിക്കൽ ഓരോരുത്തരുടെയും ബാധ്യതയാണ്. ജാഗ്രതക്കുറവ് തീരാനഷ്ടങ്ങൾ വിളിച്ചുവരുത്തും. സാമ്പത്തിക ഇടപാടുകളിൽ നമ്മൾ സത്യസന്ധത പുലർത്തുന്നതോടൊപ്പം അത് മറ്റുള്ളവരെ കൂടി ബോധ്യപ്പെടുത്താൻ മറക്കരുത്. പൊതുമുതൽ കൈകാര്യം





ചെയ്യുന്നിടത്ത് വലിയ കരുതലും അതീവ ജാഗ്രതയും എന്നും ഉണ്ടാവണം. നമ്മെ വിശ്വസിച്ച് സാധാരണക്കാർ മുതൽ ധനാഢ്യർവരെയുള്ള സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർ ഏൽപിച്ച സമ്പത്ത് ഒരു കരണവശാലും അനാവശ്യമായി ചെലവഴിക്കാൻ നമുക്ക് അധികാരമില്ല. താൻ നിലകൊള്ളുന്ന സംവിധാനത്തിൽ കൃത്യമായ കൂടിയാലോചന നടത്തി മാത്രമെ കാശ് ചെലവഴിക്കാവൂ. വരവുചെലവ് കണക്കുകൾ പരമാവധി വിശദമായിത്തന്നെ അവതരിപ്പിക്കണം. കണക്ക് മറ്റുള്ളവർ ചോദിച്ചാലും ഇല്ലെങ്കിലും അത് സമൂഹത്തെ ബോധ്യപ്പെടുത്തൽ നമ്മുടെ ബാധ്യതയാണ്. ഒരു പ്രത്യേക കാര്യത്തിലേക്ക് തന്ന പണം ഒരിക്കലും മറ്റു കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കരുത്.

**സംഘടിത മുന്നേറ്റം**

സംഘടിത മുന്നേറ്റമാണ് മറ്റൊരു പ്രധാന കാര്യം. ഒരു സംഘാടകൻ സംഘടനാപരമായ ഏതു കാര്യം ചെയ്യുമ്പോഴും ഒന്നിലധികം ആളുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തണം. കാര്യങ്ങൾ ഒറ്റക്ക് ചെയ്യുക എന്നത് ആത്മാർഥതയുടെ ഭാഗമാണ് എന്ന തെറ്റിദ്ധാരണ പലർക്കുമുണ്ട്. വാസ്തവത്തിൽ ഒരു സംഘാടകന്റെ ആത്മാർഥത എന്നത് 'ഒറ്റക്ക് ഒന്നും ചെയ്യില്ല' എന്നതിലാണ്. മറ്റുള്ളവരുടെ പിന്നാലെ നടക്കാതെ കാര്യങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ നല്ലത് ഒറ്റക്ക് ചെയ്യുന്നതല്ലേ എന്ന് പലരും ചിന്തിച്ചേക്കാം. അത് തികച്ചും തെറ്റായ ചിന്തയാണ്. ഒറ്റക്ക് കാര്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ കഴിവിലും ചിന്തയിലും അത് പരിമിതപ്പെടും. കൂട്ടമായി ചെയ്യുമ്പോൾ കൂടെയുള്ളവരുടെ വീക്ഷണങ്ങളും കഴിവും പ്രാവീണ്യവും ഒക്കെ ഉപയോഗപ്പെടുത്താൻ സാധിക്കും. ഒറ്റക്ക് ചെയ്യുന്നതിനെക്കാൾ ഭംഗിയായും കൂടുതൽ ഫലവത്തായും കാര്യങ്ങൾ നടക്കും. അതോടൊപ്പം മറ്റുള്ളവരെ കൂടി നല്ല സംഘാടകരായി വാർത്തെടുക്കുകകയാണ് ഇതിലൂടെ ചെയ്യുന്നത്. പലപ്പോഴും സംഘടനകൾ ആളുകളെക്കൊണ്ട് 'കുടുങ്ങുക'യാണ് ചെയ്യുക. മുകളിൽ പറഞ്ഞ മാനസികാവസ്ഥ വച്ചു പുലർത്തുന്നതുകൊണ്ടാണത്. ഒരു സംവിധാനത്തിൽ 10 ആളുകൾ ഉള്ളതും 100 ആളുകൾ ഉള്ളതും ഒരുപോലെയല്ല. ആളുകൾ കൂടുന്നതിനനുസരിച്ച് പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായും ഭംഗിയായും നടത്താൻ സാധിക്കും.

'കമ്മിറ്റിയിൽ അംഗങ്ങൾ കൂടുതലാണ്, അംഗബലം കുറച്ചില്ലെങ്കിൽ കാര്യങ്ങൾ നടക്കില്ല' എന്ന് പലരും പറയാറുണ്ട്. ഇത് ജനസംഖ്യാ നിയന്ത്രണവും കുടുംബാസൂത്രണവും ഒക്കെ പോലെ പിന്തിരിപ്പൻ സിദ്ധാന്തമാണ്. ആള് കൂട്ടിയാലാണ് കാര്യങ്ങൾ നടക്കുക എന്നതാണ് യാഥാർഥ്യം. വ്യത്യസ്തമായ കഴിവുകൾ ഉള്ളവരെ ഉപയോഗപ്പെടുത്തി മുന്നോട്ട് പോകുമ്പോൾ അതിൽനിന്നും ഉണ്ടാകുന്ന ഫലം കൂടുതൽ നല്ലതാവാനേ സാധ്യതയുള്ളൂ.

ഒരു സംവിധാനത്തിനു കീഴിലുള്ള പ്രധാന ഭാരവാഹി മുതൽ താഴെക്കിടയിലുള്ള സാധാരണ മെമ്പർക്കുവരെ കൃത്യമായ റോൾ ഉണ്ടാവണം. എനിക്കും ചെയ്തുതീർക്കാൻ ഉത്തരവാദിത്തമുണ്ട് എന്ന് അയാൾക്ക് ബോധ്യപ്പെടുക എന്നതാണ് പ്രധാനം. അതിനുള്ള വഴി പ്രവർത്തനങ്ങളെ

**ഒരു സംഘാടകൻ സംഘടനാപരമായ ഏതു കാര്യം ചെയ്യുമ്പോഴും ഒന്നിലധികം ആളുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തണം. കാര്യങ്ങൾ ഒറ്റക്ക് ചെയ്യുക എന്നത് ആത്മാർഥതയുടെ ഭാഗമാണ് എന്ന തെറ്റിദ്ധാരണ പലർക്കുമുണ്ട്. വാസ്തവത്തിൽ ഒരു സംഘാടകന്റെ ആത്മാർഥത എന്നത് 'ഒറ്റക്ക് ഒന്നും ചെയ്യില്ല' എന്നതിലാണ്. മറ്റുള്ളവരുടെ പിന്നാലെ നടക്കാതെ കാര്യങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ നല്ലത് ഒറ്റക്ക് ചെയ്യുന്നതല്ലേ എന്ന് പലരും ചിന്തിച്ചേക്കാം. അത് തികച്ചും തെറ്റായ ചിന്തയാണ്. ഒറ്റക്ക് കാര്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ കഴിവിലും ചിന്തയിലും അത് പരിമിതപ്പെടും. കൂട്ടമായി ചെയ്യുമ്പോൾ കൂടെയുള്ളവരുടെ വീക്ഷണങ്ങളും കഴിവും പ്രാവീണ്യവും ഒക്കെ ഉപയോഗപ്പെടുത്താൻ സാധിക്കും. ഒറ്റക്ക് ചെയ്യുന്നതിനെക്കാൾ ഭംഗിയായും കൂടുതൽ ഫലവത്തായും കാര്യങ്ങൾ നടക്കും.**

**കാര്യങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് സംഘടനയിൽ പ്രധാന സംഘാടകരുടെ റോൾ. അത് ചെയ്യാതെ പോകുമ്പോഴാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നില്ല എന്ന അവസ്ഥ വരുന്നത്. അത് ആളുകളുടെ എണ്ണം കുറഞ്ഞാൽ കാര്യങ്ങൾ എളുപ്പമാകും എന്ന ചിന്തയിലേക്ക് അവരെ കൊണ്ടെത്തിക്കും. ഏതൊരു കാര്യം ചെയ്യാനും പരമാവധി ആളുകൾ ഉണ്ടാവട്ടെ; പക്ഷേ, അതിൽ ഏകോപന ചുമതലയുള്ള ഒരാൾ നിർബന്ധമായും ഉണ്ടാകണം. അയാൾക്ക് മറ്റ് ഉത്തരവാദിത്തങ്ങൾ ഉണ്ടാവരുത്. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക എന്നത് മാത്രമാവണം അദ്ദേഹത്തിന്റെ ചുമതല. ഈ ചുമതലയുടെ അഭാവമാണ് പ്രവർത്തന രംഗത്ത് ഉണ്ടാകുന്ന മന്ദീഭാവത്തിന് കാരണം. ഒരു സംഘാടകൻ മറ്റുള്ളവരുടെ കഴിവുകൾ എങ്ങനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താം എന്നാണ് ചിന്തിക്കുക, ഏതൊരാളുടെ കഴിവും നാടിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്താൻ ഒരു സംഘാടകന്റെ പക്വമായ ഇടപെടൽകൊണ്ട് സാധ്യമാകും.**

പരമാവധി വിഭജിക്കുക. കമ്മിറ്റിയിലുള്ള എല്ലാവർക്കും ഓരോ പ്രവർത്തനത്തിന്റെ സ്വതന്ത്ര ഉത്തരവാദിത്തം നൽകുക. ആ കാര്യം ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം എനിക്കാണ് എന്ന് അയാൾക്ക് ബോധ്യപ്പെടണം. എന്നാൽ അയാൾ സ്വന്തമായല്ല അത് ചെയ്യേണ്ടത്. അത് കൂട്ടമായി തന്നെയാണ്. ഇങ്ങനെ ചെയ്ത് നോക്കൂ. ഊണും ഉറക്കും ഒഴിഞ്ഞു ഓടേണ്ടിവരില്ല. ഒരു മാരത്തൺ പോലെ എല്ലാവരും ഒരുമിച്ച് ഓടും. ഓരോരുത്തരുടെയും കഴിവനുസരിച്ച് ഓടിയോടി അവർ അതിൽ ജയിക്കുകയും ചെയ്യും. ഏത് വലിയ പ്രോഗ്രാമും സിമ്പിളായി ചെയ്തുതീർക്കാൻ സാധിക്കും. അതുകൊണ്ട് ഭാരവാഹികളുടെയും സംഘാടകരുടെയും എണ്ണം എങ്ങനെ കുറയ്ക്കാം എന്നല്ല ഒരു നല്ല സംഘടനാ പ്രവർത്തകൻ ആലോചിക്കേണ്ടത്, മറിച്ച് ചുറ്റുമുള്ളവരെ എങ്ങനെ പരമാവധി ഉപയോഗപ്പെടുത്താം എന്നാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കിയ മത-രാഷ്ട്രീയ സംഘടനകൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. വ്യക്തിപരമായ അനുഭവങ്ങൾ വേറെയും.

ഓരോ വ്യക്തിക്കും അയാൾ മാത്രം യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം കൊടുത്താൽ അതിനെക്കുറിച്ച് അയാൾ ആലോചിക്കുകയും അത് പരമാവധി ഭംഗിയായി നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യും. അത് അയാൾ അനാവശ്യമായ മറ്റ് കാര്യങ്ങളിലേക്കും ഊഹാപോഹങ്ങൾക്കും പിറകെ പോകുന്നത് തടയുകയും സമാധാന പൂർണമായ ഒരു സംഘടനാ അന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുകയും ചെയ്യും. വ്യക്തികളെ നിർമാണാത്മക കാര്യങ്ങളിൽ ബന്ധിതമാക്കിയാൽ പ്രയാസങ്ങളും പ്രതിസന്ധികളും ഒരു പരിധിവരെ കുറക്കാൻ സാധ്യമാകും.

**സംഘാടകന്റെ റോൾ?**

എല്ലാ സംവിധാനങ്ങളിലും അതിന്റെ പ്രധാന ഉത്തരവാദിത്തമുള്ള ആളുകൾ ധാരാളം ചുമതലകൾ ഏറ്റെടുക്കുന്നതായി കാണാറുണ്ട്. അത് ശരിയായ രീതിയല്ല. കാര്യങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് സംഘടനയിൽ പ്രധാന സംഘാടകരുടെ റോൾ. അത് ചെയ്യാതെ പോകുമ്പോഴാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നില്ല എന്ന അവസ്ഥ വരുന്നത്. അത് ആളുകളുടെ എണ്ണം കുറഞ്ഞാൽ കാര്യങ്ങൾ എളുപ്പമാകും എന്ന ചിന്തയിലേക്ക് അവരെ കൊണ്ടെത്തിക്കും. ഏതൊരു കാര്യം ചെയ്യാനും പരമാവധി ആളുകൾ ഉണ്ടാവട്ടെ; പക്ഷേ, അതിൽ ഏകോപന ചുമതലയുള്ള ഒരാൾ നിർബന്ധമായും ഉണ്ടാകണം. അയാൾക്ക് മറ്റ് ഉത്തരവാദിത്തങ്ങൾ ഉണ്ടാവരുത്. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നൂ എന്ന് ഉറപ്പ് വരുത്തുക എന്നത് മാത്രമാവണം അദ്ദേഹത്തിന്റെ ചുമതല. ഈ ചുമതലയുടെ അഭാവമാണ് പ്രവർത്തന രംഗത്ത് ഉണ്ടാകുന്ന





മന്ദീഭാവത്തിന് കാരണം. ഒരു സംഘാടകൻ മറ്റുള്ളവരുടെ കഴിവുകൾ എങ്ങനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താം എന്നാണ് ചിന്തിക്കുക, ഏതൊരാളുടെ കഴിവും നാടിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്താൻ ഒരു സംഘാടകന്റെ പക്വമായ ഇടപെടൽകൊണ്ട് സാധ്യമാകും. തിന്മകളുടെ വഴിയേ സഞ്ചരിക്കുന്നവരെ കണ്ടില്ലെന്ന് നടിക്കാനോ അവരെ അവഗണിക്കാനോ നമുക്ക് സാധ്യമല്ല. അവരുടെ ചിന്തയെയും കർമശേഷിയെയും നന്മയിലേക്ക് വഴിതിരിച്ചുവിടുകയാണ് നാം ചെയ്യേണ്ടത്, അത് നമ്മുടെ ബാധ്യതയാണ്.

ജീവിതത്തിന്റെ ഏറ്റവും ചെറിയ സംഘടിത രൂപമായ കുടുംബം മുതൽ സമൂഹത്തിലെ വിവിധ തലങ്ങളിൽ സംഘടനാ പ്രവർത്തകരാണ് നമ്മൾ ഓരോരുത്തരും. ദൗത്യനിർവഹണത്തിൽ വരുന്ന വീഴ്ചകൾ നമുക്കും ചുറ്റുമുള്ളവർക്കും പ്രയാസങ്ങൾ സൃഷ്ടിച്ചേക്കാം. വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാൻ വേണ്ടി ദിവസത്തിൽ ഒന്നിലധികം തവണ കുടുംബിനികൾ ആവശ്യപ്പെടുമ്പോൾ സ്വാഭാവികമായും കുടുംബനാഥന് പ്രയാസമുണ്ടാകും. ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കിയാൽ ഈ പ്രയാസം ഒഴിവാക്കാം. അങ്ങനെയായാൽ വാങ്ങാനും എളുപ്പം ഒന്നും മറന്നുപോകുകയുമില്ല. ഇത് ശീലമാക്കിയാൽ പിന്നെ ക്രമേണ ഷോപ്പിങ് ആഴ്ചയിൽ ഒന്നോ രണ്ടോ ആക്കി ചുരുക്കാം. അപ്പോൾ സമയം ലാഭിക്കാം. സാധനങ്ങൾ വാങ്ങുന്നതിന്റെ പേരിലുണ്ടാകുന്ന കുടുംബ വഴക്ക്, സാമ്പത്തിക നഷ്ടം, നിരാശ എന്നിവ ഒഴിവാകുകയും ചെയ്യും. സന്തോഷകരമായ ഒരു കുടുംബാന്തരീക്ഷം സംജാതമാകും.

ഒരു മനുഷ്യൻ കുടുംബം, സമൂഹം എന്നിവയുടെ നിർണായക ഘടകമാണ്. അതുകൊണ്ട് സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കാൻ പാടില്ല. കല്യാണത്തിലും മറ്റു ക്ഷണിക്കപ്പെട്ട പരിപാടികളിലും പങ്കെടുക്കാനും രോഗികളെ സന്ദർശിക്കാനും സമയം കണ്ടെത്തണം. മത, സാമൂഹ്യ, രാഷ്ട്രീയ ഇടങ്ങളിൽ നമ്മുടെതായ ഭാഗധേയം നിർവഹിക്കാൻ തയ്യാറാവണം. നമ്മുടെ അസാന്നിധ്യം നമുക്കും കുടുംബത്തിനും സമൂഹത്തിനും ഒരുപക്ഷേ, പ്രയാസങ്ങൾ സൃഷ്ടിച്ചേക്കാം. നല്ല സംഘാടകൻ നാടിനും കുടുംബത്തിനും സമൂഹത്തിന് മൊത്തത്തിലും വെളിച്ചമായിരിക്കണം. ഇടപെടാവുന്ന കാര്യങ്ങളിൽ പരമാവധി ക്രിയാത്മകമായ ഇടപെടൽ നടത്താൻ സാധിക്കണം. നമ്മുടെ നന്മ അനുഭവിച്ചറിയാനും ആസ്വദിക്കാനും നാടും കുടുബവും സമൂഹവും കാത്തിരിക്കുന്നുണ്ട്. എല്ലാവരും തങ്ങളുടെതായ ഭാഗധേയം നിർവഹിക്കാൻ തയ്യാറായാൽ സക്രിയമായ ഒരു സമൂഹസൃഷ്ടി സാധ്യമാണ്.

**ഒരു മനുഷ്യൻ കുടുംബം, സമൂഹം എന്നിവയുടെ നിർണായക ഘടകമാണ്. അതുകൊണ്ട് സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കാൻ പാടില്ല. കല്യാണത്തിലും മറ്റു ക്ഷണിക്കപ്പെട്ട പരിപാടികളിലും പങ്കെടുക്കാനും രോഗികളെ സന്ദർശിക്കാനും സമയം കണ്ടെത്തണം. മത, സാമൂഹ്യ, രാഷ്ട്രീയ ഇടങ്ങളിൽ നമ്മുടെതായ ഭാഗധേയം നിർവഹിക്കാൻ തയ്യാറാവണം. നമ്മുടെ അസാന്നിധ്യം നമുക്കും കുടുംബത്തിനും സമൂഹത്തിനും ഒരുപക്ഷേ, പ്രയാസങ്ങൾ സൃഷ്ടിച്ചേക്കാം. നല്ല സംഘാടകൻ നാടിനും കുടുംബത്തിനും സമൂഹത്തിന് മൊത്തത്തിലും വെളിച്ചമായിരിക്കണം. ഇടപെടാവുന്ന കാര്യങ്ങളിൽ പരമാവധി ക്രിയാത്മകമായ ഇടപെടൽ നടത്താൻ സാധിക്കണം. നമ്മുടെ നന്മ അനുഭവിച്ചറിയാനും ആസ്വദിക്കാനും നാടും കുടുബവും സമൂഹവും കാത്തിരിക്കുന്നുണ്ട്. എല്ലാവരും തങ്ങളുടെതായ ഭാഗധേയം നിർവഹിക്കാൻ തയ്യാറായാൽ സക്രിയമായ ഒരു സമൂഹസൃഷ്ടി സാധ്യമാണ്.**

മുസ്‌ലിം എന്ന നിലയിൽ മതാധ്യാപനങ്ങൾ സ്വീകരിച്ചാചരിക്കുക നമ്മുടെ ബാധ്യതയാണ്. അത് പ്രത്യേകം പരാമർശിക്കേണ്ടതില്ല എന്നതുകൊണ്ടാണ് ഈ എഴുത്തിൽ ആ കാര്യങ്ങൾ ഉൾപ്പെടുത്താതിരുന്നത്. മത, സാമൂഹ്യ, സാംസ്കാരിക, തൊഴിൽ, കുടുംബ രംഗങ്ങളിൽ ഇടപെടുന്ന ഒരു നല്ല മുസ്‌ലിം എന്ന നിലയിൽ നമ്മൾ പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് സൂചിപ്പിച്ചത്. ■

# ദഅ്‌വത്തും കൂട്ടായ്മയും

ശമീർ മദീനി
: 9048221212



ഒറ്റക്ക് കൈവരിക്കാൻ പറ്റാത്ത പല നേട്ടങ്ങളും ഒരു കൂട്ടായ്മയിലൂടെ കരസ്ഥമാക്കാൻ കഴിയും. ദഅ്‌വത്തിന്റെ കാര്യവും ഇതിൽനിന്ന് വിഭിന്നമല്ല. ദൈവദൂതന്മാരും അവരുടെ അനുചരന്മാരുമെല്ലാം പരസ്പരം സഹകരിച്ച് സംഘടിച്ചുതന്നെയാണ് ദഅ്‌വത്ത് നിർവഹിച്ചിരുന്നത്. ദഅ്‌വത്തിനിറങ്ങുന്ന മൂസാനബി(അ)യുടെ പ്രാർഥന ക്വുർആൻ ഉദ്ധരിക്കുന്നു:

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിനായി എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ചുതരേണമേ. എന്റെ കുടുംബത്തിൽ നിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപെടുത്തുകയും ചെയ്യേണമേ. അതായത് എന്റെ സഹോദരൻ ഹാറൂനെ, അവൻ മുഖേന എന്റെ ശക്തി നീ ദൃഢമാക്കുകയും എന്റെ കാര്യത്തിൽ അവനെ നീ പങ്കാളിയാക്കുകയും ചെയ്യേണമേ...."(20:25-35).

"എന്റെ സഹോദരൻ ഹാറൂൻ എന്നെക്കാൾ വ്യക്തമായി സംസാരിക്കാൻ കഴിവുള്ളവനാകുന്നു. അതുകൊണ്ട് എന്നോടൊപ്പം എന്റെ സത്യത സ്ഥാപിക്കുന്ന ഒരു സഹായിയായിക്കൊണ്ട് അവനെ നീ നിയോഗിക്കേണമേ. അവർ എന്നെ നിഷേധിച്ചുകളയുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു" (28:34).

അതിന് ഉത്തരം നൽകിക്കൊണ്ട് അല്ലാഹു പറഞ്ഞു: "അവൻ (അല്ലാഹു) പറഞ്ഞു: നിന്റെ സഹോദരൻ മുഖേന നിന്റെ കൈക്ക് നാം ബലം നൽകുകയും നിങ്ങൾക്കിരുവർക്കും നാം ഒരു ആധികാരിക ശക്തി നൽകുകയും ചെയ്യുന്നതാണ്. അതിനാൽ അവർ നിങ്ങളുടെ അടുത്ത് എത്തുകയില്ല. നമ്മുടെ ദൃഷ്ടാന്ത

> **സംഘടന ബിദ്അത്തല്ല. ബാധ്യതാ നിർവഹണത്തിന് ഏറെ സഹായകമാണ് സംഘടന. പരസ്പരം കൂടിയാലോചിക്കുന്ന ഒരു ആലോചനാ സമിതിയും അവർക്ക് അവലംബിക്കാവുന്ന ഒരു നേതൃത്വവും ഉണ്ടാകണം. ഇത് അതിമഹത്തരവും വിജയകാരണങ്ങളിൽ പെട്ടതുമാണ്. വ്യവസ്ഥാപിതമല്ലാത്ത പ്രവർത്തനങ്ങളെക്കാൾ വിജയസാധ്യത വ്യവസ്ഥാപിത പ്രവർത്തനങ്ങൾക്കാണുള്ളത്. അല്ലാഹുവിലേക്ക് ദഅ്വത്തിനായുള്ള സംഘടന ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നതിനും പള്ളിപരിപാലനങ്ങൾക്കും മറ്റും വ്യവസ്ഥാപിതമായി പ്രവർത്തിക്കുകയാണ് വേണ്ടത്. അതിൽ ധാരാളം നന്മയുണ്ട്. അത് ബിദ്അത്തല്ല. മറിച്ച് ശറഇൽപെട്ടതുതന്നെയാണ്.**

ങ്ങൾ നിമിത്തം നിങ്ങളും നിങ്ങളെ പിന്തുടരുന്നവരും തന്നെയായിരിക്കും വിജയികൾ'' (28:35).

ഈസാ നബി(അ) ദഅ്വത്തിന്റെ മാർഗത്തിൽ സഹായിക്കാനും തന്നോട് സഹകരിക്കാനും അനുചരന്മാരോട് അഭ്യർഥിക്കുന്നതായി കാണാം:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ ‘അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട്’ എന്ന് ഹവാരികളോട് ചോദിച്ചതു പോലെ. ഹവാരികൾ പറഞ്ഞു: ‘ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു.’ അപ്പോൾ ഇസ്റാഈൽ സന്തതികളിൽപെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവൻ മികവുറ്റവരായിത്തീരുകയും ചെയ്തു'' (61:14).

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഇബ്നു കസീർ പറയുന്നു: “അല്ലാഹുവിലേക്കുള്ള ദഅ്വത്തിൽ എന്നെ സഹായിക്കാനാരുണ്ട്?'' (തഫ്സീർ ഇബ്നു കസീർ. വാല്യം 4. പേജ് 462). “ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു'' (61:14). ‘അതായത് താങ്കൾ ഏതൊരു ദൗത്യവുമായിട്ടാണോ നിയുക്തനായിരിക്കുന്നത്. അതിൽ താങ്കളെ ഞങ്ങൾ ശക്തമായി പിന്തുണക്കുന്നതാണ്.’

അതുകൊണ്ടാണ് മൂസാനബി (അ) അവരെ ഇസ്റാഈല്യരിലേക്കും ഗ്രീക്കുകാരിലേക്കും പ്രബോധകരായി അയച്ചത്. ഇപ്രകാരംതന്നെ മുഹമ്മദ് നബി (സ്വ) ഹിജ്റക്കു മുമ്പുള്ള ഹജ്ജ് വേളകളിൽ പറയുമായിരുന്നു: “ആരാണ് എന്റെ റബ്ബിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനായി എനിക്ക് സംരക്ഷണം നൽകുക? ക്വുറൈശികൾ അതിൽനിന്ന് എന്നെ തടയുകയാണ്.'' അങ്ങനെ മദീനക്കാരായ ഔസുകാരെയും ഖസ്റജുകാരെയും അല്ലാഹു നബി(സ്വ)ക്ക് ഏർപെടുത്തിക്കൊടുത്തു. അവർ അദ്ദേഹത്തോട് കരാർ ചെയ്യുകയും പിന്തുണക്കുകയും ചെയ്തു. തങ്ങളുടെ കൂടെ വരികയാണെങ്കിൽ എല്ലാ സന്ദർഭത്തിലും സഹായികളും സംരക്ഷകരുമായി ഉണ്ടാകുമെന്നവർ വാക്കുകൊടുത്തു. നബി(സ്വ) തന്നോടൊപ്പമുള്ള അനുചരന്മാരോടൊത്ത് ഹിജ്റ ചെയ്ത് മദീനയിലെത്തിയപ്പോൾ അല്ലാഹുവിന്റെ പേരിൽ ചെയ്ത ആ ഉടമ്പടി അവർ പാലിച്ചു. ഇക്കാരണത്താൽ അല്ലാഹുവും അവന്റെ റസൂലും അവരെ ‘സഹായികൾ’ എന്നു വിളിച്ചു.

‘ഉലുൽ അസ്മു’കളിൽപെട്ട മഹാന്മാരായ ഈ പ്രവാചകന്മാർക്ക് ദഅ്വത്തിന്റെ മാർഗത്തിൽ പരസഹായവും സഹകരണവും ആവശ്യമായെങ്കിൽ, ദഅ്വത്ത് നല്ല രീതിയിൽ നടക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഏത് വിശ്വാസിക്കാണ് ദഅ്വത്തിന്റെ കൂട്ടായ്മയെ എതിർത്തുകൊണ്ട് ഒറ്റക്ക് പ്രവർത്തിച്ചാൽ മതി എന്ന് പറയുവാൻ സാധിക്കുക?

ദഅ്വത്തിനായി വിശ്വാസികളുടെ ഒരുസംഘം ഉണ്ടാകുവാനാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്. അല്ലാതെ സംഘത്തെ എതിർക്കുകയോ ഒറ്റക്കൊറ്റക്ക് പ്രവർത്തിച്ചാൽ മതി എന്നോ അല്ല. “നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ''(3:104).

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കസീർ പറയുന്നു: “ഓരോരുത്തരുടെയും കഴിവനുസരിച്ച് എല്ലാവർക്കും അത് (ദഅ്വത്ത്) ബാധ്യതയാണ്. എങ്കിൽകൂടി ഈ സമൂഹത്തിൽനിന്ന് ഒരു വിഭാഗം ഈ ഉത്തരവാദിത്ത നിർവഹണത്തിനുണ്ടായിരിക്കേണ്ടതുണ്ട്. (സ്വഹീഹു മുസ്ലിമിൽ സ്ഥിരപ്പെട്ടപോലെ) അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ‘നിങ്ങളിലാരെങ്കിലും ഒരു തിന്മ കണ്ടാൽ അത് തന്റെ കൈകൊണ്ട് തടുക്കട്ടെ. കഴിയില്ലെങ്കിൽ തന്റെ നാവുകൊണ്ട്. അതിനും സാധ്യമല്ലായെങ്കിൽ തന്റെ ഹൃദയംകൊണ്ടെങ്കിലും. അതാകട്ടെ ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്.’ മറ്റൊരു റിപ്പോർട്ടിൽ



'അതിനപ്പുറം ഒരു കടുകുമണി യോളമെങ്കിലും ഈമാൻ അവി ശേഷിക്കുന്നില്ല' എന്നാണുള്ള ത്'' (തഫ്സീർ ഇബ്നു കസീർ. വാള്യം 1, പേജ് 508).

പുണ്യത്തിലും തക്‌വയിലും പരസ്പരം സഹകരിക്കാൻ വിശ്വാ സികളോട് ക്വുർആൻ നിർദേശി ക്കുന്നു: ''പുണ്യത്തിലും ധർമനി ഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോ ന്യം സഹായിക്കരുത്''(5:2).

മുആദുബ്ൻജബലി(റ)നെയും അബൂമൂസൽ അശ്അരി(റ)യെയും ദഅ്‌വത്തിനായി യമനിലേക്ക് പറ ഞ്ഞയച്ച നബി(സ്വ) അവരോട് പറയുകയുണ്ടായി: ''നിങ്ങൾ പര സ്പരം സഹകരിക്കുക. ഭിന്നിക്കരു ത്'' (ബുഖാരി, മുസ്‌ലിം).

യാത്രയിൽ മൂന്നാളുണ്ടായാൽ ഒരാളെ നേതൃത്വം ഏൽപിക്കണ മെന്ന് ശാസിക്കുന്ന ഹദീസിനെ വിശദീകരിച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റഹി) പറഞ്ഞു: ''യാത്രയിലുള്ള ചെറുകൂ ട്ടായ്മയിൽതന്നെ നേതൃത്വം വഹി ക്കാനാളുണ്ടാവണമെന്ന് നബി (സ്വ) കൽപിച്ചു. മറ്റു കൂട്ടായ്മകളി ലും ഇത് അനിവാര്യമാണ്. നന്മ കൽപിക്കലും തിന്മ വിരോധിക്ക ലും അല്ലാഹു നിർബന്ധമാക്കി. ശക്തിയും നേതൃത്വവുമില്ലാതെ അത് പരിപൂർണമാവുകയില്ല'' (മജ്മൂഉൽ ഫതാവാ വാള്യം 28, പേജ് 390).

### പണ്ഡിതന്മാർ എന്തു പറയുന്നു?

ശൈഖ് അൽബാനിയോടുള്ള ചോദ്യവും മറുപടിയും കാണുക:

*ചോദ്യം:* ഓരോ സലഫി യുവാ വിനും തന്റെ സലഫി ആദർശ ത്തിലേക്ക് ക്ഷണിക്കുന്നത് സം ഘടനയിലൂടെ തന്നെയാകൽ അനിവാര്യമാണോ? അതല്ല സലഫി സംഘടനയുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റ ക്ക് ദഅ്‌വത്ത് ചെയ്യൽ അനുവദ നീയമാകുമോ?

*മറുപടി:* ''അല്ലാഹു പറയുന്നു: 'നി ങ്ങൾ സത്യം പറയുന്നവരോടൊ പ്പമാവുക.' നബി(സ്വ) പറയുന്നു: 'അല്ലാഹുവിന്റെ സഹായം സംഘ ത്തോടൊപ്പമാണ്. നിങ്ങൾ സംഘ ടിതമായി നിലകൊള്ളുക. ആടു കളിൽനിന്ന് ഒറ്റപ്പെട്ടവയെയാണ് ചെന്നായ തിന്നുക.'

മതപരമായ തെളിവുകളിലെ പരിജ്ഞാനത്തിലൂടെയും അനു ഭവത്തിലൂടെയും നമ്മൾ പരിച യിച്ചറിഞ്ഞിട്ടുള്ളത്, ചോദ്യത്തിൽ വന്നതുപോലെ സലഫി ആദർശ ക്കാരനാണെന്ന് പറയുകയും സം ഘടനയിൽ ചേരാൻ ആഗ്രഹിക്കു ന്നില്ലെന്നും തനിച്ചാണ് ദഅ്‌വത്ത് നടത്തുന്നതെന്നും പറയുന്നവരു ടെയൊക്കെ അന്ത്യം ദഅ്‌വത്തിൽ നിന്നുതന്നെ ഒറ്റപ്പെട്ടുപോകലാ ണ്. ഇത് നാം അനുഭവത്തിലൂടെ അറിഞ്ഞതാണ്. കാരണം അല്ലാ ഹു തന്റെ പ്രവാചകനായ മൂസാ നബി(അ)യോട് 'നിന്റെ സഹോ ദരനെക്കൊണ്ട് നിനക്ക് നാം ശക്തിപകരുന്നതാണ്' എന്ന് പറ ഞ്ഞിട്ടുണ്ടെങ്കിൽ കേവലം ഒരു വ്യ ക്തി മാത്രമായ മുസ്‌ലിം എന്താ ണ് പറയുക? അവന് ആരുടെയും പിൻബലവും സഹായവും ആവ ശ്യമില്ലേ? നിസ്സംശയം, 'സഹായം ആവശ്യമുണ്ട്' എന്ന് തന്നെയായി രിക്കും മറുപടി.

അതിനാൽ ആ സലഫി യുവാ വിന് തന്റെ നാട്ടിലുള്ള സലഫി സംഘടനയിൽ ചേർന്ന് പ്രവർ ത്തിക്കലാണ് കരണീയമായി ട്ടുള്ളത്. വിശിഷ്യാ തന്റെയും അവരുടെയും ദഅ്‌വത്ത് ഒന്നാ കുന്നിടത്തോളം. കാരണം മുമ്പ് പറഞ്ഞ ആയത്തുകൾ സൂചിപ്പി ക്കുന്നപോലെ അതിൽ അവനും അവർക്കും ശക്തിപകരലുണ്ട്. എന്നാൽ സംഘടനയിൽനിന്ന്

**ദഅ്‌വത്തിനായി വിശ്വാസികളുടെ ഒരുസംഘം ഉണ്ടാകുവാനാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്. അല്ലാതെ സംഘത്തെ എതിർക്കുകയോ ഒറ്റക്കൊറ്റക്ക് പ്രവർത്തിച്ചാൽ മതി എന്നോ അല്ല. ''നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ''(3:104). ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കസീർ പറയുന്നു: ''ഓരോരുത്തരുടെയും കഴിവനുസരിച്ച് എല്ലാവർക്കും അത് (ദഅ്‌വത്ത്) ബാധ്യതയാണ്.' എങ്കിൽകൂടി ഈ സമൂഹത്തിൽനിന്ന് ഒരു വിഭാഗം ഈ ഉത്തരവാദിത്ത നിർവഹണത്തിനുണ്ടായിരിക്കേണ്ടതുണ്ട്.**

അകന്നുതന്നെ നിൽക്കാൻ തീരുമാനിച്ചുറച്ചാൽ സംശയമില്ല 'ചെന്നായ്ക്കൾ' അവനെ പിടിച്ച് തിന്നും; നടേ സൂചിപ്പിച്ച ഹദീസിലുള്ളതുപോലെ. അതായത് മറ്റു സംഘടനകൾ അവനെ ഏറ്റെടുക്കുകയും അവരിലേക്ക് വലിച്ചുകൊണ്ടുപോവുകയും ചെയ്യും. അത് മുഖേന നേർരേഖയിൽനിന്നും അവൻ വ്യതിചലിച്ച് പോകും. ചിലപ്പോഴത് അവൻ അറിയുന്നുപോലുമുണ്ടാവില്ല. അവസാനമായി ഞാനൊന്ന് പറയട്ടെ. അല്ലാഹു പറയുന്നു: 'നിങ്ങൾ സത്യം പറയുന്നവരോടൊപ്പം നിൽക്കുക.' .തന്റെ ജൽപിത ദഅ്‌വത്തിൽ തനിച്ച് കഴിയാൻ ആഗ്രഹിക്കുന്നവർ നിസ്സംശയം വ്യക്തമായ നഷ്ടത്തിൽതന്നെയാണ്."

*ചോദ്യം:* നിങ്ങൾ പറഞ്ഞത് പ്രകാരം പ്രബോധകന് സലഫി സംഘടനയിലൂടെതന്നെ ദഅ്‌വത്ത് നടത്തൽ അനിവാര്യമാണ്. അങ്ങനെ വരുമ്പോൾ ആ സംഘടനക്ക് (സംഘത്തിന്) യാത്രയിലെ നേതൃത്വത്തെക്കുറിച്ച് പറഞ്ഞ ഹദീസിനോട് തുലനപ്പെടുത്തി അനുസരിക്കപ്പെടുന്ന ഒരു അമീർ (നേതാവ്) ഉണ്ടാകണമെന്ന് താങ്കൾ വിവക്ഷിക്കുന്നുണ്ടോ?

*മറുപടി:* "ചോദ്യത്തിൽ സൂചിപ്പിക്കപ്പെട്ടതുപോലെ ഒരു നേതാവ് ഉണ്ടാകുന്നതിന് യാതൊരു തടസ്സവും ഞാൻ കാണുന്നില്ല. പക്ഷേ, ഇസ്‌ലാമിക രാഷ്ട്രനായകനുള്ള വിധിവിലക്കുകൾ ഇതുമായി ബന്ധിപ്പിക്കരുതെന്ന് മാത്രം. മറിച്ച് കാര്യങ്ങൾ അടുക്കും ചിട്ടയോടെയും ആവുക എന്ന ഇനത്തിലാണ് വരിക..." (അൽഹാവി മിൻഫതാവാ, ശൈഖ് അൽബാനി (ശൈഖ് അൽബാനിയുടെ ഫത്‌വാ സമാഹാരം) വാള്യം 2, പേജ് 191-193).

ശൈഖ് ഇബ്നുബാസ്, ശൈഖ് അൽബാനി, ശൈഖ് സ്വാലിഹുൽ ഫൗസാൻ എന്നിവരുടെ അംഗീകാരത്തോടെ ജംഇയ്യത്തു ഇഹ്‌യാഇത്തുറാസിൽ ഇസ്‌ലാമി പ്രസിദ്ധീകരിച്ച അവരുടെ മാർഗരേഖയിൽ പറയുന്നു:

"വ്യക്തമായ ലക്ഷ്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന സലഫി സംഘടന മതസേവനത്തിനും മുസ്‌ലിംകൾക്ക് നന്മകൾ അർപ്പിക്കുന്നതിനുമുള്ള ഒരു മാർഗമായി ഞങ്ങൾ മനസ്സിലാക്കുന്നു. അത് ദീൻ വിലക്കിയ കക്ഷിത്വത്തിൽ പെടുകയില്ല. പ്രത്യുത മതപ്രബോധനത്തിനും സേവനത്തിനും നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്ന ബാധ്യതാനിർവഹണത്തിനുമുള്ള സൗകര്യപ്രദമായ മാർഗമാണത്.

പ്രത്യേകിച്ച് ഈ ബാധ്യതയെ അവഗണിച്ച, വേണ്ടവിധത്തിൽ അതിനെ പരിഗണിക്കാത്ത നാടുകളിൽ സത്യത്തിന്റെ ആളുകളെ സഹായിക്കൽ നിർബന്ധമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അവരുടെ അംഗബലം വർധിപ്പിക്കലും മതം പ്രോത്സാഹിപ്പിച്ച കാര്യമാണ്. അതിനാൽ ഓരോ മുസ്‌ലിം സഹോദരങ്ങളെയും (സത്യത്തിന്റെ കക്ഷിയുടെ) അംഗബലം വർധിപ്പിക്കുന്നതിനും ഇഹ്‌കളുടെയും ബിദ്അത്തുകളുടെയും ആളുകളെ കയ്യൊഴിക്കുന്നതിനും ഞങ്ങൾ ക്ഷണിക്കുകയാണ്" (മിൻഹാജു ജംഇയ്യത്തി ഇഹ്‌യാഇത്തുറാസിൽ ഇസ്‌ലാമി. പേജ് 41).

ശൈഖ് ഇബ്നുബാസിനോട് സുഡാനിലെ അൻസ്വാറുസ്സുന്ന എന്ന സംഘടനയെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അതിന് നൽകിയ മറുപടി കാണുക.:

*ചോദ്യം:* ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കാത്ത, അല്ലാഹുവിലേക്കുള്ള ദഅ്‌വത്ത് എന്ന ബാധ്യത നിർവഹിക്കാത്ത ഒരു നാട്ടിൽ അൻസ്വാറുസ്സുന്നയെപോലുള്ള സംഘടനയുടെ മതവിധിയെന്താണ്?

*മറുപടി:* സുഡാനിലെ 'അൻസ്വാറുസ്സുന്നത്തിൽ മുഹമ്മദിയ്യ' എന്ന സംഘടന വളരെക്കാലമായി എനിക്ക് സുപരിചിതമാണ്; ദശാബ്ദങ്ങളായിട്ട്. ഞാനറിഞ്ഞിടത്തോളം അത് സ്തുത്യർഹമായ സേവനങ്ങളനുഷ്ഠിക്കുന്ന നല്ലൊരു പ്രസ്ഥാനമാണ്. സർവനന്മകളിലൂടെയും അതിന് ശക്തി പകരുന്നതിനും തികഞ്ഞ പ്രതിഫലം നൽകുന്നതിനും അല്ലാഹുവിനോട് പ്രാർഥിക്കുന്നു... ഈ ചോദ്യത്തിനുള്ള മറുപടി പറയുകയാണെങ്കിൽ സുഡാനിലെ ഈ സംഘടന അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളിൽ പെട്ടതാണ്. അതായത് ദഅ്‌വത്തിന് സന്നദ്ധമായ, മതപരമായ വിധിവിലക്കുകൾ പാലിക്കുന്ന ഒരു വിഭാഗം അവിടെയുണ്ടാവുക എന്നത്... ഞാൻ വ്യക്തിപരമായി സുഡാൻ ജനതയെ ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു. അത് അവർക്ക് പ്രയോജനപ്രദമാകുവാനും അവരുടെ ദൗത്യനിർവഹണത്തിൽ സഹായിക്കുവാനും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുന്നു...



നിസ്സംശയം, സുഡാനിലെ അൻസ്വാറുസ്സുന്നത്തിൽ മുഹമ്മദിയ്യ, ഈജിപ്തിലെ അൻസ്വാറുസ്സുന്ന എന്നീ സംഘടനൾക്ക് നന്മ പ്രചരിപ്പിക്കുന്നതിൽ കാര്യമായ പങ്കുണ്ട്; അവർ ജനങ്ങളെ നന്മയിലേക്കും സലഫി ആദർശത്തിലേക്കും നയിക്കുന്നുണ്ട് എന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല! ഈ സംഘടന ഉപകാരപ്രദമായ നന്മകളുള്ള നല്ല സംഘടനയാണ്. ജനങ്ങളെ ശിർക്കിൽനിന്ന് താക്കീത് ചെയ്യുന്നതിലും തൗഹീദിലേക്ക് ക്ഷണിക്കുന്നതിലും സുന്നത്ത് പിൻപറ്റുവാനും ബിദ്അത്ത് കയ്യൊഴിക്കാൻ പ്രേരിപ്പിക്കുന്നതിലും ഈ സംഘടനക്ക് വലിയ പങ്കുണ്ട്. അവർക്ക് ഹിദായത്തും തൗഫീകും അധികരിപ്പിക്കുവാൻ അല്ലാഹുവോട് പ്രാർഥിക്കുന്നു...'' (ഹുക്മുൽ അമലിൽ ജമാഈ (സംഘടിത പ്രവർത്തനത്തിന്റെമതവിധി) എന്ന ഗ്രന്ഥത്തിൽനിന്ന്. പേജ് 42).

ശൈഖ് റബീഅ് അൽമദ്ഖലി പറയുന്നു: "ഇന്നേദിവസംവരെ, ക്വുർആനിന്റെയും ഹദീസിന്റെയും മാർഗരേഖയനുസരിച്ചുള്ള സംഘടിത പ്രവർത്തനം നിഷിദ്ധമെന്ന് പറഞ്ഞ ആധുനികരും പൗരാണികരുമായ ഒരൊറ്റ സലഫി പ്രവർത്തകനെയും എനിക്കറിയില്ല. അതിന് ഏറ്റവും വലിയ തെളിവ് ഏത് സ്ഥലങ്ങളിലെയും സലഫികളുടെ സ്ഥിതിവിശേഷങ്ങളാണ്. അവർക്ക് വിദ്യാലയങ്ങളും സർവകലാശാലകളുമുണ്ട്. അവക്കെല്ലാം ഉത്തരവാദപ്പെട്ട ബോഡികളും ഉദ്യോഗസ്ഥന്മാരും അധ്യാപകരും അതിന്റേതായ ബജറ്റുകളുമുണ്ട്. അവർക്ക് (സലഫികൾക്ക്) ഇന്ത്യയിലും പാകിസ്ഥാനിലും ബംഗ്ലാദേശിലും മറ്റും സംഘടനകളുമുണ്ട്....ഈജിപ്തിലെയും സുഡാനിലേയും 'അൻസ്വാറുസ്സുന്ന'ക്ക് വിദ്യാലയങ്ങളും പള്ളികളുമുണ്ട്. സംഘടിതമായ പ്രവർത്തനങ്ങളുമുണ്ട്. യമനിലും അങ്ങനെത്തന്നെ. ഒരു സലഫി പണ്ഡിതനാകട്ടെ, വിദ്യാർഥിയാകട്ടെ സംഘടിത

**ഒരുസംഘം ദഅ്‌വത്തിനുവേണ്ടി ഇറങ്ങിപ്പുറപ്പെട്ടാൽ അവർ നന്മയിലും തക്വ്‌വയിലും പരസ്പരം സഹായിക്കേണ്ടതുണ്ട്-ഏത് സ്ഥലത്തായിരുന്നാലും- ഇത് വളരെ നല്ല കാര്യമാണ്. നബി(സ്വ) എഴുപത് ക്വുർആൻ പണ്ഡിതന്മാരെ ദഅ്‌വത്തിനും അധ്യാപനത്തിനുമായി ചില ഗോത്രങ്ങളിലേക്ക് അയച്ചിട്ടുണ്ട്. വ്യക്തികളും സംഘങ്ങളുമായി പ്രബോധകരെ മതാധ്യാപനത്തിന് അവിടുന്ന് അയക്കാറുണ്ട്. ഇസ്‌ലാം സ്വീകരിച്ച അൻസ്വാറുകളെ പഠിപ്പിക്കുന്നതിന് വേണ്ടി മിസ്അബ്ബ്‌നു ഉമൈറി(റ)നെ ഹിജ്‌റക്ക് മുമ്പ് മദീനയിലേക്ക് അയച്ചു'' (ശൈഖ് ഇബ്‌നുബാസിന്റെ മജ്മൂഉൽ ഫതാവാ, പേജ് 178, 179; ഭാഗം 8). സംഘടന തിന്മയാണെന്ന് പറയാൻ ചിലർ തെളിവായുദ്ധരിക്കുന്നത് ഹുദൈഫ(റ)യുടെ ഒരു ഹദീസാണ്. എന്നാൽ സംഘടന തിന്മയല്ല; നന്മയാണ് എന്ന് പറയുന്ന പണ്ഡിതന്മാർ ആ ഹദീസ് കാണാത്തവരോ ഗ്രഹിക്കാത്തവരോ അല്ല.**

പ്രവർത്തനത്തെ എതിർക്കുകയോ നിഷിദ്ധമെന്ന് പറയുകയോ അതിന്റെയാളുകളെ ബിദ്അത്തുകാരെന്ന് പറയുന്നതോ ആയി നാം കേട്ടിട്ടില്ല'' (ജമാഅത്തുൻ വാഹിദ ലാജമാആത്ത്, പേജ് 52, 53).

ശൈഖ് ഇബ്‌നുബാസിനോടുള്ള ഒരു ചോദ്യത്തിന് അദ്ദേഹം നൽകുന്ന മറുപടി ശ്രദ്ധേയമാണ്.

ചോദ്യം: അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ദഅ്‌വത്തിൽ പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിന്റെ വിധിയെന്താണ്? ചിലർ അത് നൂതനമായ ബിദ്അത്താണെന്ന് പറയുന്നു!

"അല്ലാഹുവിലേക്കുള്ള ദഅ്‌വത്തിന്റെ കാര്യത്തിൽ പരസ്പര സഹായം ആവശ്യമാണ്. അല്ലാഹു പറഞ്ഞപോലെ എല്ലാ നന്മയിലും അത് വേണം. 'തക്വ്‌വയിലും പുണ്യത്തിലും നിങ്ങൾ പരസ്പരം സഹായിക്കുക.' നബി (സ്വ) പറഞ്ഞു: 'ആരെങ്കിലും തന്റെ സഹോദരന്റെ ആവശ്യനിർവഹണത്തിൽ സഹായിച്ചാൽ അല്ലാഹു അവനെയും സഹായിക്കും.' അല്ലാഹു പറയുന്നു: 'കാലംതന്നെയാണ് സത്യം. മനുഷ്യൻ തിരാനഷ്ടത്തിലാണ്. വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും സത്യംകൊണ്ടും ക്ഷമകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ.'

ഒരുസംഘം ദഅ്‌വത്തിനുവേണ്ടി ഇറങ്ങിപ്പുറപ്പെട്ടാൽ അവർ നന്മയിലും തക്വ്‌വയിലും പരസ്പരം സഹായിക്കേണ്ടതുണ്ട്-ഏത് സ്ഥലത്തായിരുന്നാലും-ഇത് വളരെ നല്ല കാര്യമാണ്. നബി(സ്വ) എഴുപത് ക്വുർആൻ പണ്ഡിതന്മാരെ ദഅ്‌വത്തിനും അധ്യാപനത്തിനുമായി ചില ഗോത്രങ്ങളിലേക്ക് അയച്ചിട്ടുണ്ട്. വ്യക്തികളും സംഘങ്ങളുമായി പ്രബോധകരെ മതാധ്യാപനത്തിന് അവിടുന്ന് അയക്കാറുണ്ട്. ഇസ്‌ലാം സ്വീകരിച്ച അൻസ്വാറുകളെ പഠിപ്പിക്കുന്നതിന് വേണ്ടി മിസ്അബ്ബ്‌നു ഉമൈറി(റ)നെ ഹിജ്‌റക്ക് മുമ്പ് മദീനയിലേക്ക് അയച്ചു'' (ശൈഖ് ഇബ്‌നുബാസിന്റെ മജ്മൂഉൽ ഫതാവാ, പേജ് 178, 179; ഭാഗം 8).

സംഘടന തിന്മയാണെന്ന് പറയാൻ ചിലർ തെളിവായുദ്ധരിക്കുന്നത് ഹുദൈഫ(റ)യുടെ ഒരു ഹദീസാണ്. എന്നാൽ സംഘടന തിന്മയല്ല; നന്മയാണ് എന്ന് പറയുന്ന പണ്ഡിതന്മാർ ആ ഹദീസ് കാണാത്തവരോ ഗ്രഹിക്കാത്തവരോ അല്ല.

**ശൈഖ് ഇബ്‌നുബാസ്തന്നെ പറയുന്നത് കാണുക:**

"ഇങ്ങനെ തൗഹീദിലേക്കും ക്വുർആനിലേക്കും ക്ഷണിക്കുന്ന

എത് സംഘടനയും ഇസ്‌ലാമിക സംഘടനയാണ്. ഏത് സ്ഥലത്തായിരുന്നാലും ശരീഅത്ത് അനുധാവനം ചെയ്യുന്ന ഭരണാധികാരിയുടെ കീഴിലല്ലാതിരുന്നാലും ശരി. ഓരോ സത്യാന്വേഷിക്കും കരണീയമായിട്ടുള്ളത് ഉപരിസൂചിത സംഘത്തോടൊപ്പം ചേരലും സഹായിക്കലും അവരുടെ അംഗബലം അധികരിപ്പിക്കലുമാണ്. കാരണം അത് പ്രസിദ്ധമായ, ഹുദൈഫ(റ)യുടെ ഹദീസിന്റെ താൽപര്യമാണ്'' (ഇബ്നുബാസിന്റെ ഫത്‌വ, 13/01/1402ൽ ഇറങ്ങിയത്. ഹുക്മുൽ അമലിൽ ജമാഈ, പേജ്41).

ഹുദൈഫ(റ)യുടെ ഹദീസിനെക്കുറിച്ച് ഇബ്നുബാസിനോടുള്ള ഒരു ചോദ്യവും അതിനുള്ള മറുപടിയും കാണുക:

*ചോദ്യം:* ഹുദൈഫ(റ)യുടെ ഹദീസിലൂടെ വെടിയുവാൻ കൽപിക്കപ്പെട്ട കക്ഷികൾ സലഫി, ഇഖ്‌വാനി, തബ്‌ലീഗി പോലുള്ള ഇസ്‌ലാമിക സംഘടനകളാണെന്ന് പറയുന്നവരുണ്ട്. ഈ വിഷയത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

*ഉത്തരം:* ഈ മഹത്തായ നബിവചനം നമുക്ക് വ്യക്തമാക്കിത്തരുന്നത് മുസ്‌ലിം ജമാഅത്തിനോ(സംഘത്തോ)ടൊപ്പം നിൽക്കൽ അനിവാര്യമാണെന്നാണ്. ഏത് പ്രദേശത്തായിരുന്നാലും; അത് അറേബ്യയിലുള്ള സംഘമാവട്ടെ, അതല്ലെങ്കിൽ ഈജിപ്തിലോ, ശാമിലോ, ഇറാഖിലോ, അമേരിക്കയിലോ, യൂറോപ്പിലോ ഉള്ളതാവട്ടെ; എവിടെയായിരുന്നാലും അവരോടൊത്ത് സഹകരിക്കുകയാണ് വേണ്ടത്.

ഒരു മുസ്‌ലിം സത്യത്തിലേക്ക് ക്ഷണിക്കുന്ന ഒരു സംഘത്തെ എപ്പോൾ കണ്ടാലും അവരോടൊപ്പം നിൽക്കുകയും അവരെ സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. സത്യത്തിലും അറിവിലും അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഒരു നിലക്കും ഒരു ഇസ്‌ലാമിക സംഘം (ജമാഅത്ത്) അവിടെ അവൻ കണ്ടില്ലെങ്കിൽ സത്യത്തെ പിൻപറ്റുകയാണ് ചെയ്യേണ്ടത്. അതാണ് ജമാഅത്ത്. അവൻ തനിച്ചാണെങ്കിലും. ഇബ്നു മസ്ഊദ്(റ) അംറ്ബ്നു മൈമൂനി(റ)നോട് പറഞ്ഞപോലെ: 'നീ തനിച്ചാണെങ്കിലും സത്യത്തോട് യോജിക്കുന്നതിനാണ് അൽജമാഅത്ത് എന്ന് പറയുക.'

അപ്പോൾ ഒരു മുസ്‌ലിമിന്റെ ബാധ്യത സത്യം അന്വേഷിക്കുക എന്നതാണ്. അങ്ങനെ സത്യത്തിലേക്ക് ക്ഷണിക്കുന്ന വല്ല ഇസ്‌ലാമിക് സെന്ററോ സംഘടനയോ അവൻ കണ്ടെത്തിയാൽ യൂറോപ്പിലോ ആഫ്രിക്കയിലോ മേറ്റത് പ്രദേശത്തായിരുന്നാലും അവർ ക്വുർആനിലേക്കും സുന്നത്തിലേക്കും ശരിയായ വിശ്വാസ ആദർശങ്ങളിലേക്കുമാണ് ക്ഷണിക്കുന്നതെങ്കിൽ അവരോടൊപ്പം നിൽക്കുകയും സത്യമന്വേഷിക്കുകയും അതിൽ സഹനമവലംബിക്കുകയും സത്യത്തിന്റെ ആളുകളോടൊപ്പമാവുകയുമാണ് വേണ്ടത്.

**ഒരു മുസ്‌ലിം സത്യത്തിലേക്ക് ക്ഷണിക്കുന്ന ഒരു സംഘത്തെ എപ്പോൾ കണ്ടാലും അവരോടൊപ്പം നിൽക്കുകയും അവരെ സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. സത്യത്തിലും അറിവിലും അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഒരു നിലക്കും ഒരു ഇസ്‌ലാമിക സംഘം (ജമാഅത്ത്) അവിടെ അവൻ കണ്ടില്ലെങ്കിൽ സത്യത്തെ പിൻപറ്റുകയാണ് ചെയ്യേണ്ടത്. അതാണ് ജമാഅത്ത്. അവൻ തനിച്ചാണെങ്കിലും. ഇബ്നു മസ്ഊദ്(റ) അംറ്ബ്നു മൈമൂനി(റ)നോട് പറഞ്ഞപോലെ: 'നീ തനിച്ചാണെങ്കിലും സത്യത്തോട് യോജിക്കുന്നതിനാണ് അൽജമാഅത്ത് എന്ന് പറയുക.'**

ഇതാണ് ഒരു മുസ്‌ലിമിന് അനിവാര്യമായിട്ടുള്ളത്. എന്നാൽ സത്യത്തിലേക്ക് ക്ഷണിക്കുന്ന ഒരു രാഷ്ട്രമോ സംഘടനയോ അവന് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അവൻ തനിച്ച് സത്യത്തെ പിൻപറ്റി നേരെചൊവ്വെ നിലനിൽക്കുകയാണ് വേണ്ടത്. അപ്പോൾ അതായിരിക്കും അൽജമാഅത്ത്; അംറ്ബ്നു മൈമൂനിനോട് ഇബ്നുമസ്ഊദ്(റ) പറഞ്ഞപോലെ.

അൽഹംദുലില്ലാഹ്! നമ്മുടെ ഈ കാലഘട്ടത്തിൽ സത്യത്തിലേക്ക് ക്ഷണിക്കുന്ന നിരവധി സംഘങ്ങളുണ്ട്. അറേബ്യൻ ഉപഭൂഖണ്ഡത്തിലെ സുഊദി ഭരണകൂടവും യമനിലും ഈജിപ്തിലും ശാമിലും ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കയിലും ഇന്ത്യയിലും പാക്കിസ്ഥാനിലും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുമെല്ലാം ധാരാളം ഇസ്‌ലാമിക സംഘടനകളും ഇസ്‌ലാമിക് സെന്ററുകളും സത്യത്തിലേക്ക് ക്ഷണിക്കുകയും സന്തോഷവാർത്തയറിയിക്കുകയും തിന്മയെകുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നുണ്ട്.

അപ്പോൾ സത്യാന്വേഷിയായ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏത് പ്രദേശത്തായിരുന്നാലും ഈ സംഘങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ് വേണ്ടത്. അങ്ങനെ ക്വുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്ന ഏതെങ്കിലും സംഘത്തെയോ സെന്ററോ സംഘടനയോ അവൻ കണ്ടെത്തിയാൽ അതിനോടൊപ്പം ചേരേണ്ടതാണ്. (ഈജിപ്തിലെയും സുഡാനിലെയും അൻസ്വാറുസ്സുന്ന, ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും അഹ്‌ലെ ഹദീസ് പോലുള്ള) ക്വുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്ന, ഇബാദത്ത് അല്ലാഹുവിന് മാത്രം നിഷ്‌കളങ്കമാകുന്നതിനും അവനോടൊപ്പം ക്വബ്‌റാളികളെയും മറ്റും വിളിച്ച് പ്രാർഥിക്കാത്ത സംഘടനകളിൽ ചേർന്ന് പ്രവർത്തി

ക്കുകയാണ് വേണ്ടത്" (ശൈഖ് ഇബ്നുബാസിന്റെ മജ്മൂഉൽ ഫതാവാ, പേജ് 179-181, ഭാഗം 8).

മറ്റൊരു ചോദ്യത്തിന് മറുപടിയായി ഇബ്നുബാസ്(റഹ്) പറയുന്നു:

"അല്ലാഹുവിന്റെ കിതാബിലേക്കും തിരുദൂതരുടെ ചര്യയിലേക്കും ക്ഷണിക്കുന്നവൻ പിഴച്ച കക്ഷികളിൽപെട്ടവനല്ല. പ്രത്യുത രക്ഷപ്പെടുന്ന വിഭാഗമെന്ന് പ്രവാചക വചനത്തിലൂടെ പറയപ്പെട്ട (അൽഫിർക്വത്തുന്നാജിയ) വിഭാഗത്തിലാണ് പെടുക. 'ജൂതന്മാർ 71 കക്ഷികളായി പിരിഞ്ഞു; ക്രിസ്ത്യാനികൾ 72 കക്ഷികളായും. എന്റെ ഉമ്മത്ത് 73 കക്ഷികളായി പിരിയും. ഒന്നൊഴികെയുള്ള 72ഉം നരകാവകാശികളാണ്. ചോദിക്കപ്പെട്ടു: 'പ്രവാചകരേ, ഏതാണ് ആ രക്ഷപ്പെടുന്ന വിഭാഗം?' അവിടുന്ന് പറഞ്ഞു: 'ഞാനും എന്റെ സ്വഹാബത്തും ഇന്ന് ഏതൊന്നിലാണോ നിലകൊള്ളുന്നത് ആ മാർഗത്തിലുള്ളവർ.' മറ്റൊരു റിപ്പോർട്ടിൽ 'അതാണ് അൽജമാഅത്ത്' എന്നുണ്ട്. അതായത്, രക്ഷപ്പെടുന്ന വിഭാഗമെന്ന് പറഞ്ഞാൽ പ്രവാചകനും അനുചരന്മാരും നിലനിന്ന നേരായ മാർഗത്തിൽ നിലകൊള്ളുന്നവർ..."

ചുരുക്കത്തിൽ, സത്യത്തിൽ നേരെചൊവ്വെ നിലകൊള്ളുക എന്നതാണ് മാനദണ്ഡം. ഒരാളോ ഒരു സംഘമോ അല്ലാഹുവിന്റെ കിതാബിലേക്കും പ്രവാചകന്റെ സുന്നത്തിലേക്കും തൗഹീദിലേക്കും അല്ലാഹുവിന്റെ ശരീഅത്തിലേക്കും വിളിക്കുന്നതായിട്ടുണ്ടെങ്കിൽ അവർതന്നെയാണ് അൽജമാഅത്ത്. അവരാണ് രക്ഷപ്പെടുന്ന കക്ഷി. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ കിതാബിലേക്കും പ്രവാചകചര്യയിലേക്കുമല്ലാത്ത മറ്റെന്തെങ്കിലിലേക്കും ക്ഷണിക്കുന്നുണ്ടെങ്കിൽ അത് അൽജമാഅത്തിൽ പെട്ടതാവില്ല. പ്രത്യുത നാശത്തിന്റെ പിഴച്ച കക്ഷിയിലാണത് പെടുക. രക്ഷയുടെ കക്ഷി എന്നത് ക്വുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്നവരാണ്" (ശൈഖ് ഇബ്നുബാസിന്റെ ഫത്വാസമാഹാരം. ഭാഗം 8, പേജ് 182).

**സത്യത്തിൽ നേരെചൊവ്വെ നിലകൊള്ളുക എന്നതാണ് മാനദണ്ഡം. ഒരാളോ ഒരു സംഘമോ അല്ലാഹുവിന്റെ കിതാബിലേക്കും പ്രവാചകന്റെ സുന്നത്തിലേക്കും തൗഹീദിലേക്കും അല്ലാഹുവിന്റെ ശരീഅത്തിലേക്കും വിളിക്കുന്നതായിട്ടുണ്ടെങ്കിൽ അവർതന്നെയാണ് അൽജമാഅത്ത്. അവരാണ് രക്ഷപ്പെടുന്ന കക്ഷി. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ കിതാബിലേക്കും പ്രവാചകചര്യയിലേക്കുമല്ലാത്ത മറ്റെന്തെങ്കിലിലേക്കും ക്ഷണിക്കുന്നുണ്ടെങ്കിൽ അത് അൽജമാഅത്തിൽ പെട്ടതാവില്ല. പ്രത്യുത നാശത്തിന്റെ പിഴച്ച കക്ഷിയിലാണത് പെടുക. രക്ഷയുടെ കക്ഷി എന്നത് ക്വുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്നവരാണ്"**

**ശൈഖ് ഇബ്നുബാസിനോട് ഇതുസംബന്ധമായി വന്ന ഒരു ചോദ്യവും അതിനുള്ള മറുപടിയും കാണുക:**

*ചോദ്യം:* ചിലർ പറയാറുള്ളതുപോലെ ദഅ്‌വത്തിനുവേണ്ടിയുള്ള സംഘടന ബിദ്അത്തായ സംഗതിയാണോ?

*മറുപടി:* "സംഘടന ബിദ്അത്തല്ല. ബാധ്യതാ നിർവഹണത്തിന് ഏറെ സഹായകമാണ് സംഘടന. പരസ്പരം കൂടിയാലോചിക്കുന്ന ഒരു ആലോചനാ സമിതിയും അവർക്ക് അവലംബിക്കാവുന്ന ഒരു നേതൃത്വവും ഉണ്ടാകണം. ഇത് അതിമഹത്തരവും വിജയകാരണങ്ങളിൽ പെട്ടതുമാണ്. വ്യവസ്ഥാപിതമല്ലാത്ത പ്രവർത്തനങ്ങളെക്കാൾ വിജയസാധ്യത വ്യവസ്ഥാപിത പ്രവർത്തനങ്ങൾക്കാണുള്ളത്. അല്ലാഹുവിലേക്ക് ദഅ്‌വത്തിനായുള്ള സംഘടന ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നതിനും പള്ളിപരിപാലനങ്ങൾക്കും മറ്റും വ്യവസ്ഥാപിതമായി പ്രവർത്തിക്കുകയാണ് വേണ്ടത്. അതിൽ ധാരാളം നന്മയുണ്ട്. അത് ബിദ്അത്തല്ല. മറിച്ച് ശറഇൽ പെട്ടതുതന്നെയാണ്."

(ശൈഖ് ഫൗസാന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കപ്പെട്ട 'ഹുക്മുൽ അമലിൽ ജമാഈ ഫിൽ ഇസ്‌ലാം' (സംഘടിത പ്രവർത്തനത്തിന്റെ മതവിധി) എന്ന ഗ്രന്ഥത്തിൽനിന്ന്, പേജ് 43).

ശൈഖ് ഉസൈമീനും(റഹ്) ഇപ്രകാരംതന്നെ പറയുന്നു:

"കൂട്ടായ്മയില്ലാതെ ചിതറിക്കിടക്കുന്ന സമൂഹത്തിന് ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ കഴിയുകയില്ല. മനുഷ്യൻ സാമൂഹ്യപ്രകൃതിയുള്ളവനാണ്. ഏത് കാര്യത്തിനും അല്ലാഹുവിന്റെ സഹായം കഴിഞ്ഞാൽ പിന്നെ സൃഷ്ടികളിൽനിന്നുതന്നെ സഹായിക്കുന്നവരുണ്ടാകേണ്ടത് ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ അഭിപ്രായപ്പെടുന്നത് ന്യൂനപക്ഷ പ്രദേശങ്ങളിൽ അല്ലാഹുവിലേക്ക് ദഅ്‌വത്ത് നടത്തുന്ന സംഘടന രൂപീകരിക്കണമെന്നാണ്. അവർക്ക് അവലംബിക്കാവുന്ന ഒരു നേതാവുമുണ്ടായിരിക്കണം" (അഹമ്മിയത്തുൽ ഇൽതിസാം ബിൽഇസ്‌ലാം, പേജ് 33).

മേൽവിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്:

1. ഇസ്‌ലാം കൂട്ടായ്മക്ക് വളരെ പ്രാധാന്യം നൽകുന്നു. ഭിന്നിപ്പിനെ വിരോധിക്കുന്നു.
2. ദഅ്‌വത്തിനുവേണ്ടിയുള്ള കൂട്ടായ്മ തിന്മയല്ല; നന്മയാണ്.
3. കൂട്ടായ പ്രവർത്തനത്തിലൂടെ പല സംഗതികളും കൂടുതൽ എളുപ്പത്തിലും പൂർണതയിലും ചെയ്യുവാൻ കഴിയും. ദഅ്‌വത്തിന്റെ കാര്യവും ഇതിൽനിന്നൊഴിവല്ല.
4. ഐക്യം ശക്തിപകരുമ്പോൾ ഭിന്നത ശക്തി ക്ഷയിപ്പിക്കുന്നു. ■

# ഒരു മാറ്റത്തിന്റെ കഥ

മുഹമ്മദ് അജ്മൽ അൽഹികമി
മുണ്ടക്കയം

ഖലീഫ ഉമറി(റ)നെ കാണാനായി ശാമിൽ നിന്ന് ഇടയ്ക്കിടെ വന്നിരുന്ന ദരിദ്രനായ ഒരു മനുഷ്യനുണ്ടായിരുന്നു. ആ വ്യക്തിയെ കുറച്ചു കാലം കാണാതിരുന്നപ്പോൾ കൂടെയുള്ളവരോട് അദ്ദേഹത്തെക്കുറിച്ച് ഖലീഫ അന്വേഷിച്ചു. അവർ പറഞ്ഞു: “ഒരു മദ്യപനെയാണോ താങ്കൾ അന്വേഷിക്കുന്നത്?”

ഉടനെ ഉമർ(റ) തന്റെ എഴുത്തുകാരനെ വിളിച്ചുകൊണ്ട് എഴുതാൻ ആവശ്യപ്പെട്ടു: “ഉമറുബ്നുൽ ഖത്വാബിൽനിന്ന് ഇന്നാലിന്ന വ്യക്തിക്ക് എഴുതുന്നു... അല്ലാഹുവിന്റെ രക്ഷയും സമാധാനവും താങ്കൾക്കുണ്ടായിരിക്കട്ടെ, അല്ലാഹുവിന്നാകുന്നു സർസ്തുതിയും. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ പാപങ്ങൾ ഏറെ പൊറുക്കുന്നവനാണ്, അടിമകളുടെ പശ്ചാത്താപം സ്വീകരിക്കുന്നവനാണ്, അക്രമകാരികളെ കഠിനമായി ശിക്ഷിക്കുന്നവനുമാണ്. അതോടൊപ്പം വിപുലമായ കഴിവുള്ളവനുമത്രെ. അല്ലാഹു, അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവനിലേക്കാണ് എല്ലാത്തിന്റെയും മടക്കം...” (സൂറതുൽ ഗാഫിറിലെ ആദ്യവചനങ്ങളിലെ ആശയങ്ങളാണ് കത്തിലെ ഉള്ളടക്കം).

കത്ത് തയ്യാറാക്കിയതിനുശേഷം ഉമർ(റ) കൂടെയുള്ളവരോടായി പറഞ്ഞു: “നിങ്ങളുടെ ഈ സഹോദരൻ മനസ്സറിഞ്ഞ് പശ്ചാത്തപിക്കാനായി മുന്നിട്ടു വരാനും അല്ലാഹു അദ്ദേഹത്തിന്റെ തൗബ സ്വീകരിക്കുവാനും വേണ്ടി നിങ്ങൾ അല്ലാഹുവിനോട് പ്രാർഥിക്കുക.”

ഉമർ(റ) മദ്യപനായ ആ വ്യക്തിക്ക് തന്റെ കത്ത് കൊടുത്തയച്ചു. ഖലീഫയുടെ കത്ത് കിട്ടിയ ആ വ്യക്തി സസൂക്ഷ്മം പല തവണ വായിച്ചു. ആവർത്തിച്ചുള്ള വായന അദ്ദേഹത്തിന്റെ ഹൃദയത്തെ പിടിച്ചു കുലുക്കി. പാപങ്ങൾ ഏറെ പൊറുക്കുന്നവൻ! തൗബ സ്വീകരിക്കുന്നവൻ! കഠിനമായി ശിക്ഷിക്കുന്നവൻ! ‘തീർച്ചയായും അല്ലാഹു അവന്റെ ശിക്ഷയെക്കുറിച്ച് എനിക്ക് താക്കീത് നൽകുന്നു. പാപങ്ങൾ പൊറുത്തു തരാം എന്ന് വാഗ്ദാനം ചെയ്യുന്നു’ ആ വ്യക്തി ആത്മഗതം ചെയ്തു.

ഹൃദയത്തിൽ തട്ടിയ വരികൾ അദ്ദേഹം ആവർത്തിച്ചുകൊണ്ടേയിരുന്നു. കണ്ണുനീർ ധാരധാരയായി ഒഴുകി. അദ്ദേഹം തന്റെ തെറ്റുകളിൽനിന്നും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങി.

ഈ വ്യക്തിയുടെ മാറ്റത്തിന്റെ കഥ ഒടുവിൽ ഉമറി(റ)ന്റെ ചെവിയിലുമെത്തി. ഉടനെത്തന്നെ തന്റെ കൂടെയുള്ളവരോട് അദ്ദേഹം പറഞ്ഞു: “നിങ്ങളുടെ ഒരു സഹോദരൻ വഴി തെറ്റിയത് കണ്ടാൽ ഇപ്രകാരം നിങ്ങൾ ചെയ്യൂ. അദ്ദേഹത്തെ നിങ്ങൾ നേരെയാക്കാൻ ശ്രമിക്കൂ. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കാൻ നിങ്ങൾ പ്രാർഥിക്കൂ. അല്ലാതെ അവനെതിരെ പ്രവർത്തിക്കുന്ന, പിശാചിന്റെ സഹായികളായി നിങ്ങൾ മാറരുത്.”

ഇബ്നു കസീർ സൂറ ഗാഫിർ രണ്ട് മൂന്ന് വചനങ്ങളുടെ  വിശദീകരണത്തിൽ ഉദ്ധരിച്ച ചരിത്രമാണ് മുകളിൽ വായിച്ചത്. കേവലം ഒരു കഥ എന്നതിലുപരി ഒട്ടേറെ പാഠങ്ങൾ വിശ്വാസികൾക്കിതിലുണ്ട്. എല്ലാവരോടും ഗുണകാംക്ഷയുള്ളവരായിരിക്കണം നാം. മതമെന്നാൽ ഗുണകാംക്ഷയാണ് എന്നാണല്ലോ നബി(സ്വ) പഠിപ്പിച്ചത്. നമ്മുടെ സഹോദരങ്ങൾ തെറ്റുകൾ ചെയ്തവരാണെങ്കിലും അവരിൽ നന്മ കാണാൻ നമുക്ക് കഴിയണം. ഒരാളെക്കുറിച്ചും ‘അവൻ നന്നാകില്ല,’ ‘അവനോട് പറഞ്ഞിട്ട് കാര്യമില്ല,’ ‘അവന് അല്ലാഹു പൊറുത്തുകൊടുക്കില്ല’ തുടങ്ങിയ മുൻവിധിയുടെ വാക്കുകൾ പറയാൻ പാടില്ല. ഒരുപക്ഷേ, ആ വ്യക്തി നന്നായാൽ നമ്മെക്കാളും സത്യമതത്തിനും രാജ്യത്തിനും നാടിനും കുടുംബത്തിനുമെല്ലാം ഉപകാരപ്പെടുന്ന വ്യക്തിയായി മാറിയേക്കാം.




# കർണാടകയുടേത് ബാലാവകാശ വിദ്യാഭ്യാസ നിഷേധം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

ശിരോവസ്ത്ര നിരോധനം വിദ്യാർഥികൾക്കിടയിലെ ഭ്രാതൃഭാവത്തെയും മതനിരപേക്ഷ ചിന്തകളെയും തകർക്കുമെന്നും പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ തോതിലുള്ള കൊഴിഞ്ഞുപോക്കുകൾക്ക് കാരണമാകുമെന്നും അതുവഴി മുസ്‌ലിം വിദ്യാർഥിനികൾ ഒറ്റപ്പെടലുകൾക്ക് വിധേയമാകുമെന്നും മതേതര വിദ്യാഭ്യാസത്തെ അത് സാരമായി ബാധിക്കുമെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഹുസേഫാ അഹ്മദിയുടെ സമഗ്രമായ അവതരണവും സ്ത്രീകളോടുള്ള ക്രൂരമായ വിവേചനമാണ് പുതിയ തീരുമാനം എന്ന ജെയ്ന കോത്താരിയുടെ സമർഥനവും അവസാനിച്ചതിന് ശേഷം, 35 വർഷത്തിലധികമായി സുപ്രീംകോടതിയിൽ അഭിഭാഷകരായി പ്രവർത്തിക്കുന്ന അബ്ദുൽമജീദ് ധർ, മീനാക്ഷി അറോറ എന്നിവർക്ക് പുറമെ പത്ത് വർഷത്തോളമായി സുപ്രീംകോടതിയിൽ ലിറ്റഗേഷൻ ലോയറായി പ്രവർത്തിക്കുന്ന ശുഐബ് ആലമുമാണ് ഹിജാബ് വിഷയത്തിലെ മറ്റു ഭാഗങ്ങൾ

**അല്ലാഹു പ്രവാചകന് നൽകിയ അറിവുകൾ കേവലം മാർഗനിർദേശക വിവരങ്ങൾ മാത്രമല്ല, അവ ജീവിതത്തിൽ പാലിക്കുവാനുള്ളതാണ്. ഖുർആനിൽ പറയുന്ന കാര്യങ്ങൾ പാലിക്കൽ ഒരു മുസ്‌ലിമിന് നിർബന്ധമാണ്. പുനരുത്ഥാന നാളിൽ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ ബാധ്യസ്ഥനാണ് മനുഷ്യൻ എന്നും അവിടെ സൽപ്രവൃത്തികൾക്ക് പ്രതിഫലവും ദുഷ്പ്രവൃത്തികൾക്ക് ശിക്ഷയുമുണ്ട് എന്നുമാണ് ഇസ്‌ലാമിക വിശ്വാസം. നമ്മെയും നമ്മുടെ വിശ്വാസത്തെയും സംരക്ഷിക്കുന്ന മഹത്തായ ഭരണഘടനയാണ് ഇന്ത്യയുടേത്. വിശ്വാസകാര്യങ്ങൾക്ക് ഭരണഘടനയുടെ ആമുഖംതന്നെ സംരക്ഷണം നൽകുന്നുണ്ട്.**

രണ്ടംഗ ബെഞ്ചിന്റെ മുമ്പാകെ അവതരിപ്പിച്ചത്. ഖുർആനിലെ നിയമങ്ങൾ ഒരു ഇസ്‌ലാം മത വിശ്വാസി സദാ ജീവിതത്തിൽ പാലിക്കേണ്ടതാണ് എന്ന ഭാഗം അബ്ദുൽമജീദ് ധറും ശിരോവസ്ത്ര നിരോധന നിയമത്തിലൂടെ സംജാതമായിട്ടുള്ള ബാലാവകാശ, വിദ്യാഭ്യാസ ലംഘനങ്ങളെ കുറിച്ച് മീനാക്ഷി അറോറയും വിദ്യാഭ്യാസ അവകാശത്തിന് മേൽ നിയന്ത്രണമേർപ്പെടുത്തുന്ന കർണാടക സർക്കാരിന്റെ നടപടികളെ കുറിച്ച് ശുഐബ് ആലമും വളരെ പ്രധാനപ്പെട്ട വാദങ്ങൾ കോടതി മുമ്പാകെ അവതരിപ്പിച്ചു.

### അബ്ദുൽമജീദ് ധർ

ഒരു നിയമ വിദ്യാർഥി എന്ന പോലെ തന്നെ ഒരു ഖുർആൻ വിദ്യാർഥി കൂടിയാണ് താനെന്ന് പറഞ്ഞുകൊണ്ടാണ് അബ്ദുൽമജീദ് ധർ വാദം തുടങ്ങിയത്. അല്ലാഹു പ്രവാചകന് അവതരിപ്പിച്ചു നൽകിയിട്ടുള്ള എല്ലാം ഒരു മുസ്‌ലിമിന് അനുപേക്ഷണീയമാണ്. അത് ഫർദാണ്. കർണാടക ഹൈക്കോടതി ഖുർആൻ വ്യാഖ്യാനിക്കാൻ ഉപയോഗിച്ച രീതി ശരിയല്ല എന്ന് ധർ ചൂണ്ടിക്കാണിച്ചപ്പോൾ ഖുർആൻ വ്യാഖ്യാനിക്കാൻ കോടതി മുതിരുന്നത് ശരിയല്ല എന്നാണ് ഇവിടെ ധവാൻ, മുച്ചാല, കാമത്ത് എന്നീ അഭിഭാഷകർ ചൂണ്ടിക്കാണിച്ചത് എന്ന് ജസ്റ്റിസ് ഗുപ്ത പറയുകയുണ്ടായി. വിശുദ്ധ ഖുർആനിൽനിന്ന് ഏതാനും വചനങ്ങൾ അദ്ദേഹം ഉദ്ധരിക്കാൻ തുടങ്ങിയപ്പോൾ തങ്ങൾക്ക് അറബി അറിയില്ലെന്ന് ജഡ്ജിമാർ ഉണർത്തി. അവയുടെ തർജമ നൽകാമെന്ന് ധർ വ്യക്തമാക്കി.

### ഇസ്‌ലാമിക നിയമങ്ങൾ പാലിക്കൽ നിർബന്ധം

അല്ലാഹു പ്രവാചകന് നൽകിയ അറിവുകൾ കേവലം മാർഗനിർദേശക വിവരങ്ങൾ മാത്രമല്ല, അവ ജീവിതത്തിൽ പാലിക്കുവാനുള്ളതാണ്. ഖുർആനിൽ പറയുന്ന കാര്യങ്ങൾ പാലിക്കൽ ഒരു



മുസ്‌ലിമിന് നിർബന്ധമാണ്. പുനരുത്ഥാന നാളിൽ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ ബാധ്യസ്ഥനാണ് മനുഷ്യൻ എന്നും അവിടെ സൽപ്രവൃത്തികൾക്ക് പ്രതിഫലവും ദുഷ്പ്രവൃത്തികൾക്ക് ശിക്ഷയുമുണ്ട് എന്നുമാണ് ഇസ്‌ലാമിക വിശ്വാസം. നമ്മെയും നമ്മുടെ വിശ്വാസത്തെയും സംരക്ഷിക്കുന്ന മഹത്തായ ഭരണഘടനയാണ് ഇന്ത്യയുടേത്. വിശ്വാസ കാര്യങ്ങൾക്ക് ഭരണഘടനയുടെ ആമുഖംതന്നെ സംരക്ഷണം നൽകുന്നുണ്ട്.

**യൂസുഫലിയുടെ വ്യാഖ്യാനങ്ങളിൽ പിഴവുണ്ട്**

ഹിജാബുമായി ബന്ധപ്പെട്ട ചില വചനങ്ങൾ ഓതിക്കേൾപ്പിച്ച ധർ ഈ വിഷയത്തിൽ യൂസുഫലി എഴുതിയ വ്യാഖ്യാനങ്ങളിൽ ചില പിഴവുകൾ ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചു. ഖുർആൻ വ്യാഖ്യാനം അറിയുന്ന ഒരു പണ്ഡിതനാണോ താങ്കൾ എന്ന കോടതിയുടെ ചോദ്യത്തിന് ഖുർആൻ മുഴുവൻ പഠിച്ചിട്ടുണ്ടെന്ന് ധർ മറുപടി നൽകി. അല്ലാഹു എല്ലാം പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്നും അതുകൊണ്ട് ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ പ്രശ്നമില്ലെന്നുമുള്ള യൂസുഫലിയുടെ വ്യാഖ്യാനം ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണ്. ഖുർആനിലെ അധ്യായങ്ങൾ പിന്തുടരേണ്ടതില്ല എന്നല്ല ആ വചനത്തിന്റെ അർഥം. പ്രസ്തുത വ്യാഖ്യാനം യൂസുഫലിയുടെ സ്വന്തമായ വ്യാഖ്യാനമാണ്. അത് പൂർണമായും തെറ്റാണ്. ഒരു കാര്യത്തിൽ ഖുർആൻ ശിക്ഷ പറയുന്നില്ല എന്നതിനാൽ ആ കാര്യം നിർബന്ധമല്ല എന്നാണ് കർണാടക ഹൈക്കോടതി വിധിയിൽ പറയുന്നത് എന്ന് ജസ്റ്റീസ് ധൂലിയയുടെ ചോദ്യത്തിന് മറുപടിയായി ധർ പറഞ്ഞു. കർണാടകയുടെ വിധിയിൽ പറയുന്നതല്ല മുസ്‌ലിംകളുടെ ഇക്കാര്യത്തിലുള്ള വീക്ഷണമെന്നും അദ്ദേഹം പറഞ്ഞുകൊണ്ട് അദ്ദേഹം വാദങ്ങൾ ഉപസംഹരിച്ചു.



**മീനാക്ഷി അറോറ:**

*വിധി യു.എൻ. ഉടമ്പടിയുടെ ലംഘനം*

ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര ബാലാവകാശ ഉടമ്പടികൾക്ക് (United Nations Convention on the rights of the Child UNCRC) വിരുദ്ധമാണ് കർണാടക ഹൈക്കോടതി വിധി എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്നു മീനാക്ഷി അറോറ വാദം ആരംഭിച്ചത്. യു.എൻ ഉടമ്പടി വിശ്വാസ കാര്യങ്ങൾക്ക് കൂടി സംരക്ഷണം നൽകുന്നുണ്ട്. ലോകം ഇന്ന് ഒരു ബിന്ദുവിലേക്ക് ഉരുകി ഒന്നായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ഒരു സാർവലൗകിക ഗ്രാമമായി (Global Village) ലോകം മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ പുറത്ത് നിന്നുപോലും വിദ്യാർഥികൾ ഇന്ന് ഇന്ത്യയിലെ വിദ്യാലയങ്ങളിലേക്ക് ഒഴുകിയെത്തുന്നുണ്ട്. അവരുടെ സംസ്കാരങ്ങളെ നാം ബഹുമാനിക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ മതം, സംസ്കാരം തുടങ്ങിയവയെ ബഹുമാനിക്കണം എന്ന് നാം നമ്മുടെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുമ്പോൾ അതിന് വിരുദ്ധമായ നിലപാടുകൾ നമ്മിൽ നിന്നുണ്ടാവാൻ പാടില്ല.

> **അല്ലാഹു എല്ലാം പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്നും അതുകൊണ്ട് ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ പ്രശ്നമില്ലെന്നുമുള്ള യൂസുഫലിയുടെ വ്യാഖ്യാനം ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണ്. ഖുർആനിലെ അധ്യായങ്ങൾ പിന്തുടരേണ്ടതില്ല എന്നല്ല ആ വചനത്തിന്റെ അർഥം. പ്രസ്തുത വ്യാഖ്യാനം യൂസുഫലിയുടെ സ്വന്തമായ വ്യാഖ്യാനമാണ്. അത് പൂർണമായും തെറ്റാണ്. ഒരു കാര്യത്തിൽ ഖുർആൻ ശിക്ഷ പറയുന്നില്ല എന്നതിനാൽ ആ കാര്യം നിർബന്ധമല്ല എന്നാണ് കർണാടക ഹൈക്കോടതി വിധിയിൽ പറയുന്നത് എന്ന് ജസ്റ്റീസ് ധൂലിയയുടെ ചോദ്യത്തിന് മറുപടിയായി ധർ പറഞ്ഞു. കർണാടകയുടെ വിധിയിൽ പറയുന്നതല്ല മുസ്‌ലിംകളുടെ ഇക്കാര്യത്തിലുള്ള വീക്ഷണമെന്നും അദ്ദേഹം അടിവരയിട്ടു.**

**യുഎന്നിന്റെ ജാഗ്രതയും സഹിഷ്ണുതയും**

ബാലാവകാശ ഉടമ്പടി (സി.ആർ.സി)ക്ക് ഉപാധികൾ കൂടാതെ അംഗീകാരം നൽകിയിട്ടുള്ള രാജ്യമാണ് ഇന്ത്യ. അംഗരാജ്യങ്ങൾ സി.ആർ.സി. നടപ്പാക്കുന്നുണ്ടോ എന്ന് ഐക്യരാഷ്ട്രസഭ പരിശോധിക്കുന്നുണ്ട്. ഒരു ക്രിസ്ത്യൻ രാജ്യമായ നോർവേയിൽ ക്രിസ്തീയ മതാചാരങ്ങൾ മാത്രം കലാലയങ്ങളിൽ പഠിപ്പിക്കുന്നത് സി.ആർ.

സിക്ക് എതിരാണെന്ന് യു.എൻ. കണ്ടെത്തിയ കാര്യം യു.എന്നിന്റെ ഇക്കാര്യത്തിലുള്ള ജാഗ്രതയാണ് വിളിച്ചറിയിക്കുന്നത്. ക്രമസമാധാനത്തിന് ഭംഗം വരാത്തതോ ധാർമികതയ്ക്കെതിരല്ലാത്തതോ ആയ ഒരു മതാചാരത്തെ നാം നിയന്ത്രിക്കുകയാണെങ്കിൽ അതിനർഥം നാം നമ്മുടെ വിദ്യാർഥികളെ മതസഹിഷ്ണുത പഠിപ്പിക്കുന്നില്ല എന്നാണ്. ശിരോവസ്ത്രം നിരോധിക്കുന്നത് സി.ആർ.സി. ഉടമ്പടിയുടെ ലംഘനമാണെന്ന് യു.എൻ.കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ കോപ്പി ഞാനിവിടെ സമർപ്പിക്കുന്നു. കേന്ദ്രീയ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം അനുവദിച്ച കാര്യം ഓർമപ്പെടുത്തുന്നു.

**മതാചാരമല്ലെന്ന് പറയാൻ എന്തധികാരം?**

ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ മതമാണ് ഇസ്‌ലാം. ഇസ്‌ലാമിക നിയമങ്ങൾ അനുഷ്ഠിക്കുന്ന ലോകമെമ്പാടുമുള്ള ജനത ശിരോവസ്ത്രത്തെ ഒരു അനുപേക്ഷണീയമായ മതാനുഷ്ഠാനമായിട്ടാണ് കാണുന്നത്. ലോകരാജ്യങ്ങളിലെ വിവിധ കോടതികളും ജനവിഭാഗങ്ങളും ശിരോവസ്ത്രത്തെ അംഗീകരിക്കുമ്പോൾ, ലോകത്തെ മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ അഴിച്ചുപണിയാനും ശിരോവസ്ത്രം അനിവാര്യമായ മതാചാരമല്ലെന്ന് പറയാനും നാമാരാണ്? നാം ഒരു ആഗോള ഗ്രാമത്തിലാണ് ജീവിക്കുന്നതെന്നും വേർപെട്ടുപോയ ഒരു സമൂഹമല്ല എന്നും തിരിച്ചറിയാതിരിക്കുന്നത് ശരിയല്ല. വലിയൊരു വിഭാഗം ജനങ്ങൾ ശിരോവസ്ത്രം അനിവാര്യ മതവിശ്വാസത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കുമ്പോൾ അങ്ങനെയല്ല എന്ന് നാം പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്. ബാലാവകാശം സംബന്ധിച്ച വാദങ്ങൾ ഞങ്ങൾ ഹൈക്കോടതിക്ക് മുമ്പാകെ കൊണ്ടുവന്നിരുന്നെങ്കിലും ഹൈക്കോടതി വിധിയിൽ അതിനെക്കുറിച്ച് യാതൊരു പരാമർശവുമില്ല. ഹൈക്കോടതിയെ വിലകുറച്ച് കാണാൻ വേണ്ടിയല്ല ഇത് പറയുന്നത്, മറിച്ച് പ്രാധാന്യമർഹിക്കുന്ന പല സെക്ഷനുകൾക്കും പ്രത്യേക ശ്രദ്ധ കോടതിയിൽ നിന്നും ലഭിക്കാതെ വരുന്നതിനെ ചൂണ്ടിക്കാണിക്കുക മാത്രമാണ്.

**യു.എൻ ഉടമ്പടി വിശ്വാസകാര്യങ്ങൾക്ക് കൂടി സംരക്ഷണം നൽകുന്നുണ്ട്. ലോകം ഇന്ന് ഒരു ബിന്ദുവിലേക്ക് ഉരുകി ഒന്നായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ഒരു സാർവലൗകിക ഗ്രാമമായി (Global Village) ലോകം മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ പുറത്ത് നിന്നുപോലും വിദ്യാർഥികൾ ഇന്ന് ഇന്ത്യയിലെ വിദ്യാലയങ്ങളിലേക്ക് ഒഴുകിയെത്തുന്നുണ്ട്. അവരുടെ സംസ്കാരങ്ങളെ നാം ബഹുമാനിക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ മതം, സംസ്കാരം തുടങ്ങിയവയെ ബഹുമാനിക്കണം എന്ന് നാം നമ്മുടെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുമ്പോൾ അതിന് വിരുദ്ധമായ നിലപാടുകൾ നമ്മിൽ നിന്നുണ്ടാവാൻ പാടില്ല. ബാലാവകാശ ഉടമ്പടി (സി.ആർ.സി)ക്ക് ഉപാധികൾ കൂടാതെ അംഗീകാരം നൽകിയിട്ടുള്ള രാജ്യമാണ് ഇന്ത്യ. അംഗരാജ്യങ്ങൾ സി.ആർ.സി. നടപ്പാക്കുന്നുണ്ടോ എന്ന് ഐക്യരാഷ്ട്രസഭ പരിശോധിക്കുന്നുണ്ട്. ക്രമസമാധാനത്തിന് ഭംഗം വരാത്തതോ ധാർമികതയ്ക്കെതിരല്ലാത്തതോ ആയ ഒരു മതാചാരത്തെ നാം നിയന്ത്രിക്കുകയാണെങ്കിൽ അതിനർഥം നാം നമ്മുടെ വിദ്യാർഥികളെ മതസഹിഷ്ണുത പഠിപ്പിക്കുന്നില്ല എന്നാണ്. ശിരോവസ്ത്രം നിരോധിക്കുന്നത് സി.ആർ.സി. ഉടമ്പടിയുടെ ലംഘനമാണെന്ന് യു.എൻ.കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.**

**ഇന്ത്യയിലെ ഭൂരിപക്ഷ സമുദായം വിവിധ രാജ്യങ്ങളിൽ**

എന്തുകൊണ്ടാണ് ഞാൻ മറ്റു രാജ്യങ്ങളെക്കുറിച്ചും അധികാരപരിധികളെക്കുറിച്ചും പരാമർശിക്കുന്നത്? നാം ഹിന്ദുമത വിശ്വാസികൾ നമ്മുടെ രാജ്യത്ത് ഭൂരിപക്ഷവും മറ്റിടങ്ങളിൽ ന്യൂനപക്ഷവും ആണല്ലോ. എന്നാൽ നാം എവിടെ ന്യൂനപക്ഷമായാലും നമ്മുടെ ആചാരങ്ങൾ പിന്തുടരാൻ നമുക്ക് സാധിക്കുന്നു. മൂക്കുത്തി (Nose Pin) സംബന്ധിച്ച ദക്ഷിണാഫ്രിക്കയുടെ വിധി നമ്മുടെ മതാചാരവുമായി ബന്ധപ്പെട്ടാണ് വന്നത് എന്ന് നാം ഓർക്കേണ്ടതുണ്ട്. സിഖ് മതാചാരമായ കരാ ധരിക്കുന്നതുമായി ബന്ധപ്പെട്ട സ്കോട്ട്ലാൻഡ് കോടതിയുടെ വിധിയും അപ്രകാരമുള്ളതാണ്. കെനിയയിൽ ഒരു ക്രിസ്ത്യൻ സ്കൂൾ, അവരുടെ സ്കൂളിൽ ശിരോവസ്ത്രം നിരോധിച്ചപ്പോൾ കെനിയൻ കോടതി പറഞ്ഞത് ശിരോവസ്ത്രം അനുവദിക്കുന്നത് സാംസ്കാരിക വൈവിധ്യത്തിന്റെ സ്ഥിരീകരണത്തിന്റെ ഭാഗമാണ് എന്നാണ്. വിവിധ കോടതികൾ നൽകിയ വിധികൾ സൂചിപ്പിച്ചുകൊണ്ട് മീനാക്ഷി അറോറ വാദങ്ങൾ പൂർത്തിയാക്കി.

അറോറക്ക് ശേഷം യുവ വനിതാ അഭിഭാഷക അഡ്വ. തുളസീരാജ് വാദങ്ങൾ നിരത്താൻ ശ്രമിച്ചെങ്കിലും മുതിർന്ന അഭിഭാഷകർക്ക് ശേഷം വാദങ്ങൾ സമർപ്പിക്കാമെന്ന് രണ്ടംഗ ബെഞ്ച് പ്രതികരിച്ചു. തുടർന്ന് മുതിർന്ന അഭിഭാഷകൻ ശുഐബ് ആലം വാദങ്ങൾ അവതരിപ്പിച്ചു.

**ശുഐബ് ആലം:**

*ഹിജാബ്; സ്വത്വം, അന്തസ്സ്*

എസൻഷ്യൽ റിലീജ്യസ് പ്രാക്ടീസ് എന്ന വിഷയത്തിൽ നിന്നുകൊണ്ടാണ് ശുഐബ് ആലം വാദം തുടങ്ങിയത്. ഇസ്‌ലാമിൽ എസൻഷ്യൽ റിലീജ്യസ് പ്രാക്ടീസ് ഇല്ല

എന്ന കർണാടക ഹൈക്കോടതി വിധിയിലെ പരാമർശമാണ് ഈ വിഷയം ഇത്രയധികം സംസാരിക്കേണ്ടി വരുന്നത് എന്ന് അദ്ദേഹം തുടക്കത്തിൽ സൂചിപ്പിച്ചു. ഒരു മനുഷ്യന്റെ സ്വത്വത്തെയാണ് 'ഹിജാബ്' അടയാളപ്പെടുത്തുന്നത്. അത് വ്യക്തിയുടെ അന്തസ്സുമായി ബന്ധപ്പെട്ട വിഷയമാണ്. അതിൽ സ്‌റ്റേറ്റിന് ഇടപെടാൻ കഴിയില്ല.

### മൗലികാവകാശത്തിന് സ്ഥലകാല പരിധിയില്ല

സ്കൂളുകളിൽ ശിരോവസ്ത്രം ധരിക്കാനുള്ള അവകാശം എവിടെയാണ് വ്യക്തമാക്കിയിട്ടുള്ളത് എന്നാണ് ജസ്റ്റിസ് ഗുപ്ത ഇവിടെ ചോദിച്ചത്. പുട്ടസ്വാമി സ്വകാര്യത വിധിയിൽ അതിനെക്കുറിച്ച് വ്യക്തമായ പരാമർശമുണ്ട്. 'സ്വകാര്യത ഒരു സ്ഥലവുമായി ബന്ധപ്പെട്ടതല്ല. മറിച്ച് അത് വ്യക്തിയുമായി ബന്ധപ്പെട്ടതാണ്. വ്യക്തി എവിടെയായിരുന്നാലും അയാൾക്ക് അതിനുള്ള അവകാശമുണ്ട്' എന്ന് വിധിയിൽ പറയുന്നു. ഒരു തടവുകാരന് പോലും മൗലികാവകാശമുണ്ട്. അത് ജയിൽ കവാടത്തിൽ അവസാനിക്കില്ല. ജയിലിന്റെ അകത്തളങ്ങളിലും അയാൾക്ക് ലഭിക്കും. അവകാശങ്ങൾക്ക് ചില സന്ദർഭങ്ങളിൽ സങ്കോചങ്ങൾ ഉണ്ടാവാമെന്നല്ലാതെ പൂർണമായ കീഴടങ്ങൽ ഉണ്ടാവുന്നില്ല എന്നാണ് പ്രസ്തുത വിധിയിൽ നിന്നും ഞാൻ കണ്ടെത്തിയ ആശയം.

### എഴുതപ്പെടാത്ത അവകാശങ്ങളും സംരക്ഷിക്കപ്പെടണം

പൊതുയിടങ്ങളിലെ ഉറ്റുനോട്ടങ്ങളിൽനിന്ന് സുരക്ഷിതത്വം വേണമെന്ന് തോന്നുന്നപക്ഷം വ്യക്തി തന്റെ ശരീരം എത്രത്തോളം മറയ്ക്കണമെന്ന് തീരുമാനിക്കുന്നത് വ്യക്തിപരമായ തിരഞ്ഞെടുപ്പിന്റെ കാര്യമാണ്. ഇങ്ങനെയുള്ള അവകാശങ്ങൾ ഭരണഘടനയിലോ നിയമങ്ങളിലോ എഴുതപ്പെട്ടതാണെങ്കിലും അല്ലെങ്കിലും അവ അടിസ്ഥാനപരമായ അവ



കാശങ്ങളിൽപെട്ടതാണ്. അവ തമ്മിൽ മൗലികമായ വ്യത്യാസങ്ങളില്ല. നവതേജ് ജോഹർ, പുട്ടസ്വാമി കേസുകളിൽ സുപ്രീംകോടതി ഇപ്രകാരമാണ് നിരീക്ഷിച്ചത്. എന്നാൽ എഴുതപ്പെടാത്ത അവകാശങ്ങൾ കുറഞ്ഞ അളവിൽ സംരക്ഷിക്കപ്പെട്ടാൽ മതി എന്നാണ് കർണാടക ഹൈക്കോടതി അഭി

**എഴുതപ്പെടാത്ത അവകാശങ്ങൾ കുറഞ്ഞ അളവിൽ സംരക്ഷിക്കപ്പെട്ടാൽ മതി എന്നാണ് കർണാടക ഹൈക്കോടതി അഭിപ്രായപ്പെട്ടത്. ഇത് ഗുരുതരമായ അവകാശലംഘനമാണ്. 'ഒരു വ്യക്തി പൊതുസ്ഥലത്താണെങ്കിലും അല്ലെങ്കിലും സ്വകാര്യതക്കുള്ള അവകാശം നഷ്ടപ്പെടാൻ പാടില്ല' എന്ന് പുട്ടസ്വാമി വിധിയിൽ സുപ്രീംകോടതി പരാമർശം നടത്തിയിട്ടുണ്ട്. സ്കൂൾ പൊതുസ്ഥലമാണ് എന്നതിനാൽ വ്യക്തിപരമായ സ്വകാര്യത അവകാശം ഹനിക്കാൻ സാധിക്കില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.**

പ്രായപ്പെട്ടത്. ഇത് ഗുരുതരമായ അവകാശലംഘനമാണ്. 'ഒരു വ്യക്തി പൊതുസ്ഥലത്താണെങ്കിലും അല്ലെങ്കിലും സ്വകാര്യതക്കുള്ള അവകാശം നഷ്ടപ്പെടാൻ പാടില്ല' എന്ന് പുട്ടസ്വാമി വിധിയിൽ സുപ്രീംകോടതി പരാമർശം നടത്തിയിട്ടുണ്ട്. സ്കൂൾ പൊതുസ്ഥലമാണ് എന്നതിനാൽ വ്യക്തിപരമായ സ്വകാര്യത അവകാശം ഹനിക്കാൻ സാധിക്കില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

### സെന്റ് സേവ്യേഴ്സ് വിധിയും അവകാശ നിയന്ത്രണവും

ഒരു അവകാശത്തെ മറ്റൊരു അവകാശം കൊണ്ട് കൈമാറ്റം ചെയ്യപ്പെടുന്ന വ്യവസ്ഥ നമ്മുടെ ഭരണഘടനയിലില്ല. സർക്കാർ ഉത്തരവിൽ ഏതെങ്കിലും തരത്തിലുള്ള ഭരണഘടനാലംഘനമുണ്ടെങ്കിൽ അക്കാര്യമാണ് കോടതി നോക്കേണ്ടത്. ഉത്തരവിന്റെ ഉദ്ദേശ്യത്തെ കുറിച്ചല്ല കോടതി സംസാരിക്കേണ്ടത്. 'ഭരണകൂടം നിങ്ങൾക്ക് ഒരു പ്രത്യേകാവകാശം നൽകുമ്പോൾ പോലും അതിന് പകരമായി ഭരണഘടന ഉറപ്പാക്കുന്ന മൗലികാവകാശങ്ങളിൽ നിന്നും ഒന്നുപോലും കുറക്കാൻ സാധിക്കില്ല' എന്ന് 1974 ലെ അഹമ്മദാബാദ് സെന്റ് സേവ്യേഴ്സ്

കോളേജ് ഗുജറാത്ത് വിധിയിൽ ജസ്റ്റിസ് കുര്യൻ മാത്യു പരാമർശിച്ച കാര്യം ശുഐബ് ആലം കോടതിയെ ധരിപ്പിച്ചു. അനുച്ഛേദം 30 അനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള അവകാശങ്ങൾ വിട്ടുകൊടുക്കുമെന്ന വ്യവസ്ഥയിൽ പഠനസൗകര്യങ്ങൾ തുടങ്ങിയ സഹായങ്ങൾ നൽകാമെന്ന് ഒരു ഭരണകൂടത്തിനും പറയാൻ സാധിക്കില്ല എന്നതാണ് സെന്റ് സേവ്യേഴ്സ് കേസിലെ വിധി. ഇവിടെ കുട്ടികൾ ശിരോവസ്ത്രം ധരിക്കുക എന്ന മൗലികാവകാശത്തിന്മേലുള്ള മുറവിളി ഉപേക്ഷിച്ചാൽ വിദ്യാഭ്യാസ സൗകര്യം നൽകാമെന്നാണ് കർണാടക സർക്കാർ പറയുന്നത്.

**ഓൾഗ ടെല്ലിസ് തുടങ്ങിയ കേസുകളിൽനിന്ന്**

1985ലെ ബോംബെ ചേരികൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രസിദ്ധമായ ഓൾഗ ടെല്ലിസ് കേസിലെ സുപ്രീംകോടതി വിധിയിൽ 'ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ മറ്റു ആനുകൂല്യങ്ങളുടെ പേരിൽ തട്ടിയെടുക്കാൻ ഭരണകൂടങ്ങൾക്ക് അവകാശമില്ല' എന്ന് പരാമർശിക്കുന്നുണ്ട്. 1992ലെ മോഹിനി ജെയിന്റെ കർണാടക സ്റ്റേറ്റ് കേസ്, 1993ലെ ഉണ്ണികൃഷ്ണന്റെ ആന്ധ്രപ്രദേശ് സർക്കാർ കേസ് എന്നീ കേസുകളുടെ വിധികളിൽ വിദ്യാഭ്യാസം മൗലികാവകാശമായി വിധിച്ചിട്ടുണ്ട്. പുട്ടസ്വാമി കേസിലാവട്ടെ വിദ്യാഭ്യാസത്തിന് പുറമെ, സാമൂഹിക-സാമ്പത്തിക അവകാശമായും വിദ്യാഭ്യാസത്തെ നിരീക്ഷിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിനുള്ള വ്യക്തിയുടെ അവകാശം ഒരു വശത്ത്, മറുവശത്ത് സ്വകാര്യതയ്ക്കും അന്തസ്സിനും സംസ്കാരത്തിനുമുള്ള അവകാശം. നിങ്ങൾ സ്വകാര്യതയ്ക്കുള്ള അവകാശം വിട്ടുകൊടുത്താൽ ഞാൻ നിങ്ങൾക്ക് വിദ്യാഭ്യാസം നൽകാമെന്നാണ് സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പറയുന്നത്. ഭരണഘടനാനുസൃതമായി അങ്ങനെ ചെയ്യാൻ സാധിക്കില്ലെന്ന് ഞാൻ ഊന്നിപ്പറയുന്നു.

> **ഒരു അവകാശം നൽകാൻ മറ്റൊരു അവകാശം സറണ്ടർ ചെയ്യണമെന്ന് പറയുന്നത് അചിന്തനീയമായ കാര്യമാണ്. വിദ്യാഭ്യാസത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കൽ ഭരണകൂടത്തിന്റെ നിർബന്ധ ബാധ്യതയാണെന്നാണ് അനുച്ഛേദം 21 പറയുന്നത്. 2021ൽ ഫർസാന ബതൂൽ, മുഹമ്മദ് മഹ്ദി വസീറി എന്നീ രണ്ടു മെഡിക്കൽ വിദ്യാർഥികളുടെ കാര്യത്തിൽ സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് അവർക്ക് സീറ്റ് നിഷേധിച്ചപ്പോൾ സുപ്രീം കോടതി ശക്തമായ ശാസന നൽകിയിട്ടുണ്ട്. 'പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം ഗവൺമെന്റിന്റെ ഔദാര്യമല്ല. മറിച്ച് എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസ പ്രവേശനം സുഗമമാക്കേണ്ടത് സർക്കാരിന്റെ സ്ഥിര ബാധ്യതയിൽ പെട്ടതാണ്.' ശിരോവസ്ത്രം ഉപേക്ഷിച്ചെങ്കിൽ മാത്രം വിദ്യാഭ്യാസം എന്ന സർക്കാർ ഉത്തരവ് വിദ്യാഭ്യാസത്തിന്മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുകയാണ് ചെയ്യുന്നത്. ഇത് വ്യക്തമായ ഭരണഘടനാ ലംഘനമാണ്.**

**ഒരു അവകാശത്തിന് മറ്റൊരാവകാശം സറണ്ടർ ചെയ്യണോ?**

സെന്റ് സേവ്യർസ് കോളേജ് കേസിൽ ചർച്ച ചെയ്ത 'ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥ' എന്ന ആശയത്തെ കൂടുതൽ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നു. ഒരു അവകാശം നൽകാൻ മറ്റൊരു അവകാശം സറണ്ടർ ചെയ്യണമെന്ന് പറയുന്നത് അചിന്തനീയമായ കാര്യമാണ്. സെന്റ് സേവ്യേഴ്സ് കോളേജ് വിധിയിലെ പേര 146-148 വായിക്കണമെന്ന് ഞാൻ ബെഞ്ചിനോട് അഭ്യർഥിക്കുകയാണ്. വിദ്യാഭ്യാസത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കൽ ഭരണകൂടത്തിന്റെ നിർബന്ധ ബാധ്യതയാണെന്നാണ് അനുച്ഛേദം 21 പറയുന്നത്. 2021ൽ ഫർസാന ബതൂൽ, മുഹമ്മദ് മഹ്ദി വസീറി എന്നീ രണ്ടു മെഡിക്കൽ വിദ്യാർഥികളുടെ കാര്യത്തിൽ സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് അവർക്ക് സീറ്റ് നിഷേധിച്ചപ്പോൾ സുപ്രീം കോടതി ശക്തമായ ശാസന നൽകിയിട്ടുണ്ട്. 'പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം ഗവൺമെന്റിന്റെ ഔദാര്യമല്ല. മറിച്ച് എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസ പ്രവേശനം സുഗമമാക്കേണ്ടത് സർക്കാരിന്റെ സ്ഥിര ബാധ്യതയിൽ പെട്ടതാണ്.'

**നിരോധനവും കുട്ടികളുടെ കൊഴിഞ്ഞുപോക്കും**

ശിരോവസ്ത്ര നിരോധനത്തിന്റെ പേരിൽ വിദ്യാലയങ്ങളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടോ എന്ന് ജസ്റ്റിസ് ധൂലിയ ഇവിടെ ചോദിക്കുകയുണ്ടായി. എന്റെ കൈയിലുള്ളത് മുസ്‌ലിം വിദ്യാർഥിനികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ മന്ത്രാലയം പുറത്തിറക്കിയ റിപ്പോർട്ടാണ്. അതുപോലെതന്നെ കേന്ദ്ര സർക്കാർ റിപ്പോർട്ടും ഇവിടെയുണ്ട്. മുസ്‌ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ റിപ്പോർട്ടുകൾ പറയുന്നത് വിദ്യാഭ്യാസത്തിലേക്ക് കാലൂന്നാത്ത മുസ്‌ലിം പെൺകുട്ടികൾ 61.5% ആണെന്നാണ്. ശിരോവസ്ത്രം ഉപേക്ഷിച്ചെങ്കിൽ മാത്രം വിദ്യാഭ്യാസം എന്ന സർക്കാർ ഉത്തരവ് വിദ്യാഭ്യാസത്തിന്മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുകയാണ് ചെയ്യുന്നത്. ഇത് വ്യക്തമായ ഭരണഘടനാലംഘനമാണ്. (തുടരും)

**(അടുത്ത ലക്കത്തിൽ: ശിരോവസ്ത്ര നിരോധനത്തിന് ഭൂരിപക്ഷാധിപത്യ സ്വഭാവം)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089



അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

فَٱخۡتَلَفَ ٱلۡأَحۡزَابُ مِنۢ بَيۡنِهِمۡۖ فَوَيۡلٞ لِّلَّذِينَ
ظَلَمُواْ مِنۡ عَذَابِ يَوۡمٍ أَلِيمٍ ﴿٦٥﴾
هَلۡ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأۡتِيَهُم
بَغۡتَةٗ وَهُمۡ لَا يَشۡعُرُونَ ﴿٦٦﴾
ٱلۡأَخِلَّآءُ يَوۡمَئِذِۭ بَعۡضُهُمۡ لِبَعۡضٍ عَدُوٌّ إِلَّا
ٱلۡمُتَّقِينَ ﴿٦٧﴾
يَٰعِبَادِ لَا خَوۡفٌ عَلَيۡكُمُ ٱلۡيَوۡمَ وَلَآ أَنتُمۡ
تَحۡزَنُونَ ﴿٦٨﴾
ٱلَّذِينَ ءَامَنُواْ بِـَٔايَٰتِنَا وَكَانُواْ مُسۡلِمِينَ ﴿٦٩﴾
ٱدۡخُلُواْ ٱلۡجَنَّةَ أَنتُمۡ وَأَزۡوَٰجُكُمۡ تُحۡبَرُونَ ﴿٧٠﴾
يُطَافُ عَلَيۡهِم بِصِحَافٖ مِّن ذَهَبٖ وَأَكۡوَابٖۖ
وَفِيهَا مَا تَشۡتَهِيهِ ٱلۡأَنفُسُ وَتَلَذُّ
ٱلۡأَعۡيُنُۖ وَأَنتُمۡ فِيهَا خَٰلِدُونَ ﴿٧١﴾
وَتِلۡكَ ٱلۡجَنَّةُ ٱلَّتِيٓ أُورِثۡتُمُوهَا بِمَا كُنتُمۡ
تَعۡمَلُونَ ﴿٧٢﴾

65. എന്നിട്ട് അവർക്കിടയിലുള്ള കക്ഷികൾ ഭിന്നിച്ചു. അതിനാൽ അക്രമം പ്രവർത്തിച്ചവർക്ക് വേദനയേറിയ ഒരു ദിവസത്തെ ശിക്ഷമൂലം നാശം!

66. അവർ ഓർക്കാതിരിക്കെ പെട്ടെന്ന് ആ അന്ത്യസമയം അവർക്ക് വന്നെത്തുന്നതിനെയല്ലാതെ അവർ നോക്കിയിരിക്കുന്നുണ്ടോ?

67. സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ.

68. എന്റെ ദാസൻമാരേ, ഇന്ന് നിങ്ങൾക്ക് യാതൊരു ഭയവുമില്ല. നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല.

69. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും കീഴ്പെട്ടു ജീവിക്കുന്നവരായിരിക്കുകയും ചെയ്തവരത്രെ (നിങ്ങൾ).

70. നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായിക്കൊണ്ട് സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.

71. സ്വർണത്തിന്റെ തളികകളും പാനപാത്രങ്ങളും അവർക്ക് ചുറ്റും കൊണ്ടുനടക്കപ്പെടും. മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും.

72. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾക്ക് അവകാശപ്പെടുത്തിത്തന്നിട്ടുള്ള സ്വർഗമത്രെ അത്.

65). ഈ സന്ദേശങ്ങളുമായി ഈസാനബി (അ) വന്നപ്പോൾ ഭിന്നിച്ചുപോയ (കക്ഷികൾ). സത്യത്തെ നിഷേധിക്കുവാൻ വ്യത്യസ്ത കക്ഷികളായിത്തീർന്നവർ. (അവർക്കിടയിലുള്ള) അല്ലാഹു സന്മാർഗം നൽകിയ വിശ്വാസികളൊഴികെ മറ്റെല്ലാവരും ഈസാനബി(അ)യുടെ സന്ദേശത്തെക്കുറിച്ച് അസത്യമായതാണ് പറഞ്ഞത്. വിശ്വാസികൾ അദ്ദേഹത്തിന്റെ സന്ദേശത്തിന് സാക്ഷികളാണ്. അവർ അദ്ദേഹത്തിന്റെ സന്ദേശത്തെ സത്യപ്പെടുത്തുകയും ചെയ്തു. അവർ പറഞ്ഞു: തീർച്ചയായും അദ്ദേഹം അല്ലാഹുവിന്റെ

ദൂതനും പ്രവാചകനുമാണ്. (അക്രമം പ്രവർത്തിച്ചവർക്ക് നാശം) അതായത് അക്രമികളുടെ ദുഃഖം എത്ര കഠിനമാണ്. (വേദനയേറിയ ഒരു ദിവസത്തെ ശിക്ഷ മൂലം നാശം) ആ ദിവസത്തിൽ എത്ര വലിയ നഷ്ടമായിരിക്കും അവർക്കുണ്ടാവുക!

66) തുടർന്ന് അല്ലാഹു പറയുന്നു: (അവർ നോക്കിയിരിക്കുന്നുണ്ടോ?) ഈ നിഷേധികൾ കാത്തിരിക്കുകയാണോ? അവർ കാത്തിരിക്കുന്നത് (അവർ ഓർക്കാതിരിക്കെ പെട്ടെന്ന് ആ അന്ത്യസമയം അവർക്ക് വന്നെത്തുന്നതിനെ മാത്രമാണ്). അതായത് അത് വന്നുകഴിഞ്ഞാൽ പരലോകത്തെ പരിഹസിക്കുകയും തള്ളിക്കളയുകയും ചെയ്തവരെക്കുറിച്ച് നിങ്ങൾ ചോദിക്കരുത്.

67). (സുഹൃത്തക്കൾ ആ ദിവസം) ഉയിർത്തെഴുന്നേൽപുനാളിൽ, അല്ലാഹുവോട് എതിര് ചെയ്യാനും നിഷേധിക്കാനും കളവാക്കാനും പരസ്പരം കൂട്ടുചേർന്നവർ. (അന്യോന്യം ശത്രുക്കളായിരിക്കും) കാരണം അവരുടെ സ്നേഹവും സൗഹാർദവും ഇഹലോകത്ത് അല്ലാഹു അല്ലാത്തവർക്കുവേണ്ടിയായിരുന്നു. അതിനാൽ പരലോകത്തത് ശത്രുതയായി മാറി. (സൂക്ഷ്മത പാലിക്കുന്നവരൊഴികെ) ശിർക്കും പാപവും സംഭവിക്കാതെ, അല്ലാഹുവിന് വേണ്ടിയുള്ള സ്നേഹമാണെങ്കിൽ അത് നിത്യമായും നിരന്തരമായും തുടരും.

68). പിന്നീട് സൂക്ഷ്മത പാലിക്കുന്നവർക്കുള്ള പ്രതിഫലമാണ് പറയുന്നത്. ഹൃദയത്തിന് സന്തോഷം നൽകുന്ന വിധത്തിലായിരിക്കും അവരെ ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു വിളിക്കുക. എല്ലാവിധ അപകടങ്ങളിൽനിന്നും ദുരന്തങ്ങളിൽനിന്നും അവരെ അവർക്കവൻ ഒഴിവാക്കിക്കൊടുക്കും. അവൻ അവരോട് പറയും: (എന്റ ദാസന്മാരേ, ഇന്ന് നിങ്ങൾക്ക് യാതൊരു ഭയവുമില്ല, നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല) നിങ്ങൾ ഭാവിയിൽ അഭിമുഖീകരിക്കുന്ന കാര്യങ്ങളിൽ യാതൊരു ഭയവും നിങ്ങൾക്കുണ്ടാവില്ല. കഴിഞ്ഞ് കടന്നുപോയ കാര്യങ്ങളിൽ യാതൊരു ദുഃഖവും നിങ്ങളെ ബാധിക്കുകയുമില്ല. എല്ലാ അനിഷ്ടങ്ങളും ഇല്ലാതാകുമ്പോൾ അവിടെ പിന്നെ ഇഷ്ടങ്ങൾ മാത്രമായിരിക്കും.

69). (നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരാണെന്നാണ് അല്ലാഹു അവരെ വിശേഷിപ്പിച്ചത്. ആ വിശ്വാസത്തെ അവർ സത്യപ്പെടുത്തുന്നുണ്ടെന്ന് അതിൽനിന്ന് മനസ്സിലാക്കാം. ആശയമറിയാതെയും അറിഞ്ഞതനുസരിച്ച് പ്രവർത്തിക്കാതെയും സത്യപ്പെടുത്തുന്നത് പൂർണമാവുകയില്ല. (കീഴ്പ്പെട്ട് ജീവിക്കുന്നവരായിരിക്കുകയും ചെയ്തവരത്രെ) എല്ലാ ജീവിതസാഹചര്യങ്ങളിലും അവർ അല്ലാഹുവിന് കീഴ്പ്പെട്ടുകൊണ്ട് ജീവിക്കും. ഉള്ളിലും പുറത്തുമെല്ലാം അവർ ചെയ്യേണ്ട കാര്യങ്ങളെല്ലാം അവർ ഒരുപോലെ ചെയ്യുന്നു.

70). (നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക) സ്ഥിരതാമസത്തിന്റെ ഭവനത്തിൽ. (നിങ്ങളും നിങ്ങളുടെ ഇണകളും) നിങ്ങളെപ്പോലെ പ്രവർത്തിച്ച നിങ്ങളുടെ ഉറ്റവരായ ഭാര്യയും സന്താനങ്ങളും സുഹൃത്തുക്കളുമായവരെല്ലാം. (സന്തോഷഭരിതരായി) ആദരിക്കപ്പെടുന്നവരും ആഹ്ലാദിക്കുന്നവരുമായി. നാവുകൾക്ക് വർണിക്കാനാകാത്ത ആസ്വാദനങ്ങളും സന്തോഷങ്ങളും സുഖങ്ങളും നിങ്ങളുടെ രക്ഷിതാവിന്റെ ഔദാര്യമായി നിങ്ങൾക്ക് ലഭിക്കും.

71).(സ്വർണത്തിന്റെ തളികകളും പാനപാത്രങ്ങളും അവർക്ക് ചുറ്റും കൊണ്ടുനടക്കപ്പെടും) ശാശ്വതരാക്കപ്പെട്ട സേവകരായ കുട്ടികൾ ഉന്നതമായ പാത്രങ്ങളിൽ ഭക്ഷണങ്ങളുമായി അവരെ ചുറ്റിക്കൊണ്ടിരിക്കും. സ്വർണത്തിന്റെ തളികകളായിരിക്കും അത്. അതിലുള്ള പാനീയം ഏറ്റവും ഹൃദ്യമായിരിക്കും. ആ കോപ്പകൾക്ക് ഒഴിക്കാനുള്ള വാലുകളുണ്ടാവില്ല. തെളിമയുള്ള പാത്രങ്ങൾ. സ്ഫടികങ്ങളെക്കാൾ തെളിമയാർന്ന വെള്ളികൊണ്ട്. (അവിടെ) സ്വർഗത്തിൽ. (മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായി കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും) ഇതൊരു പൊതുവായ പ്രയോഗമാണ്. ഹൃദയത്തിന് സന്തോഷകരവും കണ്ണിന് ആനന്ദകരവുമായ എല്ലാ അനുഗ്രഹങ്ങളും ഇതിൽപെടും. മനസ്സാഗ്രഹിക്കുന്ന വസ്ത്രങ്ങളും പാനീയങ്ങളും ശാരീരിക ബന്ധങ്ങളും കണ്ണിന് ആനന്ദം പകരുന്ന ഭംഗിയുള്ള കാഴ്ചകളും ഫലവൃക്ഷങ്ങളും നല്ല സുഖങ്ങളും മോടിയുള്ള സൗധങ്ങളും, ഇതെല്ലാം അവിടെ ലഭിക്കും. ഏറ്റവും ശ്രേഷ്ഠവും എല്ലാനിലയിലും സമ്പൂർണവുമായി സ്വർഗക്കാർക്കായി തയ്യാറാക്കപ്പെട്ടവയാണിവയെല്ലാം. അല്ലാഹു പറയുന്നു:

لَهُمْ فِيهَا فَٰكِهَةٌ وَلَهُم مَّا يَدَّعُونَ ﴿٥٧﴾

“അവർക്കവിടെ പഴവർഗങ്ങളുണ്ട്. അവർക്ക് തങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ട്” (36:57).

(നിങ്ങളവിടെ നിത്യവാസികളായിരിക്കും) ഇതെല്ലാം സ്വർഗവാസികൾക്കുള്ള സുഖാനുഗ്രഹങ്ങളാണ്. അതെല്ലാം നിത്യവും ശാശ്വതവുമാണ്. ആ അനുഗ്രഹങ്ങളെല്ലാം നിത്യമാണെന്നതിനോടൊപ്പം അത് വർധിച്ചുകൊണ്ടിരിക്കുകയും നിന്ന് പോകാതിരിക്കുകയും ചെയ്യും.

72). (സ്വർഗമത്രെ അത്) ഉന്നത വിശേഷണങ്ങളാൽ വിശേഷിക്കപ്പെട്ട സ്വർഗം. (നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾക്ക് അവകാശപ്പെടുത്തിത്തന്നിട്ടുള്ളത്) നിങ്ങളുടെ പ്രവർത്തനഫലമായി നിങ്ങൾക്ക് അവകാശപ്പെടുത്തിത്തന്ന അവന്റെ ഔദാര്യത്തിൽ നിന്നുള്ള പ്രതിഫലമായി അതിനെ അവൻ നിശ്ചയിച്ചു. അതിൽ അവൻ കരുണയായി പലതും സംവിധാനിച്ചു. ■

# മുൻവിധിയരുത്

ഉസ്മാൻ പാലക്കാഴി
: 9656292244

തീവണ്ടി വളരെ വേഗത്തിൽ പായുകയാണ്. പത്തുവയസ്സുകാരനായ ആ കുട്ടി ആശ്ചര്യത്തോടെ പുറത്തേക്കു നോക്കി പലതും വിളിച്ചു പറയുന്നു. അവൻ വളരെ ആവേശഭരിതനാണ്. ഇടയ്ക്കിടെ അവൻ സീറ്റിൽ നിന്ന് ചാടുന്നുണ്ട്.

തീവണ്ടിയുടെ ജനലിലൂടെ പുറത്തേക്കു കൈയിട്ട് വിരൽ ചൂണ്ടിക്കൊണ്ട് അവൻ സന്തോഷത്തോടെ വിളിച്ചു പറഞ്ഞു:

“ബാബാ, നോക്കൂ ബാബാ! മരങ്ങളും വീടുകളും നമ്മുടെ പിന്നിലേക്ക് ഓടിപ്പോകുന്നു...!”

അവന്റെ ഉപ്പയും ഉമ്മയും അതുകേട്ട് ചിരിച്ചു. അവരുടെ മുഖത്തും വല്ലാത്ത സന്തോഷം പ്രകടമാണ്.

എതിർ സീറ്റിൽ ഇരിക്കുകയായിരുന്ന മധ്യവയസ്കരായ ദമ്പതികൾ ഇതിൽ അസ്വസ്ഥത പ്രകടിപ്പിച്ചു. പത്തുവയസ്സുകാരന്റെ ബാലിശമായ പെരുമാറ്റം അവർക്ക് ഇഷ്ടപ്പെടാത്ത പോലെ.

പെട്ടെന്ന് അവൻ വീണ്ടും ഉറക്കെ വിളിച്ചു പറഞ്ഞു:

“ബാബാ, നോക്കൂ... മേഘങ്ങൾ ഓടുന്നു! മേഘങ്ങൾ നമ്മോടൊപ്പം ഓടുന്നു...ആഹാ...എന്തു രസം!”

എതിർ സീറ്റിലിരിക്കുന്ന സ്ത്രീക്ക് സഹിക്കാൻ കഴിയുന്നില്ല. അവൾ ഭർത്താവിന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. അതുകേട്ട് അയാൾ തലയാട്ടി. അവൾ കുട്ടിയുടെ ഉപ്പയോട് പറഞ്ഞു:

“ഇവനെന്താ ആദ്യമായി വാഹനത്തിൽ കയറുകയാണോ? കണ്ടാൽ എട്ടുപത്ത് വയസ്സായതായിതോന്നും. എന്നിട്ടും കൊച്ചുകുട്ടിയെ പോലെ പെരുമാറുന്നു. മറ്റുള്ളവർക്ക് ശല്യമുണ്ടാക്കാതെ യാത്രചെയ്യാൻ ശീലിപ്പിച്ചുകൂടേ? ഇനി വല്ല അസുഖവുമാണെങ്കിൽ ഇവനെ ഒരു നല്ല ഡോക്ടറെ കാണിച്ചുകൂടേ...?”


അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു: “അതെ, ഞങ്ങൾ അവനെ ഡോക്ടറെ കാണിച്ചിട്ടുണ്ട്. ഞങ്ങൾ ഇപ്പോൾ ആശുപത്രിയിൽനിന്നും മടങ്ങുകയാണ്. അവിടെ ഞങ്ങളുടെ എന്റെ ഈ മകൻ കുറെ ദിവസങ്ങളായി അഡ്മിറ്റായിരുന്നു. ഞങ്ങൾക്ക് ആകെയുള്ള കുട്ടിയാണ് ഇവൻ. ഇവൻ ജന്മനാ രണ്ടു കണ്ണുകളും കാണാത്തവനായിരുന്നു. ഓപ്പറേഷനിലൂടെ അവന് കാഴ്ച ലഭിച്ചിട്ട് പത്തു ദിവസമേ ആയിട്ടുള്ളൂ...” ഇത് പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

ഇതു കേട്ടപ്പോൾ ആ സ്ത്രീയുടെ തല താഴ്ന്നു. അവൻ ലോകം കാണാൻ തുടങ്ങിയിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ. അതുകൊണ്ട് അവന്റെ ആവേശവും ആകാംക്ഷയും ചെറുതല്ല. അതിനാലാണ് അവൻ പരിസരം മറന്ന് സന്തോഷത്തോടെ ഓരോന്ന് വിളിച്ചു പറയുന്നത്.

കുട്ടികളേ, ഓരോരുത്തരുടെയും അവസ്ഥകൾ നമുക്കറിയില്ല. അതിനാൽ നമുക്ക് അനാവശ്യമായി ആളുകളെ വിധിക്കാതിരിക്കാൻ ശ്രമിക്കാം. നമ്മൾ മര്യാദയുള്ളവരായിരിക്കണം. അനാവശ്യമായി അഭിപ്രായം പറയരുത്.

നമ്മുടെ നബി(സ്വ) പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ല വാക്ക് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.”

ആരെയെങ്കിലും അറിയുന്നതിന് മുമ്പ് ഒന്നും പറയാതിരിക്കാൻ ശ്രമിക്കാം. മുൻവിധിയോടെ ഒന്നും പറയരുത്. അത് പലപ്പോഴും മറ്റുള്ളവരുടെ മനസ്സിനെ വേദനിപ്പിക്കും.



മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

**കോപികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

**വില: ₹280+₹360+₹420=₹1060**

**ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്: ₹860**

**മൂന്ന് വാല്യങ്ങൾ**




# വഹാബി നവോത്ഥാനം

## വിമർശകരും വസ്തുതകളും

**ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
10 DECEMBER 2022

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

300ൽ അധികം ലക്കങ്ങൾ പിന്നിട്ട്,
ഏഴാം
വയസ്സിലേക്ക്...

7



ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം
വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

പ്രചാരണ മാസം
2022 നവംബർ: 10 - ഡിസംബർ: 10

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com